# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)

SUCI [C]

സംസ്ഥാന കമ്മിറ്റി മുഖപത്രം

2019 ഒക്ടോബർ | വാല്യം 46 ലക്കം 7 | ചീഫ് എഡിറ്റർ : വി.വേണുഗോപാൽ | പേജ് 12 | വില 5.00 രൂപ


# അഞ്ച് ട്രില്യൺ ഡോളർ സമ്പദ്‌വ്യവസ്ഥ വെറും മിഥ്യ

**ജൂലൈയിൽ നടന്ന ബജറ്റ് അവതരണസമ്മേളനത്തിനിടയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞത്, രാജ്യത്തിന്റെ 2.8 ട്രില്യൺ ഡോളറിന്റെ നിലവിലെ സമ്പദ്‌വ്യവസ്ഥയെ, 2024ഓടെ അഞ്ച് ട്രില്യൺ ഡോളറിന്റെ തലത്തിലെത്തിക്കാൻ തന്റെ സർക്കാർ മാർഗരേഖ തയ്യാറാക്കിയിട്ടുണ്ടെന്നാണ്. ഒരു ട്രില്യൺ എന്നാൽ ഒരു ലക്ഷം കോടി. കഴിഞ്ഞ ഓഗസ്റ്റ് 15ന് 73-ാമത് സ്വാതന്ത്ര്യദിനത്തിൽ നരേന്ദ്ര മോദി ഇതേ പ്രസംഗം ആവർത്തിച്ചു.**



കേക്കിന്റെ വലുപ്പം പ്രധാനമാണ്. കേക്കിന് വലിപ്പം കൂടുന്തോറും, കൂടുതൽ വലിയ കഷണങ്ങൾ ആളുകൾക്ക് ലഭിക്കും. അതിനാൽ ഇന്ത്യയെ 5 ട്രില്യൺ ഡോളർ സമ്പദ്‌വ്യവസ്ഥയാക്കാനാണ് ഞങ്ങൾ ലക്ഷ്യമിട്ടിരിക്കുന്നത്. സമ്പദ്‌വ്യവസ്ഥയുടെ വലുപ്പം കൂടുമ്പോൾ, അത് രാജ്യത്തിന് കൂടിയ അളവിൽ അഭിവൃദ്ധി കൊണ്ടുവരും, അദ്ദേഹം പറഞ്ഞു. ലക്ഷ്യമിട്ട ഈ അഭിലാഷത്തെ വിമർശിച്ചവർ പ്രൊഫഷണൽ അശുഭാപ്തിവിശ്വാസികളും, സാധാരണക്കാരിൽനിന്ന് അകന്നുപോയവരും ആണെന്നുപറയാനും പ്രധാനമന്ത്രി അമാന്തിച്ചില്ല. ഇപ്പോൾ അദ്ദേഹത്തിന്റെ അവകാശവാദത്തിന് മൂന്ന് വശങ്ങളുണ്ട്. ഒന്നാമതായി, പാഠപുസ്തക മാനദണ്ഡങ്ങൾ വച്ചു നോക്കിയാലും രാജ്യത്തെ മുതലാളിത്ത സമ്പദ്‌വ്യവസ്ഥയുടെ നിലവിലെ പ്രകടനത്തിന് കൈവരിക്കാവുന്ന ലക്ഷ്യമാണോ ഇത്? രണ്ടാമതായി, മുതലാളിത്തത്തിൽ കേക്കിന്റെ വലുപ്പം എന്നത് ആളുകളെ സംബന്ധിച്ച് വലിയ പ്രാധാന്യമുള്ള വസ്തുതയാണോ? അവസാനമായി, കേക്കിന്റെ വലുപ്പമാണോ അതോ കേക്ക് വിതരണം ചെയ്യുന്ന രീതിയാണോ സാമ്പത്തിക വളർച്ച എന്ന പദം യഥാർത്ഥത്തിൽ അർത്ഥമാക്കുന്നത്?

### ജിഡിപി വളർച്ചാനിരക്ക് കണക്കാക്കുന്നതിലുള്ള വിവാദം

ആദ്യത്തെ വിഷയത്തിൽ നമുക്ക് ആരംഭിക്കാം. എന്താണ് സാമ്പത്തിക വളർച്ച?

ജിഡിപി അഥവാ മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ വർദ്ധനവ് എന്നാണ് ഇതിനർത്ഥം. ജിഡിപി എന്നാൽ, ഒരു രാജ്യത്തിനുള്ളിൽ നിർമ്മിക്കുന്ന എല്ലാ ചരക്കുകളുടെയും സേവനങ്ങളുടെയും അളവ് എന്നാണ് അതിന്റെ പരമ്പരാഗത അർത്ഥത്തിൽ നിർവചിച്ചിരിക്കുന്നത്. പക്ഷേ ഇങ്ങനെ ലളിതവൽക്കരിച്ച ഒരു പ്രസ്താവന വഴിതെറ്റിക്കുന്നതാണെന്ന് മുതലാളിത്ത സാമ്പത്തികവിദഗ്ദ്ധർപോലും സമ്മതിക്കും. ജിഡിപിയെന്നത് വാസ്തവത്തിൽ സമ്പദ്ഘടനയിലെ ഒരു കൈയിൽനിന്നും മറ്റൊരു കൈയിലേക്കുള്ള പണത്തിന്റെ ചലനമാണെന്ന് (അതായത്, സാമ്പത്തിക പ്രവർത്തനം) അവർ ചൂണ്ടിക്കാട്ടും. അതുകൊണ്ട് അത് വലുപ്പം എന്നതിലുപരി അളവ് എന്ന നിലയിൽ കാണണം. 2024 ഓടെ അഞ്ച് ട്രില്യൺ ഡോളറിന്റെ സമ്പദ്ഘടനയായി മാറണമെങ്കിൽ, ഡോളർ കണക്കിൽ വർഷം 12 ശതമാനംവെച്ച് ഏകദേശ ജിഡിപി വളർച്ച ഉണ്ടാകേണ്ടതുണ്ട്. ഇതാണ് ശ്രദ്ധിക്കേണ്ട കാര്യം. 'ഏകദേശ ജിഡിപി' (Nominal GDP) എന്നത്, ഒരു രാജ്യത്ത് ഉത്പാദിപ്പിക്കുന്ന എല്ലാ ചരക്കുകളുടെയും സേവനങ്ങളുടെയും ആകെ മൂല്യം നിലവിലെ കമ്പോളവിലയിൽ കണക്കാക്കുന്നതാണ്. അതേസമയം 'യഥാർത്ഥ

*(ശേഷം 2-ാം പേജിൽ)*

## ഗ്ലോബൽ ക്ലൈമറ്റ് സ്‌ട്രൈക്ക്

## കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയുടെ ആഭിമുഖ്യത്തിൽ

# സംസ്ഥാന ബഹുജന കൺവൻഷൻ

കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി, ആഗോള കാലാവസ്ഥ സമരത്തിന്റെ ഭാഗമായി സെപ്തംബർ 28ന് തൊടുപുഴയിൽ ബഹുജന കൺവൻഷൻ സംഘടിപ്പിച്ചു. പ്രശസ്ത പ്രകൃതി ശാസ്ത്രജ്ഞനും ഗാഡ്ഗിൽ കമ്മിറ്റി അംഗവുമായ ഡോ.വി.എസ്.വിജയൻ ഉദ്ഘാടനം ചെയ്തു. പശ്ചിമഘട്ട മലനിരകൾ മരണമുഖത്താണിപ്പോൾ നിലനിൽക്കുന്നതെന്നും പശ്ചിമഘട്ടം ഇല്ലെങ്കിൽ കേരളംതന്നെ അപ്രത്യക്ഷമാകുമെന്നും ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് അവഗണിച്ച് പാറമടകൾ നടത്താൻ അനുമതി കൊടുക്കുന്നതിലൂടെ കേരളത്തിലെ പ്രളയ ദുരന്തങ്ങളിൽ സാധാരണക്കാരായ അസംഖ്യം ആളുകളാണ് മരിക്കുന്നതെന്നും എന്നാൽ അതിൽ പാറമടക്കാരായ ആരും മരിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധിക്കേണ്ടതാണെന്നും അദ്ദേഹം പറഞ്ഞു. ജനകീയ പ്രതിരോധ സമിതി സംസ്ഥാന പ്രസിഡന്റ് പ്രൊഫസർ കെ.അരവിന്ദാക്ഷൻ അദ്ധ്യക്ഷത വഹിച്ചു.




**ഡോ.വി.എസ്.വിജയൻ കൺവൻഷൻ ഉദ്ഘാടനം ചെയ്യുന്നു. വിനോദ് കുമാർ, ജോർജ്ജ് മാത്യു കൊടുമൺ, ടി.കെ.സുധീർകുമാർ, എ.എൻസോമദാസ്, എം.ഷാജർഖാൻ, പ്രൊഫ.കെ. അരവിന്ദാക്ഷൻ, ഡോ.ഡി.സുരേന്ദ്രനാഥ്, എസ്.രാജീവൻ, എൻ.യു.ജോൺ എന്നിവർ വേദിയിൽ**

ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെതിരെയുള്ള നുണപ്രചരണങ്ങൾക്ക് പിന്നിൽ പാറമട ലോബിയാണെന്ന് കൺവൻഷനിൽ പ്രസംഗിച്ച ഡോ.ഡി.സുരേന്ദ്രനാഥ് അഭിപ്രായപ്പെട്ടു.

കേരളത്തിലെ പാരിസ്ഥിതിക ഘടനയും പശ്ചിമഘട്ട മലനിരകളും അവിടങ്ങളിലെ മനുഷ്യരുടെ ആവാസവ്യവസ്ഥയും തകിടം മറിക്കുന്നതിൽ പ്രതിസ്ഥാനത്ത് സമാന്തര അധികാര സ്ഥാപനം പോലെ പ്രവർത്തിക്കുന്ന ഖനന മാഫിയയാണെന്നും അവർക്ക് കൂട്ടുനിൽക്കുന്ന സംസ്ഥാന സർക്കാരാണ് ദുരന്തങ്ങൾക്ക് ഉത്തരം പറയേണ്ടതെന്നും കൺവൻഷൻ അംഗീകരിച്ച പ്രമേയത്തിൽ പറയുന്നു. പ്രകൃതി ദുരന്തങ്ങളിൽ സർവ്വതും നഷ്ടപ്പെട്ടവരെ ഉടനടി പുനഃരധിവസിപ്പിക്കണമെന്നും പ്രമേയം സർക്കാരിനോട് ആവശ്യപ്പെട്ടു. സമഗ്രവും ശാസ്ത്രീയവുമായി സമർപ്പിക്കപ്പെട്ട മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് പൂർണ്ണ രൂപത്തിൽ നടപ്പിലാക്കണമെന്നും കൺവൻഷൻ ആവശ്യപ്പെട്ടു.

ആഗോള കാലാവസ്ഥാ സമരത്തിന്റെ ഭാഗമായി അൽ അസ്ഹർ കോളേജിലെ വിദ്യാർഥികളുടെ നേതൃത്വത്തിൽ പ്രതിജ്ഞയെടുത്തു. അനന്തു അനിൽ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. പ്രതിരോധ സമിതി ജനറൽ സെക്രട്ടറി എം.ഷാജർഖാൻ, പ്രൊഫ.ജോയ് മൈക്കിൾ, ജോർജ്ജ് മാത്യു കൊടുമൺ, എസ്.രാജീവൻ, എ.എൻ. സോമദാസ്, ടി.കെ.സുധീർകുമാർ, എൻ.യു.ജോൺ, വിനോദ് കുമാർ, രാജു കൊന്നനാൽ എന്നിവർ പ്രസംഗിച്ചു. ■


പേജ് 5 'കാശ്മീർ: പ്രശ്നവും പരിഹാരവും' സെമിനാർ

പേജ് 6 വിജ്ഞാന ശാസ്ത്രം, വൈരുദ്ധ്യാത്മക ഭൗതികവാദം, വിപ്ലവ ജീവിതം എന്നിവയെപ്പറ്റി

പേജ് 10 ക്യാമ്പസുകളെ ജനാധിപത്യവൽക്കരിക്കാൻ എഐഡിഎസ്ഒയുടെ പോരാട്ടം

പേജ് 11 ഇലക്ട്രിസിറ്റി വർക്കേഴ്സ് യൂണിയൻ സമ്മേളനങ്ങൾ

അഞ്ച് ട്രില്യൺ ഡോളർ സമ്പദ്‌വ്യവസ്ഥ വെറും മിഥ്യ

# അവാസ്തവികമായ ജിഡിപി കണക്കുകളെ സാമ്പത്തിക ശാസ്ത്രജ്ഞർ ചോദ്യംചെയ്യുന്നു

*(1-ാം പേജിൽ നിന്ന്)*

ജിഡിപി'(Real GDP) എന്നത് പണപ്പെരുപ്പവും പണച്ചുരുക്കവും കണക്കിലെടുത്തുള്ള ആകെ സാമ്പത്തികഫലത്തിന്റെ അളവാണ്.

യഥാർത്ഥ ജിഡിപി കണക്കിലെടുക്കുന്നില്ലെങ്കിൽ ഒരു രാജ്യം കൂടുതൽ ഉത്പാദിപ്പിക്കുന്നതായി തോന്നും. പക്ഷേ, വസ്തുതയെന്തെന്നാൽ വിലകളാണ്, ഉത്പാദനത്തിന്റെ വ്യാപ്തിയല്ല വർധിച്ചിട്ടുള്ളത്. ഒരു രാജ്യം ജിഡിപി വളർച്ചയുടെ തരം വ്യക്തമാക്കാത്തപ്പോൾ, അത് ഏകദേശ ജിഡിപിയാകാൻ സാധ്യതയുണ്ട്. ഏകദേശ ജിഡിപിയിൽ വിലയും വളർച്ചയും ഉൾപ്പെടുന്നു, അതേസമയം യഥാർത്ഥ ജിഡിപിയെന്നത് തികച്ചും വളർച്ചയാണ്. അടിസ്ഥാന വർഷത്തിൽനിന്നും വിലയ്ക്ക് മാറ്റം ഒന്നും ഉണ്ടാകുന്നില്ലെങ്കിൽ അത് ഏകദേശ ജിഡിപിയായിരിക്കും. തത്ഫലമായി ഏകദേശ ജിഡിപി എപ്പോഴും ഉയർന്നുനിൽക്കും. 2019 ജനുവരി മുതൽ മാർച്ച് വരെയുള്ള ജിഡിപി വളർച്ച 5.8 ശതമാനമായി കുറഞ്ഞു. 2019 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലയളവിൽ സാമ്പത്തിക പ്രവർത്തനങ്ങളുടെ കുറഞ്ഞ വേഗത നോക്കിയാൽ ജിഡിപി വളർച്ച ഈ കാലയളവിൽ കൂടുതൽ മന്ദഗതിയിലാകുമായിരുന്നുവെന്ന് പറയേണ്ടതാണ്. മാത്രമല്ല, ഇന്ത്യയുടെ ഏകദേശ ഡോളർ ജിഡിപി വളർച്ചാ നിരക്ക് 2017ൽ 15.8 ശതമാനത്തിൽ നിന്ന് 2018 ൽ 2.4 ശതമാനമായി കുറഞ്ഞു. എന്തുകൊണ്ടാണ് അങ്ങനെ? കാരണം ഇന്ത്യയിലെ സാമ്പത്തികപ്രവർത്തനം മന്ദഗതിയിലാകുന്നു. ജിഡിപിയെ പണപ്പെരുപ്പവുമായി ബന്ധപ്പെടുത്തുകയാണെങ്കിൽ വളർച്ചയിലെ ഇടിവ് ഇതിലും കൂടുതലായിരിക്കും. കണക്കുകൾ ലഭ്യമായ അവസാന പാദത്തിൽ, ഇന്ത്യ 5.8% യഥാർത്ഥ വളർച്ച നേടി. 2019 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലയളവിലെ സാമ്പത്തിക പ്രവർത്തനങ്ങൾ നോക്കുമ്പോൾ, ജിഡിപി വളർച്ച ഈ കാലയളവിൽ ഇതിലും മന്ദഗതിയിലായിരിക്കും എന്ന് നമുക്ക് ഉറപ്പിച്ചുപറയാം.

മോദി സർക്കാരിന്റെ മുൻ മുഖ്യസാമ്പത്തിക ഉപദേഷ്ടാവ് ഉൾപ്പെടെയുള്ള ഉന്നത സാമ്പത്തിക വിദഗ്ധർ പോലും ഡാറ്റയിൽ പിഴവുണ്ടെന്നും ഇന്ത്യയുടെ വളർച്ച അതിനേക്കാൾ കുറച്ചുകൂടി കുറവാകാമെന്നും ചൂണ്ടിക്കാട്ടി.

എന്തുകൊണ്ടാണ് അവർ അങ്ങനെ പറയുന്നത്? കാരണം, മോദി സർക്കാർ കൊണ്ടുവന്ന കുറച്ചധികം മാറ്റങ്ങൾക്കു ശേഷം, ജിഡിപി കണക്കാക്കുന്ന രീതിതന്നെ കഴിഞ്ഞ 4-5 വർഷമായി വിവാദത്തിലാണ്. ഭരണാധികാരികൾ മുന്നോട്ടുവച്ച, ലഭ്യമായ എല്ലാ വസ്തുതകളും യുക്തിസഹമായ വീഴ്ചകളും കണക്കിലെടുത്തുകൊണ്ട്, 2015 ഓഗസ്റ്റ് 1 ലക്കം *പ്രോലിറ്റേറിയൻ ഇറയിൽ*, ഒരു വസ്തുത ഞങ്ങൾ ചൂണ്ടിക്കാണിച്ചു. കെട്ടിച്ചമച്ച സിദ്ധാന്തങ്ങളും സ്ഥിതിവിവരക്കണക്കുകളും ഉപയോഗിക്കുന്നതിലൂടെ, എങ്ങനെയെങ്കിലും ജിഡിപി കണക്കുകൾ ഊതിപ്പെരുപ്പിക്കാൻ നിയുക്തരായ 'വളച്ചൊടിക്കൽ സംഘം', 2013-14-ൽ പഴയ രീതി അനുസരിച്ച് 4.7 ശതമാനമായി കണക്കാക്കുന്ന ജിഡിപി 6.9 ശതമാനം വളർച്ച കൈവരിച്ചതായി ചിത്രീകരിച്ചു. 2014-15 സാമ്പത്തികവർഷത്തിൽ സമ്പദ്‌വ്യവസ്ഥ 7.4 ശതമാനം വളർച്ച കൈവരിച്ചതായും ഇത് സമ്പദ്‌വ്യവസ്ഥയുടെ വഴിത്തിരിവിനെ സൂചിപ്പിക്കുന്നതായും സ്ഥാപിച്ചു.

കൂടാതെ, മൊത്തവിലയെ അടിസ്ഥാനമാക്കി കണക്കാക്കിയിരുന്ന ജിഡിപി, ഇപ്പോൾ ഉപഭോക്താക്കൾ നൽകുന്ന കമ്പോള വിലകളെ അടിസ്ഥാനമാക്കിയാണ് കണക്കാക്കുന്നത്. തുടർന്നുള്ള സംഭവവികാസങ്ങൾ ഞങ്ങളുടെ വിശകലനം ശരിയാണെന്ന് തെളിയിച്ചു. രാജ്യത്തിന്റെ സാമ്പത്തികനയങ്ങൾ നിർണ്ണയിക്കുന്നതിൽ കഴിഞ്ഞ ദിവസം വരെ പ്രധാന പദവികൾ വഹിച്ചിരുന്ന സാമ്പത്തിക വിദഗ്ദ്ധർ പോലും, ജിഡിപി കണക്കുകൂട്ടുന്ന രീതിയിൽവന്ന മാറ്റങ്ങൾമൂലം, വളർച്ചാ നിരക്ക് പ്രതിവർഷം ഏകദേശം 2.5% വരെ കൂടുതലായി കണക്കാക്കുന്നുവെന്ന് സംശയം പ്രകടിപ്പിച്ചു. ഔദ്യോഗിക കണക്കുകൾപ്രകാരം ഇത് 7% ആണെങ്കിലും, 'യഥാർത്ഥ വളർച്ച' 4.5% എന്നതിൽ കിടന്ന് ഇഴയുന്നതായി സങ്കൽപ്പിക്കുന്നു. അതിനാൽ, ഇന്ത്യയുടെ സാമ്പത്തിക വളർച്ചാ കണക്കുകളുടെ വിശ്വാസ്യതയെക്കുറിച്ച് വ്യക്തമായ ആശങ്കകൾക്ക് വീണ്ടും തിരികൊളുത്തപ്പെട്ടിരിക്കുന്നു. വിവരശേഖരണം സംബന്ധിച്ച് സർക്കാർ ചോദ്യം ചെയ്യപ്പെടുന്നത് ഇതാദ്യമല്ല. സ്ഥിതിവിവരക്കണക്ക് മന്ത്രാലയം നടത്തിയ പഠനത്തിൽ, 2016 ജൂണിൽ അവസാനിച്ച സാമ്പത്തികവർഷത്തിൽ, ഇന്ത്യയുടെ ജിഡിപി കണക്കാക്കാൻ ഉപയോഗിച്ച ഡാറ്റാബേസിൽ ഉൾപ്പെട്ട 36% കമ്പനികൾ കണ്ടെത്താനാകാത്തതോ, അല്ലെങ്കിൽ തെറ്റായി വർഗ്ഗീകരിക്കപ്പെട്ടതോ ആണ്. തങ്ങൾ വിവരങ്ങൾ ശേഖരിക്കുന്നതിലും ഉപയോഗിക്കുന്നതിലും പോരായ്മകളുണ്ടെന്ന് സർക്കാർതന്നെ സമ്മതിച്ചിട്ടുണ്ട്.

> **2003നും 2017നും ഇടയിൽ, 50 ലക്ഷം കോടി രൂപയുടെ നികുതി ഇളവുകളും സൗജന്യങ്ങളുമാണ് വ്യവസായികൾക്കും കോർപ്പറേറ്റുകൾക്കും അനുവദിച്ചത്. ഓരോ മണിക്കൂറിലും സർക്കാർ 7 കോടി രൂപ കോർപ്പറേറ്റ് നികുതി എഴുതിത്തള്ളുന്നു. എന്നിട്ടും, വ്യവസായ ലോബികൾ കൂടുതൽ സാമ്പത്തിക പാക്കേജുകൾ ആവശ്യപ്പെടുന്നു. എന്നാൽ, ദരിദ്രർക്ക്, അധ്വാനിക്കുന്നവർക്ക് എന്തെങ്കിലും ആശ്വാസം നൽകാമോയെന്നു ചോദിച്ചാൽ, ഫണ്ട് ക്ഷാമത്തെ കുറിച്ചുള്ള മുറവിളി ഒരു സ്ഥിരം പല്ലവിയായി ഉയർന്നു വരും.**

### സമ്പദ്ഘടനയുടെ വളർച്ചയെ നിർണയിക്കുന്ന മറ്റ് ഘടകങ്ങൾ

2024-25 ഓടെ ഇന്ത്യയെ 5 ട്രില്യൺ ഡോളർ സമ്പദ്‌വ്യവസ്ഥയാക്കാനുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ കാഴ്ചപ്പാടിനെ രൂപരേഖയാക്കിക്കൊണ്ട്, സർക്കാരിന്റെ ഇപ്പോഴത്തെ മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ് കൃഷ്ണമൂർത്തി സുബ്രഹ്മണ്യൻ, 2019-ലെ സാമ്പത്തിക സർവ്വേയുടെ അവതരണ വേളയിൽ, ഇന്ത്യക്ക് ലാഭം, നിക്ഷേപം, കയറ്റുമതി എന്നിവയുടെ ഒരു വിശുദ്ധമായ ആവൃത്തിയിലൂടെ എട്ട് ശതമാനം യഥാർത്ഥ ജിഡിപി വളർച്ച നിലനിർത്തേണ്ടത് ആവശ്യമാണെന്ന് പറഞ്ഞിരുന്നു. സ്വകാര്യ ഉപഭോഗ ച്ചെലവ്, നിക്ഷേപം, സർക്കാർ ചെലവ്, അറ്റ കയറ്റുമതി (കയറ്റുമതിയിൽനിന്നും ഇറക്കുമതി കുറക്കുന്നത്) എന്നിവയുടെ ആകെത്തുകയെന്നതാണ് ജിഡിപി കണക്കാക്കുന്നതിനുള്ള ക്ലാസിക്കൽ ഫോർമുല.

### നിക്ഷേപസാഹചര്യം

എന്താണ് നിക്ഷേപസാഹചര്യം? നിക്ഷേപത്തെക്കുറിച്ച് പറയുമ്പോൾ നമ്മൾ അർത്ഥമാക്കുന്നത്, വ്യവസായ ഉത്പന്നങ്ങളുടെയും അവശ്യ ഉപഭോഗ വസ്തുക്കളുടെയും വർധിക്കുന്ന ആവശ്യകതയെ നേരിടാൻ ആവശ്യമായ ഉത്പാദനക്ഷമമായ നിക്ഷേപം എന്നാണ്. എല്ലാ മാധ്യമറിപ്പോർട്ടുകളും പഠനങ്ങളും വ്യക്തമായും വെളിവാക്കുന്നത് ഉത്പാദനപരമായ നിക്ഷേപം ശൂന്യമായിട്ടില്ലെങ്കിൽകൂടി, ചരിത്രപരമായി ഏറ്റവും താഴ്ന്ന നിലയിലാണെന്നാണ്.

രാജ്യത്ത് 6.8 ലക്ഷം സ്ഥാപനങ്ങൾ അടഞ്ഞതായി 2019 ജൂലൈ 1ന് സർക്കാർ പാർലമെന്റിൽ പ്രസ്താവിച്ചിരുന്നു. ഇത് രജിസ്റ്റർ ചെയ്ത മൊത്തം കമ്പനികളുടെ 36.07% ആണ്. അടിസ്ഥാന വർഷവും സമാഹരണ രീതിയും മാറ്റിയിട്ടും, വ്യാവസായിക ഉൽപാദന സൂചിക(IIP) തുടർച്ചയായി കുറയുന്നു. കഴിഞ്ഞ മെയ് മാസത്തിലെ ഔദ്യോഗിക വിവരം പ്രകാരം, എല്ലാ മേഖലകളിലെയും, പ്രത്യേകിച്ചും ഉപഭോക്തൃ ഉത്പന്ന മേഖലയിലെ മാന്ദ്യത്തെത്തുടർന്ന്, ഇത് 3.1 ശതമാനമായി കുറഞ്ഞു. ജൂണിൽ ഇത് 2 ശതമാനമായി കുറഞ്ഞു. നാലുവർഷം മുമ്പ്, ജിഡിപിയുടെ 8.3 ശതമാനം വിലമതിക്കുന്ന പദ്ധതികൾ നിശ്ചലമായതായി 2015ലെ സാമ്പത്തിക സർവ്വേ അംഗീകരിക്കുന്നു. അതായത് വിപണിയില്ലാത്തതിനാൽ നിക്ഷേപം തടഞ്ഞുവെച്ചിരിക്കുന്നു. ഈ പദ്ധതികളിലേതെങ്കിലും ഇന്ന് വെളിച്ചം കണ്ടിട്ടുണ്ടോയെന്ന്, അതിനുശേഷം ഉണ്ടായ അഞ്ച് ബജറ്റുകളിലും (2019 ഫെബ്രുവരിയിലെ ഇടക്കാല ബജറ്റ് ഉൾപ്പെടെ) പ്രധാനമന്ത്രിയോ ധനമന്ത്രിയോ ഇതുവരെയും അറിയിച്ചിട്ടില്ല.

നേരെമറിച്ച്, മാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ച വിശകലനങ്ങൾ പറയുന്നതോ-ഇന്ത്യയിലെ ഭൂരിഭാഗം ജനങ്ങളും പാപ്പരായി തുടരുന്നതിലൂടെ അവരുടെ വാങ്ങൽശേഷി കുറയുന്നതുമൂലം, വേണ്ടത്ര ആവശ്യകതയുണ്ടാകാത്തത് സ്വകാര്യ നിക്ഷേപത്തെ ചുരുക്കുകയാണ്. അതിനാൽ വ്യാവസായിക ഉത്പന്നങ്ങൾക്ക് ഫലത്തിൽ വിപണിയില്ല. കൂടാതെ, ബാങ്ക് പലിശനിരക്കുകൾ പലതവണ കുറച്ചിട്ടും, വ്യവസായമേഖല ബാങ്കുകളിൽനിന്നും പുതിയ വായ്പയെടുക്കൽ നടത്തുന്നില്ല. കഴിഞ്ഞ ഓഗസ്റ്റ് 18 ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ചെയർമാൻ പറഞ്ഞത്, വായ്പ ആവശ്യകത (ബാങ്ക് വായ്പകൾ എടുക്കുന്നതിന്റെ അളവ്) കുറഞ്ഞുതന്നെ തുടരുകയാണെന്നാണ്. ഇന്ത്യയിലെ ആഭ്യന്തര സ്വകാര്യ നിക്ഷേപകർ 2011-12 മുതൽതന്നെ ഭീതിയിലാണ് എന്നും മാധ്യമറിപ്പോർട്ടുകൾ വെളിപ്പെടുത്തുന്നു. കാരണം ഇന്ത്യയിലെ ഉപഭോക്തൃ ആവശ്യകത ബഹുജനകേന്ദ്രീകൃതമല്ല. ചെലവിന്റെ സിംഹഭാഗവും സമ്പന്നരുടെ ഒരു ചെറിയ വിഭാഗത്തിൽ നിന്നാണ്. അതിനാൽതന്നെ വ്യാപ്തിയുള്ള സമ്പദ്‌വ്യവസ്ഥയിൽനിന്ന് നേട്ടമുണ്ടാക്കാൻ ആഗ്രഹിക്കുന്ന വ്യവസായങ്ങൾക്ക് പ്രയോജനകരവുമല്ല. അതിനാൽ, ഏറെ കൊട്ടിഘോഷിച്ച 'മെയ്ക്ക് ഇൻ ഇന്ത്യ' മുദ്രാവാക്യത്തെക്കുറിച്ച് സർക്കാർ മനഃപൂർവ്വമായ നിശബ്ദത പാലിക്കുന്നു. ഈ പദ്ധതി ഒരു വൻപരാജയമാണെന്ന വസ്തുതക്ക് വിശ്വാസ്യത നൽകാൻ ഇത് പ്രേരിപ്പിക്കുന്നു. മാന്ദ്യവും നഷ്ടവും ചൂണ്ടിക്കാണിക്കുന്ന വ്യാവസായിക സ്ഥാപനങ്ങളുടെ നിഷ്ക്രിയ ആസ്തികളുടെ(എൻപിഎ അഥവാ തിരിച്ചടവ് മുടങ്ങിയ വായ്പകൾ) നിരന്തരമായ വർദ്ധനവ്, മന്ദഗതിയിലുള്ള ആവശ്യകതയുടെയും അതിന്റെ ഫലമായ ഉൽപാദന നിക്ഷേപത്തിന്റെ അഭാവത്തിന്റെയും മറ്റൊരു തെളിവാണ്. നിലവിൽ 14 ലക്ഷം കോടി കടന്നതായി കണക്കാക്കപ്പെടുന്ന എൻപിഎയുടെ മൂന്നിൽരണ്ട് ഭാഗത്തോളവും, വെറും 24 വൻകിട കമ്പനികളുമായിമാത്രം ബന്ധപ്പെട്ടിരിക്കുന്നു. സർക്കാർ പോലും ഉൽപാദനക്ഷമമായ നിക്ഷേപം നടത്തുന്നില്ല. 2019 ഏപ്രിൽമുതൽ ജൂൺവരെ പ്രഖ്യാപിച്ച പുതിയ പദ്ധതികളുടെ മൂല്യം വർഷാവർഷം 79.5 ശതമാനംവെച്ച് കുറഞ്ഞിരിക്കുന്നു. വിരോധാഭാസമെന്നുപറയട്ടെ, അടിസ്ഥാന സൗകര്യവികസനത്തിന് ധനസഹായം നൽകുന്നതിനുള്ള മൂലധനച്ചെലവിന് സർക്കാർ വളരെയധികം പ്രാധാന്യം നൽകുന്നുവെന്ന് മേനി നടിക്കുന്നുണ്ടെങ്കിലും, അതിനുള്ള വിഹിതം കഴിഞ്ഞ ബജറ്റിൽ കുറച്ചിരുന്നു. 2018-19 ലെ 9.2 ലക്ഷം കോടി രൂപയിൽനിന്ന് നടപ്പ് സാമ്പത്തിക വർഷത്തിൽ ഏകദേശ കണക്കിൽ ഇത് 8.7 ലക്ഷം കോടി രൂപയായി കുറച്ചിരിക്കുന്നു. ഒരുപക്ഷേ ഇക്കാരണത്താലാവാം, കഴിഞ്ഞ ബജറ്റിൽ എന്തെങ്കിലും വ്യാവസായിക നയത്തെകുറിച്ച് പരാമർശിക്കുന്നത് സർക്കാർ ഒഴിവാക്കി. ഉൽപാദനപരമായ നിക്ഷേപമൊന്നും നടന്നിട്ടില്ലെന്ന് ഈ വസ്തുതകളെല്ലാം വ്യക്തമാക്കുന്നു.

### ഉപഭോഗനില

അടുത്തത് ഉപഭോഗച്ചെല

*(ശേഷം 3-ാം പേജിൽ)*

# 'കാശ്മീർ: പ്രശ്നവും പരിഹാരവും' സെമിനാർ

'കാശ്മീർ: പ്രശ്നവും പരിഹാരവും' എന്ന വിഷയത്തെ അധികരിച്ച് കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി തിരുവനന്തപുരം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സെപ്തംബർ 25ന് പ്രസ് ക്ലബ്ബ് കോൺഫറൻസ് ഹാളിൽ സെമിനാർ സംഘടിപ്പിച്ചു. സിപിഐ സംസ്ഥാന കൗൺസിൽ അസിസ്റ്റന്റ് സെക്രട്ടറി കെ.പ്രകാശ് ബാബു ഉദ്ഘാടനം ചെയ്തു.

ഭരണഘടനയുടെ 370-ാം വകുപ്പിനെ സംബന്ധിച്ച് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുംവിധം കളവുകൾ പറഞ്ഞും യാഥാർത്ഥ്യങ്ങൾ മൂടിവെച്ചുമാണ് മോദി ഗവണ്മെന്റ് കാശ്മീരിന്റെ പ്രത്യേക പദവി ഏകപക്ഷീയമായി എടുത്തുകളഞ്ഞതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. രാജ്യത്തിന്റെ ഐക്യത്തിനും ബഹുസ്വരത ഉറപ്പുനൽകുന്ന ഭരണഘടനയുടെ മൗലിക തത്ത്വങ്ങൾക്കും വലിയ ഭീഷണിയാണ് 370-ാം വകുപ്പിന്റെ റദ്ദാക്കലിലൂടെ ബിജെപി ഗവണ്മെന്റ് ഉയർത്തിയിരിക്കുന്നത്. തീവ്രദേശീയത വളർത്തുകയെന്ന സംഘപരിവാറിന്റെ രഹസ്യ അജണ്ടയാണ് ഇതിലൂടെ വെളിവാകുന്നതെന്ന് കെ.പ്രകാശ് ബാബു പറഞ്ഞു.



സെമിനാർ കെ.പ്രകാശ് ബാബു ഉദ്ഘാടനം ചെയ്യുന്നു

ജെഎൻയു റിട്ട.പ്രൊഫസർ ഡോ.ബി.വിവേകാനന്ദൻ വിഷയാവതരണം നടത്തി. ഭരണഘടനയുടെ 370-ാം വകുപ്പ് റദ്ദുചെയ്ത കേന്ദ്രഗവണ്മെൻറ് നടപടി അംഗീകരിക്കാനാവില്ലെന്ന് അദ്ദേഹം പറഞ്ഞു. ഇന്ത്യയും പാകിസ്ഥാനും തമ്മിൽ നിലവിലുള്ള സംഘർഷഭരിതമായ ബന്ധത്തിന്റെ സ്ഥാനത്ത് സൗഹാർദ്ദപരമായ ബന്ധം സ്ഥാപിക്കുകയും അതിന്റെ അടിസ്ഥാനത്തിലുള്ള ഒരു കോൺഫെഡറേഷൻ ഇരുരാജ്യങ്ങളുംചേർന്ന് രൂപീകരിക്കുകയും ചെയ്തുകൊണ്ടുമാത്രമേ കാശ്മീർ പ്രശ്നത്തിന് സമാധാനപരവും ശാശ്വതവുമായ പരിഹാരം കാണാനാവൂ എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. സാംസ്കാരികമായി ഒട്ടനവധി സാമ്യങ്ങൾ ഇരുരാജ്യങ്ങളിലെയും ജനതകൾ തമ്മിലുണ്ട്. പരസ്പര ശത്രുതയ്ക്കുപകരം പരസ്പര സാഹോദര്യം വളർത്തിയെടുക്കാൻ ഇരുരാജ്യങ്ങളിലെയും രാഷ്ട്രീയ നേതൃത്വങ്ങൾ തയ്യാറാവണമെന്നും ഡോ.വിവേകാനന്ദൻ അഭിപ്രായപ്പെട്ടു.

വിനോദ് സെൻ(കോൺഗ്രസ്), ആർ.കുമാർ(എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റംഗം), ജോസഫ് സി.മാത്യു, എം.ഷാജർഖാൻ(കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി ജനറൽ സെക്രട്ടറി) എന്നിവർ പ്രസംഗിച്ചു.

കാശ്മീരിൽ ഇന്ത്യാ ഗവണ്മെന്റ് ഗുരുതരമായ മനുഷ്യാവകാശ ലംഘനങ്ങൾ നടത്തുകയാണെന്നും ജമ്മു-കാശ്മീരിന്റെ സംസ്ഥാന പദവി എടുത്തുകളഞ്ഞ് കേന്ദ്ര ഭരണ പ്രദേശങ്ങളായി തരംതാഴ്ത്തിയ നടപടി പിൻവലിക്കണമെന്നും കാശ്മീരിന്റെ പ്രത്യേക പദവി പുനഃസ്ഥാപിക്കണമെന്നും സെമിനാറിൽ പങ്കെടുത്ത പ്രസംഗകരെല്ലാം ശക്തമായി അഭിപ്രായപ്പെട്ടു.

പ്രൊഫ.വിശ്വമംഗലം സുന്ദരേശൻ മോഡറേറ്ററായിരുന്നു. ജില്ലാ സെക്രട്ടറി ജി.ആർ.സുഭാഷ് സ്വാഗതവും പ്രസിഡന്റ് ദേശാഭിമാനി ഗോപി കൃതജ്ഞതയും രേഖപ്പെടുത്തി. ■

## ആലപ്പുഴയിൽ ചർച്ചാസമ്മേളനം



ചർച്ചാസമ്മേളനം തമ്പാൻ തോമസ് ഉദ്ഘാടനം ചെയ്യുന്നു

'കാശ്മീരും 370-ാം വകുപ്പും' എന്ന വിഷയത്തിൽ കേരള സംസ്ഥാന ജനകീയ പ്രതിരോധസമിതി ആലപ്പുഴ ജില്ലാഘടകത്തിന്റെ ആഭിമുഖ്യത്തിൽ ചർച്ചാസമ്മേളനം നടന്നു. സെപ്തംബർ 18ന് ജില്ലാ പെൻഷൻ ഭവനിൽ വെച്ചു നടന്ന സമ്മേളനം മുൻ എംപി അഡ്വ.തമ്പാൻ തോമസ് ഉദ്ഘാടനം ചെയ്തു. 370-ാം വകുപ്പിന്റെ ഏകപക്ഷീയമായ റദ്ദാക്കൽ ഇന്ത്യയുടെ ജനാധിപത്യത്തിന്റെയും ബഹുസ്വരതയുടെയുംമേലുള്ള കടന്നുകയറ്റമാണെന്ന് അദ്ദേഹം നിരീക്ഷിച്ചു. ജനകീയ പ്രതിരോധ സമിതി ജില്ലാ പ്രസിഡന്റ് അഡ്വ.മാത്യു വേളങ്ങാടൻ അദ്ധ്യക്ഷത വഹിച്ചു. ഡിസിസി പ്രസിഡന്റ് അഡ്വ.എം.ലിജു, സിപിഐ ജില്ലാ കൗൺസിൽ അസിസ്റ്റന്റ് സെക്രട്ടറി പി.ജ്യോതിസ്, ജനകീയ പ്രതിരോധസമിതി സംസ്ഥാന ജനറൽ സെക്രട്ടറി എം.ഷാജർഖാൻ, ബി.ദിലീപൻ, ടി.ബി.വിശ്വനാഥൻ, ആർ.പാർത്ഥസാരഥി വർമ്മ എന്നിവർ ചർച്ചയിൽ പങ്കെടുത്തു. ■

---

(2-ാം പേജിൽ നിന്ന്)

വാണ്. അതും സാധാരണക്കാരുടെ വാങ്ങൽശേഷിയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഉപഭോഗത്തെ വ്യത്യസ്ത രീതികളിൽ അളക്കുന്ന എല്ലാ ഘടകങ്ങളിലും ഫലത്തിൽ ഒരു സങ്കോചമുണ്ട്. നിർമിത ഉരുക്കിന്റെ ഉപഭോഗം 2019 ഏപ്രിൽ മുതൽ ജൂൺ വരെ 6.6% വർദ്ധിച്ചു. കഴിഞ്ഞ വർഷത്തെ ഇതേ കാലയളവിൽ ഇത് 8.8% വളർച്ചയായിരുന്നു. രണ്ട് വർഷത്തിനിടയിലെ ഏറ്റവും മന്ദഗതിയിലുള്ള വളർച്ച. അതിവേഗം ചെലവാകുന്ന ഉപഭോക്തൃവസ്തുക്കളുടെ(എഫ്എംസിജി) കമ്പനികളുടെ വിൽപനവ്യാപ്തി വളർച്ച അല്ലെങ്കിൽ വിറ്റ എണ്ണം കഴിഞ്ഞ ഒരു വർഷമായി മന്ദഗതിയിലായി. ഹിന്ദുസ്ഥാൻ യൂണിലിവർ ലിമിറ്റഡിലേക്ക് നോക്കുകയാണെങ്കിൽ, 2019 ഏപ്രിൽമുതൽ ജൂൺവരെയുള്ള കാലയളവിൽ വിൽപനവ്യാപ്തി വളർച്ച 5% ആയിരുന്നു. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ഇത് 12% ആയിരുന്നു. 2019 ഏപ്രിൽ, ജൂൺ മാസങ്ങളിൽ ഡാബർ ഇന്ത്യ 6 ശതമാനം വളർച്ച രേഖപ്പെടുത്തി. കഴിഞ്ഞ വർഷം ഇത് 21 ശതമാനമായിരുന്നു. 13 ശതമാനത്തിൽനിന്ന് ബ്രിട്ടാനിയ കഴിഞ്ഞ വർഷം 6 ശതമാനമായി കുറഞ്ഞു. ഇത് എന്താണ് കാണിക്കുന്നത്? ദിവസം ഒരു നേരത്തെ ഭക്ഷണം പോലും കിട്ടാത്ത ദരിദ്രർ മാത്രമല്ല, താരതമ്യേന മെച്ചപ്പെട്ട മധ്യവർഗക്കാർപോലും ദൈനംദിന വാങ്ങലുകൾ നടത്തുന്നതിൽ കുറവ് വരുത്തിയിരിക്കുന്നുവെന്ന് ഇത് കാണിക്കുന്നു. വരുമാനം കുറയുന്നതോടൊപ്പം, മുതലാളിത്തത്തിന്റെ പൊതുനിയമങ്ങൾ പാലിച്ചുള്ളതുകൂടാതെ, പൂഴ്ത്തിവെയ്പ്പ്, കരിഞ്ചന്ത, മൂലധനവിപണിയിൽ വിളവിലകൾക്കുമേൽ നടത്തുന്ന വ്യാപകമായ ഊഹക്കച്ചവടങ്ങൾ എന്നിവയിലൂടെയും വിലകൾ ഉയരുകയാണ്.

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ അഞ്ചിൽ മൂന്ന് ഭാഗവും വരുന്ന ഉപഭോഗം വളരെ വ്യക്തമായി ഇടിഞ്ഞുകൊണ്ടിരിക്കുകയാണെങ്കിൽ, മൊത്തത്തിലുള്ള സമ്പദ്‌വ്യവസ്ഥയുടെ മാന്ദ്യം സംഭവിക്കും. ബാങ്കുകളിൽനിന്ന് ഉപഭോക്തൃവായ്പ ലഭിക്കുന്നതിനുള്ള നിയമങ്ങൾ ഉദാരവൽക്കരിക്കുന്നതിലൂടെ ആവശ്യകതയെ കൃത്രിമമായി ഉത്തേജിപ്പിക്കാനുള്ള തീവ്രമായ ശ്രമംപോലും നിരർത്ഥകമാണ്. രസകരമായ കാര്യം, കഴിഞ്ഞ ബജറ്റിനെക്കുറിച്ചുള്ള തന്റെ നിരീക്ഷണത്തിൽ, മറ്റുപല കാര്യങ്ങളുമെന്നപോലെ പ്രതിശീർഷ വരുമാനം ഉയരുന്നതിലൂടെയും സമ്പദ്‌വ്യവസ്ഥ വികസിക്കുമെന്ന് പ്രധാനമന്ത്രി അവകാശപ്പെട്ടു. എന്താണ് പ്രതിശീർഷവരുമാനം? ജനങ്ങളുടെ മൊത്തം വരുമാനത്തെ ജനസംഖ്യകൊണ്ട് ഹരിക്കുന്നത്. പ്രതിശീർഷ വരുമാനത്തിലുണ്ടാകുന്ന വർധന, വിപണിയിലെ ആവശ്യകത കുറയുന്നതിന് പരിഹാരമാണോ? ഇന്ത്യയിൽ, 1% വരുന്ന അതിസമ്പന്നരാണ് 73% സ്വത്തിന്റെയും ഉടമസ്ഥർ. കലോറി ഉപഭോഗത്തിന്റെ കാര്യത്തിൽ (അതായത് വരുമാനത്തിന്റെ നിലവാരത്തെ ആശ്രയിച്ചിരിക്കുന്ന മിനിമം ഭക്ഷണം) 67% ഇന്ത്യക്കാരും ദരിദ്രരാണ്. പ്രതിദിനം 230 ദശലക്ഷം (23 കോടി) ആളുകൾ വിശന്നിരിക്കുന്നു. പട്ടിണിയുടെയും ദാരിദ്ര്യത്തിന്റെയും ആഘാതം സഹിക്കാൻ കഴിയാതെ, ഏകദേശം 5 കർഷകരും തൊഴിലാളികളുമാണ് ഓരോ മണിക്കൂറിലും ഇന്ത്യയിൽ ആത്മഹത്യ ചെയ്യുന്നത്. നേരെമറിച്ച്, ഏറ്റവും ധനികനായ ഇന്ത്യക്കാരൻ, മുകേഷ് അംബാനി, ഒരു ദിവസം 300 കോടി രൂപ സമ്പാദിക്കുന്നു. അപ്പോൾ പ്രതിശീർഷ വരുമാനമെന്നത് യാഥാർത്ഥ്യത്തെ വളച്ചൊടിക്കുന്ന അർത്ഥമില്ലാത്ത ഒരു സ്ഥിതിവിവരക്കണക്കല്ലേ? ഒരു സാധാരണ ഇന്ത്യക്കാരൻ രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥ 5 ട്രില്യൺ ഡോളറിലെത്തുമെന്ന വസ്തുതയെക്കുറിച്ച് പ്രതീക്ഷപുലർത്തുമോ അതോ അയാളുടെയും കുടുംബത്തിന്റെയും ജീവിതസാധ്യതകളിൽ പ്രാധാന്യമുള്ള, അയാളുടെ രൂപയുടെ അടിസ്ഥാനത്തിലുള്ള വാങ്ങൽ ശേഷി എന്തായിരിക്കുമെന്ന് ചോദിക്കുമോ?




കഷ്ടിച്ച് ജീവിതം മുന്നോട്ട് കൊണ്ടുപോകാൻപോലും ആളുകൾക്ക് പണമില്ലെങ്കിൽ, മുതലാളിത്ത സാമ്പത്തികവിദഗ്ദ്ധർ പറയുന്നതുപോലെ, മൂലധന രൂപീകരണത്തിന് ആവശ്യമായ ഗാർഹിക സമ്പാദ്യം എന്തെങ്കിലും ഉണ്ടാകുമോ?

മതിയായ വേതനം നൽകുന്ന തൊഴിലിലൂടെ മതിയായ വരുമാനം ഉണ്ടാക്കുക എന്നതും ഉപഭോഗച്ചെലവ് എന്ന വിഷയവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇതിൽ എന്താണ് സാഹചര്യം? നടപ്പുവർഷത്തിൽ തൊഴിൽനിരക്ക് 45 വർഷത്തെ ഏറ്റവും താഴ്ന്ന നിലയിലെത്തിയിട്ടുണ്ടെന്ന് ഇതിനകംതന്നെ വെളിപ്പെട്ടിട്ടുണ്ട്. അഞ്ച് വർഷം മുമ്പ് അന്നത്തെ ഇന്ത്യൻ രാഷ്ട്രപതി തൊഴിലില്ലാത്തവരുടെ എണ്ണം 67 കോടി ആണെന്ന് പ്രസ്താവിച്ചിരുന്നു. കഴിഞ്ഞ 45 വർഷത്തിനിടയിലെ ഏറ്റവും ഉയർന്ന തൊഴിലില്ലായ്മയാണ് ഇപ്പോഴുള്ളത്. തൊഴിലില്ലാത്തവരുടെ എണ്ണം എത്രയാണെന്ന് ഇന്ന് എളുപ്പത്തിൽ മനസിലാക്കാൻ കഴിയും. തൊഴിലില്ലായ്മയുടെ വ്യാപ്തി അളക്കാൻ ചില വസ്തുതകൾ പരിശോധിച്ചാൽമതി. യുപിയിലെ 368 പ്യൂൺ തസ്തികകളിലേക്ക് ബിരുദധാരികളും ബിരുദാനന്തര ബിരുദധാരികളും ഡോക്ടറേറ്റുള്ളവരും അടക്കം 23 ലക്ഷം പേർ അപേക്ഷിച്ചു. റാങ്ക് ജേതാ

(ശേഷം 4-ാം പേജിൽ)

# വർദ്ധിച്ചുവരുന്ന മാന്ദ്യവും തൊഴിലില്ലായ്മയും തൊഴിൽ നഷ്ടവും സൂചിപ്പിക്കുന്നത് സമ്പദ്ഘടനയുടെ തളർച്ച




**ആഗോളവൽക്കരണം, സ്വതന്ത്ര കമ്പോള സമ്പദ്‌വ്യവസ്ഥ, അരിച്ചിറങ്ങൽ സാമ്പത്തികശാസ്ത്രം, എങ്ങനെ പേരുമാറ്റിയാലും മുതലാളിത്തം മുതലാളിത്തമായി തുടരുന്നു. അതിന്റെ അടിസ്ഥാന പ്രവർത്തനനിയമങ്ങൾ നിലനിൽക്കുന്നു. മുതലാളിത്തം, അതിന്റെ മരണാസന്നമായ, അസ്ഥിരമായ നിലനിൽപ്പ് നീട്ടിയെടുക്കുമ്പോൾ, അത് പ്രതിസന്ധി വളർത്തുന്നു. പ്രതിസന്ധിയുടെ മുഴുവൻ ഭാരവും തൊഴിലാളിവർഗവും കൃഷിക്കാരും ഉൾപ്പെടെയുള്ള സാധാരണക്കാർക്കുമേൽ വിവിധ സാമ്പത്തിക-പണ നയങ്ങളായി രൂപപ്പെടുത്താൻ ശ്രമിക്കുന്നു.**

*(3-ാം പേജിൽ നിന്ന്)*

ക്കളായ എഞ്ചിനീയർമാരും എംബിഎക്കാരും ഉൾപ്പെടെ 4,600 പേർ തമിഴ്നാട് നിയമസഭയിൽ 14 തൂപ്പുകാരുടെ ജോലിക്കും, പശ്ചിമ ബംഗാളിൽ 6,000 ഗ്രൂപ്പ് ഡി തസ്തികകളിലേക്ക് 25 ലക്ഷംപേരും അപേക്ഷ നൽകി. തൊഴിലില്ലായ്മ മാത്രമല്ല, തൊഴിൽനഷ്ടവും ഭയാനകമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 2016നും 2018നും ഇടയിൽ കുറഞ്ഞത് അഞ്ച് ദശലക്ഷം ഇന്ത്യക്കാർക്ക് ജോലി നഷ്ടപ്പെട്ടതായി ഒരു സർവ്വേ പറയുന്നു. സർക്കാർ നടത്തുന്ന ബിഎസ്എൻഎൽ 54,000 ജീവനക്കാരെയും 30 ശതമാനം കരാർ തൊഴിലാളികളെയും പിരിച്ചുവിടാൻ തയ്യാറെടുക്കുന്നു. രാജ്യമൊട്ടാകെയുള്ള വാഹന ഡീലർഷിപ്പുകളിലായി രണ്ട് ലക്ഷത്തോളം ജോലികൾ വെട്ടിക്കുറച്ചു. ഇന്ത്യയിലെ വാഹന പാർട്സ് വ്യവസായം 10 ലക്ഷം തൊഴിലാളികളെ കുറയ്ക്കാൻ ആലോചിക്കുന്നു. 3 ലക്ഷം ജോലികൾ വെട്ടിക്കുറയ്ക്കുന്ന കാര്യം റെയിൽവേ പരിഗണിക്കുന്നതായി റിപ്പോർട്ടുണ്ട്. തുണിമില്ലുകളിലും പിരിച്ചുവിടൽ ഭീതി നിലനിൽക്കുന്നു. അതിനാൽ, ഇന്ത്യൻ ഭരണാധികാരികൾ ആഘോഷിക്കുന്നത് ഒരു 'തൊഴിൽരഹിത വളർച്ച' മാത്രമല്ല, 'തൊഴിൽനഷ്ട വളർച്ച' കൂടിയാണ്. ദിനംപ്രതി, തൊഴിലില്ലാത്ത ആയിരക്കണക്കിന് ഗ്രാമീണ ദരിദ്രർ, കൂടുതലും കർഷക കുടുംബങ്ങളിൽ നിന്നുള്ളവർ, തൊഴിൽ തേടി പട്ടണങ്ങളിലേക്ക് കുടിയേറുന്നു. റിസർവ് ബാങ്കിന്റെ മുൻ ഗവർണറായിരുന്ന രഘുറാം രാജൻപോലും ഉയർന്ന തൊഴിലില്ലായ്മ നിരക്ക് കണക്കിലെടുത്ത് ജിഡിപിയുടെ വളർച്ചാപാതയെക്കുറിച്ച് സംശയം പ്രകടിപ്പിച്ചു. തൊഴിൽ സാഹചര്യം ഇങ്ങനെയാണെങ്കിൽ, ആരാണ് രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെ 5 ട്രില്യൺ ഡോളറിലേക്ക് നയിക്കുക, എന്തിനുവേണ്ടിയാണ് അത്? സ്ഥിരമായ ലാഭകരമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സർക്കാരിന് എന്തെങ്കിലും മൂർത്തപദ്ധതിയുണ്ടോ എന്ന് ആർക്കും അറിയില്ല. അങ്ങനെയാണെങ്കിൽ എങ്ങനെ? പൊള്ളയായ അവകാശവാദങ്ങളും തൊഴിൽസൃഷ്ടിയുടെ വിചിത്രമായ അനുമാനങ്ങളും ഒന്നിനും ഉത്തരമാകില്ല.

**സർക്കാർ ചെലവ്**

നിക്ഷേപത്തിനും ഉപഭോഗത്തിനുംശേഷം ജിഡിപിയുടെ മൂന്നാമത്തെ ഘടകം സർക്കാർ ചെലവാണ്. 2018–19-ലെ പുതുക്കിയ എസ്റ്റിമേറ്റിനേക്കാൾ 13.4% കൂടുതലാണ് 2019–20 ലെ ബജറ്റ് എസ്റ്റിമേറ്റ്. എന്നാൽ, സൂക്ഷ്മപരിശോധനയിൽ കഴിഞ്ഞ വർഷത്തെ മൊത്തം ചെലവ്, പുതുക്കിയ എസ്റ്റിമേറ്റിനേക്കാൾ 13.4 ശതമാനംവരെ കുറവാണെന്ന് വെളിപ്പെടുന്നു. മാധ്യമങ്ങളിൽവന്ന, ഒരു പ്രശസ്ത സാമ്പത്തികശാസ്ത്രജ്ഞന്റെ കണക്കുകൂട്ടലിൽ, മൂലധനച്ചെലവ് വർദ്ധിപ്പിച്ച് ഡിമാന്റ് വർധിപ്പിക്കേണ്ടതിന്റെ ആവശ്യകതയ്ക്ക് വിരുദ്ധമായി, ബജറ്റിൽ 9,29,000 കോടി രൂപയിൽനിന്ന് 8,76,000 കോടി രൂപയായി അത് കുറച്ചിട്ടുണ്ട്. (അരുൺ കുമാർ – ദി വയർ, 2019 ജൂലൈ 5)

**ആകെ കയറ്റുമതി അഥവാ വർധിക്കുന്ന വ്യാപാരക്കമ്മി**

അവസാനമായി അറ്റ കയറ്റുമതിയെക്കുറിച്ച്(അതായത് ഇറക്കുമതിയെക്കാൾ അധികമുള്ള കയറ്റുമതി). ഇന്ത്യയുടെ വ്യാപാരക്കമ്മി (ഇറക്കുമതിയും കയറ്റുമതിയും തമ്മിലുള്ള വ്യത്യാസം) 2018–19ൽ ഉയർന്ന റെക്കോർഡ് മൂല്യമായ 176 ബില്യൺ ഡോളറിലെത്തി. 2019 ജൂലൈയിൽ ഈ കമ്മി 13.43 ബില്യൺ യുഎസ് ഡോളറായിരുന്നു (9,40,000 കോടി രൂപ). വാസ്തവത്തിൽ, രൂപയുടെ മൂല്യത്തിൽ നിരന്തരമായ ഇടിവ് ഉണ്ടായിരുന്നിട്ടും ഇരുപത്തഞ്ചോളം പ്രധാന രാജ്യങ്ങളുമായി കഴിഞ്ഞ മൂന്ന് വർഷത്തിനിടെ ഇന്ത്യയുടെ വ്യാപാരക്കമ്മി വർദ്ധിച്ചു (കറൻസിയുടെ ഇടിവ് സാധാരണയായി കയറ്റുമതിയെ ഉയർത്താറുണ്ട്, കാരണം, ആഭ്യന്തര ചരക്കുകൾക്ക് വിദേശ കറൻസിയിൽ വിലകുറയുന്നതിനാൽ, ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങൾക്ക് കൂടുതൽ ചരക്കുകൾ രൂപയുടെ മൂല്യത്തിൽ കണക്കാക്കിയാൽ വാങ്ങാൻ കഴിയുന്നു). പഴക്കം ചെന്ന കറന്റ് അക്കൗണ്ട് കമ്മി (വ്യാപാരക്കമ്മി) പോലുള്ള ദുർബലമായ സാമ്പത്തിക അടിത്തറയെ സൂചിപ്പിക്കുന്ന, ഏഷ്യയിലെ ഏറ്റവും മോശം പ്രകടനം കാഴ്ചവച്ച കറൻസിയാണ് രൂപ. അപ്പോൾ സമീപഭാവിയിൽ അറ്റ കയറ്റുമതി സ്വപ്നം കാണുന്നത് ഒരു വന്യമായ സ്വപ്നമല്ലേ? 2011–ന് ശേഷം നിക്ഷേപത്തിലുള്ള ശരാശരി വളർച്ച മൂന്ന് ശതമാനത്തിൽനിന്ന് 2% ആയി ഇടിഞ്ഞു. വ്യവസായത്തിനുള്ള വായ്പകൾ യഥാർത്ഥത്തിൽ 1% ആയി ചുരുങ്ങി. കയറ്റുമതി മൂന്ന് ശതമാനമായി കുറഞ്ഞു, ഇറക്കുമതിയിൽ ഒരു ശതമാനത്തിൽതാഴെ കുറവുണ്ടായി. മൊത്തം വായ്പാവളർച്ച 3% ആയി കുറഞ്ഞു. എന്നിരുന്നാലും, ജിഡിപി ശരാശരി 7% വളർച്ച കൈവരിക്കുമെന്ന് നയനിർമാതാക്കൾ വീമ്പിളക്കുന്നു. ബൂർഷ്വാ സാമ്പത്തികശാസ്ത്രത്തിന്റെ അളവുകോലുകൾ വെച്ചുപോലും ഇതൊരു വിശ്വസനീയമായ അവകാശവാദമാണോ? പ്രസിദ്ധീകരിച്ച റിപ്പോർട്ടുകളും സർവ്വേകളും സൂചിപ്പിക്കുന്നത്, ഇപ്പോൾ അനുഭവിക്കുന്ന മാന്ദ്യം സമ്പദ്‌വ്യവസ്ഥയെ ആഴത്തിൽ മുക്കാൻ ശേഷിയുള്ള സാമ്പത്തികമാന്ദ്യമല്ലാതെ മറ്റൊന്നുമല്ല എന്നാണ്.

**അഞ്ച് ട്രില്യൺ ഡോളർ സമ്പദ്ഘടന നേടാനുള്ള അനിവാര്യതകൾ**

ബൂർഷ്വാ സമ്പദ്‌വ്യവസ്ഥയുടെ നിർദ്ദേശങ്ങൾക്കനുസൃതമായിപ്പോലും, ലക്ഷ്യമിട്ട വളർച്ച കൈവരിക്കാൻ ആവശ്യമായ അനിവാര്യതകൾ നമുക്ക് പരിശോധിക്കാം. ഡോളർ കണക്കിൽ ജിഡിപി 100 ആണെന്ന് അനുമാനിക്കുക. നമ്മുടെ സമ്പദ്‌വ്യവസ്ഥ 8% വളർച്ച കൈവരിക്കണമെങ്കിൽ അടുത്ത വർഷം ജിഡിപി 108 ഡോളറായിരിക്കണം. പാഠപുസ്തകതത്വങ്ങൾ പിന്തുടരുന്ന പ്രൊഫഷണൽ സാമ്പത്തിക വിദഗ്ദ്ധരാകട്ടെ, ആ വളർച്ചാനിരക്ക് കൈവരിക്കാൻ 35 ഡോളർ പുതിയ നിക്ഷേപം ആവശ്യമാണെന്ന് കാണിച്ചിട്ടുണ്ട്. ഈ നിക്ഷേപത്തിന് ബാങ്കുകളിലെയും സർക്കാർ സെക്യൂരിറ്റികളിലെയും സമ്പാദ്യം ഉപയോഗിച്ചുള്ള ഫണ്ടിങ്ങ് ആവശ്യമെങ്കിൽ, അത്രത്തോളം അളവിൽ ഉപഭോഗം കുറയും. (കാരണം പണം സമ്പാദ്യത്തിനായി മാറ്റിവെച്ചാൽ ചെലവ് നടത്താനുള്ള തുക കുറയുന്നു) അതേസമയം തന്നെ 108 ഡോളർ വിലവരുന്ന സാധനങ്ങൾ വിൽക്കേണ്ടതുണ്ട്. ലക്ഷ്യമിട്ട 8% വളർച്ച അടുത്ത വർഷംകൊണ്ട് നേടാനായില്ലെങ്കിൽ, ആവശ്യമായ വളർച്ചാനിരക്ക് വീണ്ടും ഉയരും. പാഠപുസ്തക ബൂർഷ്വാ സാമ്പത്തികശാസ്ത്രത്തിന്റെ വീക്ഷണത്തിൽനിന്നുപോലും ഇത് ഒരു പ്രഹേളികയാണ്. തൊഴിലില്ലായ്മയുടെ വേഗത്തിലുള്ള വർധനയും ദ്രുതഗതിയിലുള്ള തൊഴിൽനഷ്ടവും കണക്കിലെടുക്കുമ്പോൾ, അഞ്ച് ട്രില്യൺ ഡോളർ ജിഡിപിയിലെത്തുക എന്ന സ്വപ്നം, ന്യായീകരണങ്ങൾകൊണ്ടും, ഉയർന്ന അവകാശവാദങ്ങൾകൊണ്ടും മാത്രം നേടിയെടുക്കാൻ സാധിക്കുമോ? രണ്ടാമതായി, ലക്ഷ്യം വെച്ച ജിഡിപി ഡോളർ കണക്കിലാകുമ്പോൾ, ഇത് സൂചിപ്പിക്കുന്നത് യഥാർത്ഥവളർച്ചയാണ്, ഏകദേശവളർച്ചയല്ല. 8% യഥാർത്ഥവളർച്ചയുടെ നിരക്കിനൊപ്പം പണപ്പെരുപ്പം കൂടിച്ചേരുമ്പോൾ, ഈ ലക്ഷ്യം കൈവരിക്കണമെങ്കിൽ, രൂപയുടെ മൂല്യം കുറയ്ക്കുകയും, ഏകദേശവളർച്ചയിലൂടെ ലക്ഷ്യം പൂർത്തീകരിക്കപ്പെടാതിരിക്കുകയും ചെയ്യും. ആ സാഹചര്യത്തിൽ, ആവശ്യമായ നിരക്ക് അഞ്ച് വർഷത്തിനിടെ ശരാശരി 11.5% ആയി ഉയരും. 2019 ജനുവരിമുതൽ മാർച്ച്വരെയുള്ള ജിഡിപി വളർച്ച 5.8 ശതമാനമായി കുറഞ്ഞു. നിലവിലെ 5.8 ശതമാനത്തിൽനിന്നും അഞ്ചുവർഷത്തിന്റെ അവസാനത്തിൽ 17% വളർച്ചയിലേക്ക് എത്തേണ്ടിവരും. 8% വളർച്ചാനിരക്കുപോലും ഇപ്പോൾ ബുദ്ധിമുട്ടായി കാണപ്പെടുമ്പോൾ, 17% വളർച്ചയെന്ന നേട്ടം അൽപമെങ്കിലും യാഥാർത്ഥ്യബോധമുള്ളതാണെന്ന് സങ്കല്പിക്കാനാകുമോ?

**ആരാണ് സ്വത്ത് സൃഷ്ടിക്കുന്നവർ? ആരാണ് നേട്ടം കൊയ്യുന്നവർ?**

വിവിധ സ്രോതസ്സുകളിൽനിന്ന് ശേഖരിച്ച എല്ലാ വസ്തുതകളും തെളിയിക്കുന്നതുപോലെ, അതിശയകരമായ വളർച്ചയെക്കുറിച്ചും, ലോകത്തിലെ അഞ്ചാമത്തെ വലിയ സാമ്പത്തികശക്തിയായി ഉയർന്നുവരാൻ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ സജ്ജമായിട്ടുണ്ടെന്നും കൂടുതൽ കൊട്ടിഘോഷിക്കപ്പെടുമ്പോൾ, ചുരുക്കം ചില അതിസമ്പന്നർ ഭീമാകാരമായ സമ്പത്ത് സമാഹരിക്കുന്നത് വർധിക്കുന്നു എന്നാണ് മനസ്സിലാക്കേണ്ടത്.

അതേസമയം സാധാരണക്കാരായ അധ്വാനിക്കുന്ന ജനങ്ങളുടെ ശോഷിച്ച അസ്ഥികൂടം കൂടുതൽ വെളിവാക്കപ്പെടുന്നു. നമ്മുടെ പ്രധാനമന്ത്രിക്ക് ഇത് നന്നായി അറിയാം. കൂടാതെ ചാന്ദ്രദൗത്യത്തിന്റെ കുതിപ്പോ, അല്ലെങ്കിൽ പാകിസ്ഥാനെ കുടുക്കുകളിൽ ഉൾപ്പെടുത്തുന്നതിൽ അഭിമാനിക്കുന്നതിലൂടെയോ ഈ നഗ്നയാഥാർത്ഥ്യത്തെ അടിച്ചമർത്തുന്നത് അസാധ്യമാണെന്നും അദ്ദേഹം കണ്ടെത്തുന്നു. അതിനാൽ, തന്റെ സ്വാതന്ത്ര്യദിന പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു: 'സമ്പത്ത് സൃഷ്ടിക്കൽ ഒരു മികച്ച ദേശീയ സേവനമാണ്. സമ്പത്ത് സൃഷ്ടിക്കുന്നവരെ ഒരിക്കലും സംശയത്തോടെ കാണരുത്. സമ്പത്ത് സൃഷ്ടിക്കുമ്പോൾമാത്രമേ സമ്പത്ത് വിതരണം ചെയ്യപ്പെടുകയുള്ളൂ. സമ്പത്ത് സൃഷ്ടിക്കുന്നവർ ഇന്ത്യയുടെ സമ്പത്താണ്, ഞങ്ങൾ അവരെ ബഹുമാനിക്കുന്നു.' അതെ, സമ്പത്ത് സൃഷ്ടിക്കേണ്ടത് ആവശ്യമാണ്. 'സമ്പത്ത് സ്രഷ്ടാക്കൾ' എന്നതുകൊണ്ട് ആരെയാണ് പ്രധാനമന്ത്രി ഉദ്ദേശിച്ചത്? മികച്ച ധനസമ്പാദനം നടത്തുകയും, പൊതുഫണ്ട് തട്ടിയെടുത്ത് രാജ്യത്തുനിന്നും പലായനം ചെയ്യുകയും, രാജ്യത്തിന്റെ സമ്പത്തിന്റെ സിംഹഭാഗവും സ്വന്തം കൈകളിൽ കേന്ദ്രീകരിക്കുകയും ചെയ്യുന്ന വമ്പൻ കുത്തകകളെയല്ലേ? എന്ത് യുക്തി കൊണ്ടാണെങ്കിലും അവരുടെ സ്വകാര്യസ്വത്തിനെ രാജ്യത്തിന്റെ സമ്പത്ത് എന്ന് വിളിക്കാൻ സാധിക്കുമോ? 'അതിശയകരമായ' സാമ്പത്തികവളർച്ചയുടെ വീമ്പിളക്കൽ എപ്പോൾ കൂടുന്നുവോ, അപ്പോൾ ധനികർ കൂടുതൽ ധനികരും ദരിദ്രർ കൂടുതൽ ദരിദ്രരും ആയിത്തീരുന്നുവെന്ന് ഞങ്ങൾ ഇതിനകം ചൂണ്ടിക്കാണിച്ചു. *പ്രോലിറ്റേറിയൻ ഇറ*യിൽ ഞങ്ങൾ പല തവണ പരാമർശിച്ചതാണ്, സൃഷ്ടിച്ച സമ്പത്തിന്റെ ആകെത്തുകയാണ് ജിഡിപി പ്രതിഫലിപ്പിക്കുന്നത്

*(ശേഷം 5-ാം പേജിൽ)*

# സമ്പദ്ഘടനയുടെ വളർച്ചയിൽനിന്ന് നേട്ടമുണ്ടാക്കുന്നത് കുത്തകകളും അതിസമ്പന്നരുംമാത്രം

(4-ാം പേജിൽ നിന്ന്)

അല്ലാതെ അവയുടെ വിതരണ രീതിയല്ല. അതിനാൽ ജിഡിപി വളർച്ച യഥാർത്ഥ സാമ്പത്തിക വളർച്ചയുടെ സൂചകമല്ല. വർദ്ധിച്ചുവരുന്ന വരുമാനത്തിനൊപ്പം ജനങ്ങളുടെ പൊതുവായ ജീവിതനിലവാരം മെച്ചപ്പെടുന്നതായി കാണപ്പെടുമ്പോൾ യഥാർത്ഥ സാമ്പത്തികവളർച്ച തെളിയിക്കപ്പെടുന്നു. അപ്പോൾ ഭക്ഷണം-വസ്ത്രം-പാർപ്പിടം ഉൾപ്പെടെയുള്ള ഉപയോഗയോഗ്യമായ വസ്തുക്കൾ താങ്ങാവുന്ന വിലയ്ക്ക് സ്വന്തമാക്കാനുള്ള ശേഷിയും, ആരോഗ്യ പരിപാലനവും ശരിയായ വിദ്യാഭ്യാസവും അതുപോലുള്ള മറ്റ് ജീവിത ആവശ്യങ്ങളും എളുപ്പത്തിൽ കരഗതമാകാനും സാധിക്കുന്നു. മുതലാളിത്ത സമ്പദ്‌വ്യവസ്ഥയുടെ നിയമത്തിൽതന്നെ ഉൾച്ചേർന്നിരിക്കുന്ന സാമ്പത്തിക അസമത്വം ഉൾപ്പെടെയുള്ള അസമത്വത്തെ അടിസ്ഥാനമാക്കിയാണ് മുതലാളിത്തം പ്രവർത്തിക്കുന്നതെന്ന് മാർക്സിസ്റ്റുകൾ എന്ന നിലയിൽ നമുക്കറിയാം.

അതിനാൽ, സമ്പത്ത് സൃഷ്ടിക്കുന്നത് സ്വാഭാവികമായും അതിന്റെ വിതരണം ഉറപ്പാക്കുമെന്ന് പ്രധാനമന്ത്രി പറയുമ്പോൾ, ഖേദപൂർവം ഞങ്ങൾ പറയട്ടെ, അദ്ദേഹം രാജ്യത്തെ വഴിതെറ്റിക്കുന്നു. കോർപ്പറേറ്റ് നികുതി 25% കുറയ്ക്കാനുള്ള തീരുമാനത്തെയും, തൊഴിലെടുക്കാൻ കൂടുതൽ ആനുകൂല്യങ്ങൾ നൽകുമെന്നും അതാണ് സമ്പദ്ഘടനയെ വളർത്താനുള്ള ഏറ്റവും നല്ല വഴിയെന്നുമുള്ള ന്യായീകരണത്തോടെയുള്ള സർക്കാർ ചെലവിനെയും, ന്യായീകരിക്കാൻ മുൻ അമേരിക്കൻ പ്രസിഡന്റ് റൊണാൾഡ് റീഗൻ 1980കളിൽ ഉയർത്തിക്കാട്ടിയ 'അരിച്ചിറങ്ങൽ സാമ്പത്തികശാസ്ത്ര'ത്തോടുള്ള(Trickle Down Econ-omics) തന്റെ അനുഭാവം പ്രകടിപ്പിക്കുകയാണ് പ്രധാനമന്ത്രി ചെയ്യുന്നത്. ലളിതമായി പറഞ്ഞാൽ, മേൽത്തട്ടിൽ വലിയ സ്വത്ത് ശേഖരിക്കപ്പെടുകയാണെങ്കിൽ, അതിൽ കുറച്ച് ദരിദ്രരിലേക്കും തൊഴിലാളിവർഗത്തിലേക്കും അരിച്ചിറങ്ങുമത്രെ. എന്നാൽ എന്ത് സംഭവിച്ചു? 1981ലും 1982ലും യുഎസിൽ ഈ പറയുന്ന അരിച്ചിറങ്ങൽ സാമ്പത്തികശാസ്ത്രം കടുത്ത സാമ്പത്തിക മാന്ദ്യം സൃഷ്ടിച്ചു. പാശ്ചാത്യ ലോകത്തെയും ലോകത്തിന്റെ മറ്റു ഭാഗങ്ങളിലെയും മുതലാളിത്ത സാമ്പത്തിക ശാസ്ത്രജ്ഞർപോലും ഈ സിദ്ധാന്തത്തെ ശുദ്ധ അസംബന്ധം എന്ന് തള്ളിക്കളഞ്ഞിട്ടുണ്ട്. യുഎസിൽ ഈ സൂത്രവാക്യം പ്രയോഗിക്കുമ്പോഴെല്ലാം, കമ്മി പെരുകുന്നു. സമ്പന്നരായ ആളുകൾ അവരുടെ സ്വത്ത് മുകളിൽ തന്നെ പൂഴ്ത്തിവെക്കുന്നു, ശരാശരി അമേരിക്കക്കാർ കഷ്ടപ്പെടുന്നു.

നമ്മുടെ രാജ്യത്തെ ഇപ്പോഴത്തെ കേന്ദ്രസർക്കാരും ആ വഴിയിലൂടെ സഞ്ചരിക്കുന്നു. കഴിഞ്ഞ ബജറ്റിൽ 400 കോടി രൂപവരെ വിറ്റുവരവുള്ള കോർപ്പറേറ്റുകളുടെ നികുതി 30 ശതമാനത്തിൽ നിന്ന് 25 ശതമാനമായി കുറച്ചിട്ടുണ്ട്. ഇപ്പോൾ കോർപ്പറേറ്റ് നികുതി വീണ്ടും വെട്ടിച്ചുരുക്കിയിരിക്കുന്നു. അതിസമ്പന്നരെയും കോർപ്പറേറ്റ് ഭീമന്മാരെയുമാണ് പ്രധാനമന്ത്രി 'സമ്പത്ത് സ്രഷ്ടാക്കൾ' എന്ന് മുദ്രകുത്തിയതെന്ന് ഇത് വീണ്ടും സ്ഥിരീകരിക്കുന്നു. ആകസ്മികമായി, 2003-04 നും 2016-17 നും ഇടയിൽ, 50 ലക്ഷം കോടി രൂപയുടെ നികുതി ഇളവുകളും സൗജന്യങ്ങളുമാണ് വ്യവസായ സ്ഥാപനങ്ങൾക്കും കോർപ്പറേറ്റ് മേഖലയ്ക്കും അനുവദിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടത്. ഓരോ മണിക്കൂറിലും സർക്കാർ 7 കോടി രൂപ കോർപ്പറേറ്റ് നികുതി എഴുതിത്തള്ളുകയും ദൈനംദിനം ഈ ഇനത്തിൽ 168 കോടി രൂപ ഒഴിവാക്കുകയും ചെയ്യുന്നു. എന്നിട്ടും, വ്യവസായ ലോബികൾ കൂടുതൽ സാമ്പത്തിക പാക്കേജുകൾ ആവശ്യപ്പെടുന്നു. എന്നാൽ, ദാരിദ്ര്യത്താൽ ദുരിതമനുഭവിക്കുന്ന അധ്വാനിക്കുന്ന ആളുകൾക്ക് എന്തെങ്കിലും ആശ്വാസം നൽകാമോയെന്ന് ചോദിച്ചാൽ, ഫണ്ട് ക്ഷാമത്തെകുറിച്ചുള്ള മുറവിളി ഒരു സ്ഥിരം പല്ലവിയായി ഉയർന്നു വരും. കഴിഞ്ഞ ദിവസം, ദേശീയ തൊഴിൽ മിനിമം വേതനത്തിൽ പ്രതിദിനം 176 രൂപയിൽനിന്ന് 178 രൂപയായി, 2 രൂപയുടെ വർദ്ധനവ് പ്രഖ്യാപിച്ചപ്പോൾ ഭരണസംവിധാനത്തിന്റെ സ്വേച്ഛാധികാരത്തിന്റെ നല്ലൊരുപ്രകടനം സർക്കാർ നമുക്ക് കാണിച്ചുതന്നു. തൊഴിൽ മന്ത്രാലയത്തിലെ ആഭ്യന്തരസമിതി പ്രതിദിനം 2,400 കലോറി എന്ന മിനിമം ഉപഭോഗത്തെ ആധാരമാക്കി 375 രൂപയുടെ ഉയർന്നതുക ശുപാർശ ചെയ്തിട്ടും അത് നിഷ്ഫലമായി. അതുമാത്രമല്ല, മണിപ്പൂരിലെ സ്കൂൾ അദ്ധ്യാപകരുടെ ശമ്പള സ്കെയിൽ 9,300 രൂപയിൽനിന്ന് 5,200 രൂപയായി കുറച്ചു. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലേക്കുള്ള വിഹിതം 61,084 കോടിയിൽനിന്ന് 60,000 കോടി രൂപയായി ബജറ്റ് കുറച്ചിട്ടുണ്ട്. സ്വതന്ത്രപ്രവർത്തകരും ഗവേഷകരും പദ്ധതിയിൽ പ്രവർത്തിക്കുന്ന സംഘടനകളും 88,000 കോടി രൂപയിൽ താഴെയുള്ള ഒന്നുകൊണ്ടും പദ്ധതി ശരിയായി പ്രവർത്തിക്കില്ലെന്ന് യുക്തിസഹമായി ആവർത്തിച്ചു വാദിക്കുന്നു. ഈ പദ്ധതി പ്രകാരം 13 കോടി തൊഴിൽ കാർഡ് ഉടമകൾക്ക് 100 ദിവസത്തേക്ക് ഉറപ്പുനൽകുന്ന ജോലിപോലും സർക്കാർ നിഷേധിക്കുന്നു. തീർച്ചയായും അവിശ്വസനീയം തന്നെ!




**വളരെയധികം ഊതിപ്പെരുപ്പിച്ച ചാന്ദ്രദൗത്യവും, കണക്കുകൂട്ടി വളർത്തിയെടുക്കുന്ന യുദ്ധവെറിയും പോലെ തന്നെ, ഈ 5 ട്രില്യൺ ഡോളർ നാടകവും ജീവിതത്തിലെ നീറുന്ന പ്രശ്നങ്ങളിൽനിന്ന് ജനങ്ങളുടെ ശ്രദ്ധ വ്യതിചലിപ്പിച്ച് ശരിയായ പോരാട്ടത്തിന്റെ പാതയിൽനിന്നും അവരെ മാറ്റിനിർത്തി, വായുവിൽ കൊട്ടാരങ്ങൾ പണിയുന്ന അന്ധതയിൽ അവരെ കുരുക്കിയിടാനുള്ള ശ്രമമാണ്.**

### അടിച്ചമർത്തുന്ന യാഥാർത്ഥ്യം

എന്നാൽ സമ്പത്ത് സൃഷ്ടിക്കുന്നത് തൊഴിലാളികളാണെന്നും, ഉൽപാദന മാർഗ്ഗങ്ങളുടെ ഉടമകളായ മുതലാളിമാർ തൊഴിലാളികളുടെ അധ്വാനമിച്ചത്തെ തങ്ങളുടെ പണസഞ്ചി നിറയ്ക്കാൻ കൈയടക്കുന്നു എന്നതുമാണ് വസ്തുത. രാഷ്ട്രീയ സാമ്പത്തികശാസ്ത്രത്തിന്റെ ശാസ്ത്രീയ നിയമങ്ങളെ അടിസ്ഥാനമാക്കിയുള്ള ആഴത്തിലുള്ള വിശകലനം വെളിപ്പെടുത്തുന്നത്, മൂലധനംപോലും തൊഴിലാളികളിൽനിന്നും തട്ടിയെടുത്ത തൊഴിൽ ശക്തിയല്ലാതെ മറ്റൊന്നുമല്ല എന്നാണ്. സമ്പത്തിന്റെ യഥാർത്ഥ സ്രഷ്ടാക്കളായ തൊഴിലാളികളെയും കൃഷിക്കാരെയും കൊള്ളയടിക്കുന്നവരെയും ചൂഷണം ചെയ്യുന്നവരെയും ബഹുമാനിക്കാൻ നമ്മുടെ സർക്കാർ ആവശ്യപ്പെടുന്നു. പ്രധാനമന്ത്രിയും അദ്ദേഹത്തിന്റെ കാബിനറ്റ് സഹപ്രവർത്തകരും സർക്കാരും, മുതലാളിത്തഭരണകൂടത്തിന് വിധേയരായ സാമ്പത്തിക വിദഗ്ധരും കോളമിസ്റ്റുകളും കൗശലത്തോടെ മറയ്ക്കാൻ ശ്രമിക്കുന്നത്, മുതലാളിത്ത സാമ്പത്തിക നിയമത്തിൽ, മുഴുവൻ ഉൽപാദന വ്യവസ്ഥയും മൂലധനത്തിന്റെയോ മുതലാളിമാരുടെയോ താൽപ്പര്യത്തിന്റെ കാഴ്ചപ്പാടിൽനിന്നാണ് പ്രവർത്തിക്കുന്നത് എന്നതാണ്.

ലാഭം പരമാവധിയാക്കുക, സമൂഹത്തിന്റെ ആവശ്യങ്ങൾ നിറവേറ്റാതിരിക്കുക എന്നിവയാണ് ഉൽപാദനത്തിന്റെ ലക്ഷ്യം. ഉൽപാദന മാർഗ്ഗങ്ങളുടെ (വ്യവസായം അല്ലെങ്കിൽ ഭൂമി) ഏതാനും ഉടമസ്ഥരുടെ കൈകളിലാണ് ഈ പരമാവധിലാഭം ചെന്നെത്തുന്നത്. ഇതാകട്ടെ, അധ്വാനിക്കുന്ന ജനങ്ങളെ നിഷ്കരുണം ചൂഷണം ചെയ്യുന്നതിലൂടെയും അവരുടെ ന്യായമായ അവകാശം നിഷേധിക്കുന്നതിലൂടെയും അവരുടെ രക്തത്തിന്റെ അവസാന തുള്ളിപോലും പിഴിഞ്ഞെടുക്കുന്നതിലൂടെയും മാത്രമാണ്. ഈ ലാഭത്തിൽനിന്ന് മാത്രമാണ് സമ്പത്ത് സമാഹരിക്കപ്പെടുന്നത്. ആഗോളവൽക്കരണം, സ്വതന്ത്ര കമ്പോള സമ്പദ്‌വ്യവസ്ഥ അല്ലെങ്കിൽ അരിച്ചിറങ്ങൽ സാമ്പത്തികശാസ്ത്രം, എങ്ങനെ പേരുമാറ്റിയാലും മുതലാളിത്തം മുതലാളിത്തമായി തുടരുന്നു. അതുകൊണ്ടുതന്നെ, അതിന്റെ അടിസ്ഥാന പ്രവർത്തനനിയമങ്ങൾ നിലനിൽക്കുന്നു. മുതലാളിത്തം, അതിന്റെ മരണാസന്നമായ, അസ്ഥിരമായ നിലനിൽപ്പ് നീട്ടിയെടുക്കുമ്പോൾ, അത് പ്രതിസന്ധിയെ വളർത്തുന്നു. പ്രതിസന്ധിയുടെ മുഴുവൻ ഭാരവും തൊഴിലാളിവർഗവും കൃഷിക്കാരും ഉൾപ്പെടെയുള്ള സാധാരണക്കാർക്കുമേൽ വിവിധ സാമ്പത്തിക-പണ നയങ്ങളായി അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നു. അതുപോലെതന്നെ, 'അച്ഛേ ദിൻ', 'സബ്കേ സാത്ത് സബ്കാവികാസ്', ഇപ്പോൾ '5 ട്രില്യൺ ഡോളർ സമ്പദ്‌വ്യവസ്ഥ' തുടങ്ങിയ കൃത്രിമ പ്രസ്താവങ്ങളിലൂടെ വ്യാജ സ്വപ്നങ്ങൾ വിൽക്കുന്നു.

### ദുരിതക്കയത്തിലാഴ്ന്ന അധ്വാനിക്കുന്ന ജനലക്ഷങ്ങൾ സത്യം ഉൾക്കൊള്ളണം

'5 ട്രില്യൺ ഡോളർ സമ്പദ്‌വ്യവസ്ഥ' കൈവരിക്കുകയെന്ന ലക്ഷ്യം, പ്രമുഖ ബൂർഷ്വാ സാമ്പത്തികവിദഗ്ധർ, സാമ്പത്തികവളർച്ച അളക്കുന്നതിനുള്ള വ്യവസ്ഥാപിത മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ടുതന്നെ, നിരാകരിക്കുന്നില്ലെങ്കിൽപോലും അവിശ്വസിക്കുകയാണ്. നിഷ്കരുണം മുതലാളിത്തചൂഷണത്തിന്റെ കീഴിൽ ചവിട്ടിയരക്കപ്പെടുന്ന ദരിദ്രരായ നാട്ടുകാർക്ക് ഇത് ഒന്നും നൽകുന്നില്ല. തൊഴിലിന്റെ അഭാവം, വിലക്കയറ്റം, വർദ്ധിച്ചുവരുന്ന കാർഷിക പ്രതിസന്ധി എന്നിവ, വളരെയധികം കൊട്ടിഘോഷിക്കപ്പെടുന്ന സാമ്പത്തിക വളർച്ചയെ ഒരു നനഞ്ഞ പടക്കമാക്കി മാറ്റുകയും എല്ലാ അധ്വാനിക്കുന്ന ആളുകൾക്കും ഒരു ഭാരമാക്കുകയും ചെയ്യുന്നു. 2024ഓടെ എന്തെങ്കിലും അത്ഭുതം സംഭവിച്ച് അഞ്ച് ട്രില്യൺ ഡോളർ സമ്പദ്‌വ്യവസ്ഥയിലെത്തുമെന്ന് കരുതിയാൽ പോലും, അതിൽനിന്ന് ആർക്കാണ് നേട്ടമുണ്ടാകുക? കുത്തക ഭീമന്മാർ, വമ്പൻ ഇന്ത്യൻ ബഹുരാഷ്ട്ര സ്ഥാപനങ്ങൾ, അല്ലെങ്കിൽ വിദേശനിക്ഷേപം നടത്താൻ ആഗ്രഹിക്കുന്ന ഉയർന്ന ആസ്തിയുള്ള വ്യക്തികൾ, അതുമല്ലെങ്കിൽ ഇന്ത്യയിൽ നിക്ഷേപം നടത്താൻ ആഗ്രഹിക്കുന്ന അതിസമ്പന്നരായ വിദേശികൾ തുടങ്ങിയവർക്കുമാത്രം. ഇന്ത്യയുടെ ഈ വർധിത ഡോളർ പരിധിയിൽനിന്ന് അവർമാത്രം പ്രയോജനം നേടിയേക്കാം.

അടിച്ചമർത്തപ്പെട്ട, നിരന്തരം ചൂഷണം ചെയ്യപ്പെടുന്ന, അധ്വാനിക്കുന്ന അനേകലക്ഷം ഇന്ത്യക്കാരുടെ ക്ഷേമത്തെ സംബന്ധിച്ചിടത്തോളം ഒരു കണികക്കുപോലും ഇതൊന്നും ഗുണം ചെയ്യില്ല. നേരായി ചിന്തിക്കുന്ന ഒരു വിഭാഗം അഭിപ്രായപ്പെടുന്നതുപോലെ, വളരെയധികം ഊതിപ്പെരുപ്പിച്ച ചാന്ദ്രദൗത്യവും, കണക്കുകൂട്ടി വളർത്തിയെടുക്കുന്ന യുദ്ധവെറിയും പോലെതന്നെ, ഈ 5 ട്രില്യൺ ഡോളർ നാടകവും ജനങ്ങളുടെ ശ്രദ്ധ ജീവിതത്തിലെ നീറുന്ന പ്രശ്നങ്ങളിൽനിന്ന് വ്യതിചലിപ്പിച്ച് ശരിയായ പോരാട്ടത്തിന്റെ പാതയിൽനിന്നും അവരെ മാറ്റിനിർത്തി, വായുവിൽ കൊട്ടാരങ്ങൾ പണിയുന്ന അന്ധതയിൽ കുരുക്കിയിടാനുള്ള ശ്രമമാണ്. വസ്തുതകളും വസ്തുനിഷ്ഠമായ വിശകലനങ്ങളും കണക്കിലെടുക്കുമ്പോൾ അവരുമായി യോജിക്കാതെ തരമില്ല. അടിച്ചമർത്തപ്പെട്ട, ദുരിതമനുഭവിക്കുന്ന ജനങ്ങൾ ഈ സത്യം ശരിയായും ആത്മാർത്ഥമായും ഉൾക്കൊള്ളണം എന്നതാണ് അനിവാര്യത. ■

# വിജ്ഞാന ശാസ്ത്രം, വൈരുദ്ധ്യാത്മക ഭൗതികവാദം, വിപ്ലവ ജീവിതം എന്നിവയെപ്പറ്റി

**സമുന്നത മാർക്സിസ്റ്റ് തത്വചിന്തകനും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ സ്ഥാപക ജനറൽ സെക്രട്ടറിയുമായ സഖാവ് ശിബ്ദാസ് ഘോഷ് 1967ൽ കൽക്കത്തയിൽ ഒരു സ്കൂൾ ഓഫ് പൊളിറ്റിക്സിൽ, വിജ്ഞാന ശാസ്ത്രത്തെക്കുറിച്ചും വൈരുദ്ധ്യാത്മക ഭൗതികവാദത്തെ ആഴത്തിൽ വിശകലനം ചെയ്തുകൊണ്ടും നടത്തിയ പ്രസംഗമാണ് 'വിജ്ഞാന ശാസ്ത്രം, വൈരുദ്ധ്യാത്മക ഭൗതികവാദം, വിപ്ലവ ജീവിതം എന്നിവയെപ്പറ്റി' എന്ന കൃതിക്ക് ആധാരമായിട്ടുള്ളത്. അതിന്റെ മലയാള പരിഭാഷയുടെ നാലാം ഭാഗമാണ് ഈ ലക്കത്തിൽ കൊടുത്തിരിക്കുന്നത്.**

### സിദ്ധാന്തവും പ്രയോഗവും ഒന്ന് മറ്റൊന്നിൽനിന്നും വേർപെട്ടു നിൽക്കുന്നില്ല

സ്റ്റാലിന്റെ വാക്കുകളിൽ: പ്രയോഗമില്ലാത്ത സിദ്ധാന്തം വന്ധ്യവും, സിദ്ധാന്തം ഇല്ലാത്ത പ്രയോഗം അന്ധവുമാണ്. ഇത് അർത്ഥമാക്കുന്നത്, പ്രയോഗം കൂടാതെയുള്ള സിദ്ധാന്തത്തിന് ഒന്നും സൃഷ്ടിക്കാൻ സാധ്യമല്ല, മനുഷ്യന്റെ ജീവിതസമരം നയിക്കാൻ അതിന് സാധിക്കുകയില്ല, എന്നാണ്. അത് വന്ധ്യമാണ്. കാരണം, അത് സൃഷ്ടിപരമല്ല, അതിന് പ്രയോഗസാധ്യതയുമില്ല. അത്തരം സിദ്ധാന്തം ഉപയോഗശൂന്യമാണ്. അതുപോലെ തന്നെ, സിദ്ധാന്തവുമായി യാതൊരു ബന്ധവുമില്ലാത്ത പ്രയോഗം അന്ധമായ പ്രയോഗമാണ്. ഇക്കാര്യത്തിൽ ഒരാൾക്ക് വാദിക്കാം: പാർട്ടി പ്രവർത്തകൻ എന്ന നിലയിൽ എന്റെ ജോലികളെല്ലാം ഞാൻ ചെയ്യുന്നുണ്ട്, പോസ്റ്ററുകൾ ഒട്ടിക്കുന്നു, മുദ്രാവാക്യം മുഴക്കുന്നു, കർഷകരെ സന്ദർശിക്കുന്നു, സാധാരണജനങ്ങൾക്കിടയിൽ ഇടപഴകുന്നു, അവരുമായി ചർച്ച ചെയ്യുന്നു, ഇതിനർത്ഥം ഞാൻ പ്രവർത്തനത്തിൽ ആമഗ്നനാണ്, ജനങ്ങളുമായി നിരന്തര സഹവാസം നിലനിർത്തുന്നു, എനിക്ക് പ്രായോഗിക അനുഭവമുണ്ട് – ഈ രീതിയിൽ ചിന്തിക്കുന്ന സഖാക്കൾക്ക് ഒരു മുന്നറിയിപ്പ് നൽകാൻ ഞാൻ ആഗ്രഹിക്കുന്നു. അവരുടെ ആ പ്രയോഗം, അവരുടെ ആ സമരം, സിദ്ധാന്തത്തിൽ അധിഷ്ഠിതമല്ല എങ്കിൽ, തങ്ങളുടെ പ്രവർത്തനം സിദ്ധാന്തവുമായി ഒത്തുപോകുന്നുണ്ടോയെന്ന് നിരന്തരം അവർ പരിശോധിക്കുന്നില്ലെങ്കിൽ, ഇതെല്ലാം ഐക്യത്തിന്റെയും സമരത്തിന്റെയും അടിസ്ഥാനത്തിൽ വീക്ഷിക്കുന്നതിൽ അവർ പരാജയപ്പെട്ടാൽ, അവരുടെ അനുഭവജ്ഞാനത്തെ കുറിച്ചുള്ള അവകാശവാദത്തിന് എന്ത് മൂല്യമാണുള്ളത്? അങ്ങനെവരുമ്പോൾ ഇത്തരം പ്രവർത്തനങ്ങൾ സാധാരണലോകത്ത് ദൃശ്യമാകുന്ന തരത്തിലുള്ള വെറും അന്ധമായ പ്രവർത്തനമായി പരിണമിക്കും. ജീവിതകാലം മുഴുവൻ കൃഷി ചെയ്ത പ്രായമായ ഒരു കർഷകൻ, താൻ ഒരു കർഷകനായതുകൊണ്ട് കർഷകരുടെ പ്രശ്നങ്ങൾ മാർക്സിനേക്കാളോ, ലെനിനേക്കാളോ മാവോയെക്കാളോ നന്നായി മനസ്സിലാകും എന്നു സ്വയം ചിന്തിച്ചാൽ, ആ ചിന്തയിൽ എന്തെങ്കിലും കഴമ്പുണ്ടോ? അതിൽ യാതൊരു കഴമ്പുമില്ല. കാരണം, ലോകത്തെ ഈ മഹാന്മാരായ കമ്മ്യൂണിസ്റ്റ് നേതാക്കന്മാർ ഉണ്ടാക്കിയെടുത്ത സിദ്ധാന്തം, പ്രായോഗിക ജീവിതാനുഭവത്തിലൂടെ സമ്പുഷ്ടമാക്കിയതാണ്. അവരുടെ സിദ്ധാന്തം യാഥാർത്ഥ്യത്തിൽനിന്നും വേറിട്ടുനിൽക്കുന്നതല്ല. ഈ കാര്യം അങ്ങനെയൊരു വെളിച്ചത്തിൽ വേണം മനസ്സിലാക്കാൻ. നമ്മുടെ കർഷകസഖാക്കളും ഒരു കാര്യം മനസ്സിലാക്കേണ്ടതുണ്ട്, അവരുടെ അനുഭവജ്ഞാനം വിലയേറിയതാണ് എന്നതിൽ ഒരു സംശയവുമില്ല. അത് നിഷേധിക്കുക എന്ന വിഷയംതന്നെ ഉദിക്കുന്നില്ല. പക്ഷേ, കർഷകമുന്നേറ്റത്തെ അന്ധതയിൽനിന്നും മോചിപ്പിച്ച്, വിപ്ലവവീക്ഷണത്തോടെ നയിക്കണമെങ്കിൽ, മാർക്സിസത്തിന്റെ അടിസ്ഥാനപാഠങ്ങളെ അവർ മതിയാംവണ്ണം ഉൾക്കൊള്ളേണ്ടതുണ്ട്. അവർ മാർക്സിസ്റ്റ് സിദ്ധാന്തം അനുവർത്തിക്കുകയും ജീവിതത്തിലുടനീളം പ്രയോഗിക്കുകയും ചെയ്യേണ്ടതുണ്ട്.

അതേ സമയം തന്നെ, മാർക്സിനും ഏംഗൽസിനും ലെനിനും സ്റ്റാലിനും മാവോയ്ക്കുമെല്ലാം കർഷകരിൽനിന്നും പഠിക്കേണ്ടിവന്നു എന്നതും സത്യമാണ്. സാധാരണജനങ്ങളിൽ നിന്നും പഠിക്കേണ്ട അനവധി കാര്യങ്ങളുണ്ട്. ഈ നേതാക്കന്മാരെല്ലാംതന്നെ ഈ കാര്യത്തിന് വളരെയധികം പ്രാധാന്യം കൽപ്പിച്ചിരുന്നു. സിദ്ധാന്തവും പ്രയോഗവും പരസ്പരം വേർപെട്ടവയല്ല, രണ്ടും ഉദ്ഗ്രഥിച്ചുകൊണ്ട് ഒരു വൈരുദ്ധ്യാത്മക സംശ്ലേഷണം കൈവരിക്കേണ്ടതുണ്ട്. വിപ്ലവസിദ്ധാന്തം അനുസരിച്ച് ബഹുജനങ്ങൾക്കിടയിൽ പ്രവർത്തിക്കുമ്പോൾ ലഭിക്കുന്ന അനുഭവങ്ങൾ, ചില പഴയ ധാരണകളിൽ എന്തെങ്കിലും തിരുത്ത് അല്ലെങ്കിൽ മാറ്റം ആവശ്യമാക്കിത്തീർക്കുകയാണെങ്കിൽ, ആ മാറ്റം വരുത്തേണ്ടതുണ്ട്. ഇത്തരം അനവധി ഉദാഹരണങ്ങൾ നിറഞ്ഞതാണ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം.

### ആത്മനിഷ്ഠവും വസ്തുനിഷ്ഠവുമായ പ്രയോഗം – മനുഷ്യപ്രയത്നത്തിന്റെ രണ്ട് വശങ്ങൾ

ശാസ്ത്രീയ ഗവേഷണങ്ങളുടെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട പ്രധാനപ്പെട്ടതും അടിസ്ഥാനപരവുമായ പല സിദ്ധാന്തങ്ങളും, തുടർന്ന് നിരന്തരം പ്രയോഗത്തിൽ കൊണ്ടുവരേണ്ടതാണെന്ന് ശാസ്ത്രലോകവും അംഗീകരിക്കുന്നു. പ്രകൃതിശാസ്ത്രത്തെ സൗകര്യത്തിനുവേണ്ടി, സൈദ്ധാന്തികശാ




സ്ത്രം(theoretical science), പ്രയുക്തശാസ്ത്രം (applied science), എന്നിങ്ങനെ രണ്ട് വിഭാഗമാക്കിയാണ് പഠിക്കുന്നത്. രണ്ട് പ്രത്യേക ശാഖകളായാണ് പഠിക്കുന്നതെങ്കിലും, ഈ രണ്ട് ശാഖകളും പരസ്പരം ഒഴിവാക്കുന്നില്ല. ഇത് മാർക്സിസത്തിനും ബാധകമാണ്. ഇവിടെ, ഒരു കൂട്ടം സഖാക്കൾക്ക് സിദ്ധാന്തപഠനം മാത്രം, മറ്റൊരുകൂട്ടം സഖാക്കൾക്ക് പ്രായോഗിക പ്രവർത്തനം മാത്രം എന്നതല്ല. പ്രവർത്തനത്തിൽ ഏർപെട്ടിരിക്കുന്ന സഖാക്കൾ, അന്ധമായി പ്രവർത്തിക്കുകയല്ല പകരം, സിദ്ധാന്തം പ്രയോഗിക്കുമ്പോൾ അത് ശരിയായ രീതിയിലാണോ അല്ലയോ എന്ന് അവർ ഉറപ്പാക്കേണ്ടതുണ്ട്. അതുപോലെ, സിദ്ധാന്തത്തെ വികസിപ്പിക്കുന്നതിൽ തങ്ങൾ സഹായിക്കുന്നുണ്ടോ എന്നും പരിശോധിക്കണം. പ്രധാനമായും സൈദ്ധാന്തികപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നവർ, തങ്ങളുടെ സൈദ്ധാന്തികസപര്യ ജീവിതത്തിലെ പ്രയോഗത്തിന് വഴികാട്ടാൻ സഹായിക്കുന്നുണ്ടോ ഇല്ലയോ എന്ന് പരിശോധിക്കുവാൻ ശ്രദ്ധിക്കണം. അതായത്, ജീവിതത്തിൽ വഴികാട്ടുന്ന തത്വമായി അത് പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കണം. അങ്ങനെയില്ലെങ്കിൽ ആ പ്രക്രിയ മുഴുവനായും അലക്ഷ്യമായി സമയവും ഊർജ്ജവും പാഴാക്കുന്ന ഒന്നു മാത്രമായിരിക്കും. സിദ്ധാന്തവും പ്രയോഗവും നിരന്തരം ഉദ്ഗ്രഥിക്കേണ്ടതുണ്ട്. അതായത്, പ്രായോഗികമുന്നേറ്റം എന്നു നാം വിളിക്കുന്ന ബോധപൂർവമായ പ്രക്രിയയിലൂടെ സിദ്ധാന്തം അതിന്റെ സാക്ഷാത്കാരം കൈവരിക്കേണ്ടതുണ്ട്. സൈദ്ധാന്തികമുന്നേറ്റം സാധ്യമാക്കുന്നതിലൂടെ, അതിന്റെ കൃത്യത പ്രയോഗത്തിൽ കൈവരിക്കപ്പെടുന്നു, അതായത്, യഥാർത്ഥമായും സിദ്ധാന്തം പ്രയോഗത്തിന് വഴികാട്ടുന്നു എന്നു ഉറപ്പാക്കാൻ എല്ലാവരും ജാഗ്രത കാട്ടണം. നമ്മൾ സിദ്ധാന്തമെന്നു പൊതുവെ പറയുന്നതിനെ ആത്മനിഷ്ഠപ്രയോഗം(subjective practice) എന്നു വിളിക്കാനാണ് ഞാൻ താത്പര്യപ്പെടുന്നത്. നമ്മൾ പ്രയോഗം എന്നു പൊതുവിൽ പറയുന്നതിനെ വസ്തുനിഷ്ഠപ്രയോഗം (objective practice) എന്നുവിളിക്കാനും ഞാൻ താത്പര്യപ്പെടുന്നു. അതായത്, ആത്മനിഷ്ഠ പ്രയോഗവും വസ്തുനിഷ്ഠ പ്രയോഗവും ചേർന്നാണ്, മനുഷ്യപ്രവർത്തനം അതിന്റെ സമ്പൂർണതയിൽ എത്തുന്നത്. ആത്മനിഷ്ഠപ്രയോഗം അഥവാ സിദ്ധാന്തം, വസ്തുനിഷ്ഠപ്രയോഗം അഥവാ പ്രവൃത്തി – രണ്ടിലും പിന്തുടരുന്ന മാർഗ്ഗം വ്യത്യസ്തമാണെങ്കിലും – രണ്ടും മനുഷ്യപ്രവർത്തനം തന്നെയാണ്. വിഷയം ഈ രീതിയിൽ നാം മനസ്സിലാക്കുന്നില്ലെങ്കിൽ, തെറ്റുകൾ വരുത്തുക എന്ന അപകടം വളരെ കൂടുതലാണ്. സിദ്ധാന്തത്തിന്റെയും പ്രയോഗത്തിന്റെയും വിഷയത്തെ വളരെ യാന്ത്രികമായി സമീപിക്കുന്ന ആളുകൾ ചിലപ്പോൾ നമ്മുടെ പാർട്ടിയെക്കുറിച്ച് അഭിപ്രായപ്പെടുന്നത് കേട്ടിട്ടുണ്ട്: നിങ്ങൾ സൈദ്ധാന്തികമായി ശരിയാണ്, പക്ഷേ വ്യക്തമായും പ്രയോഗത്തിന്റെ മേഖലയിൽ നിങ്ങൾ ഇനിയും മുന്നേറേണ്ടതുണ്ട്. ഈ ആളുകൾ പറയാൻ ഉദ്ദേശിക്കുന്നത്, എസ്‌യുസിഐ സൈദ്ധാന്തികമായി ശരിയാണ്, പക്ഷേ പ്രയോഗത്തിന്റെ മേഖലയിൽ അങ്ങനെയല്ല എന്നാണ്. അവാസ്തവികമായ ഈ യുക്തി ആരെങ്കിലും സ്വീകരിച്ചാൽ, തുടർന്ന് വരാവുന്നതെന്താണ്? മറ്റ് പാർട്ടികളൊക്കെ സൈദ്ധാന്തികമായി തെറ്റാണെങ്കിൽകൂടിയും അവർ പ്രവർത്തനരംഗത്ത് ശരിയാണ് എന്നതാവും. എന്നാൽ ഇത്തരത്തിലൊരു വാദം ഉയർത്തുന്നവർ മാർക്സിസത്തെക്കുറിച്ച് വികലമായ ധാരണയുള്ളവരാകണം. മറ്റൊരുതരത്തിൽ പറഞ്ഞാൽ, മാർക്സിസത്തിന്റെ പേരിൽ അവർ മറ്റെന്തൊക്കെയോ ആണ് അനുവർത്തിക്കുന്നത്. കാരണം, സമരത്തിന്റെയും പരിശോധനയുടെയും പ്രയോഗത്തിന്റെയും ഉത്പന്നമല്ലാത്ത സിദ്ധാന്തത്തെ എങ്ങനെയാണ് ശരിയായ സിദ്ധാന്തമായി കാണാൻ സാധിക്കുക? അത് സാധ്യമല്ല. എന്തിനെയെങ്കിലും സൈദ്ധാന്തികമായി ശരി എന്നു വിളിക്കുന്നതിനർത്ഥം, അത് പ്രയോഗത്തിൽ കൊണ്ടുവരുമ്പോൾ, കടകവിരുദ്ധമായ ഫലം അത് ഉളവാക്കില്ല എന്നതുകൊണ്ടാണ്. ശാസ്ത്രജ്ഞർ അവർ ശരിയെന്നു ഗണിക്കുന്ന ഒരു സിദ്ധാന്തം പ്രയോഗിക്കുമ്പോൾ, അവരെത്തിച്ചേരുന്ന നിഗമനം ഏകദേശ നിഗമനമായി മാത്രമേ അവർ എടുക്കുകയുള്ളൂ. ഇതിനർത്ഥം, പ്രയോഗത്തിൽ നിന്നും ലഭിക്കുന്ന ഫലങ്ങൾ ചില സാഹചര്യങ്ങളിൽ മാറി വരാമെന്നതാണ്. പക്ഷേ, മറ്റ് ഘടകങ്ങളും സാഹചര്യങ്ങളും വ്യത്യാസപ്പെടുന്നില്ലെങ്കിൽ അത് പ്രതീക്ഷിക്കുന്ന ഫലത്തെ ആകെ നിഷേധിക്കുന്നതാകില്ല. ഇതുകൊണ്ടാണ്, ഒരു സിദ്ധാന്തം ശരി പക്ഷേ പ്രയോഗം തെറ്റ് എന്ന രീതി ഒരിക്കലും ഉണ്ടാവുകയില്ലെന്ന് ഞാൻ പറഞ്ഞത്. അതിനു കാരണം, വസ്തുനിഷ്ഠ പ്രയോഗത്തിന്റെ ഉരകല്ലിന്മേൽ വിജയകരമായി പരിശോധിച്ച് ഉറപ്പിച്ചതിന്മേലാണ് ശരിയായ സിദ്ധാന്തം നിലനിൽക്കുന്നത്.

ഈ ചർച്ചകൾക്കെല്ലാം ശേഷവും ചില സഖാക്കളുടെ മനസ്സിൽ ചില ചോദ്യങ്ങൾ തങ്ങിനിൽക്കുന്നു എന്നു ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. അവർ വിശ്വസിക്കുന്നത്: നമ്മുടെ സിദ്ധാന്തം ശരിയാണ്, അതിലൊരു തർക്കവുമില്ല. പക്ഷേ, നമ്മുടെ പ്രയോഗത്തിൽ തെറ്റുകളൊന്നുമില്ലെങ്കിൽ എന്തുകൊണ്ടാണ് നമ്മുടെ സംഘടനാപരമായ പുരോഗതിയും മുന്നേറ്റവും തൃപ്തികരമല്ലാത്തത്? എന്തുകൊണ്ടാണ് നമ്മൾ ആഗ്രഹിക്കുന്നതുപോലെ നമുക്കു പുരോഗമിക്കാനാകാത്തത്? യഥാർത്ഥത്തിൽ അ

(ശേഷം 7-ാം പേജിൽ)

(6-ാം പേജിൽ നിന്ന്)

വരും അർത്ഥമാക്കുന്നത്, നമ്മുടെ പ്രയോഗം തെറ്റാണെന്നാണ്. വാസ്തവത്തിൽ ഇത്തരം സംഭാഷണങ്ങൾ അർത്ഥശൂന്യമാണെന്നാണ് അവർ മനസ്സിലാക്കേണ്ടത്. സിദ്ധാന്തം ശരിയായി പ്രയോഗിക്കുന്നതിൽ കഴിവുറ്റവരായി നമ്മുടെ പാർട്ടി പ്രവർത്തകരെ എല്ലാ രീതിയിലും മാറ്റിയെടുക്കുവാനുള്ള നമ്മുടെ പ്രയത്നത്തിൽ, എന്തെങ്കിലും കുറവുകളോ വീഴ്ചകളോ ഉണ്ടായിട്ടുണ്ടോ എന്നാണ് യഥാർത്ഥത്തിൽ പരിശോധിക്കേണ്ടത്. സ്റ്റാലിൻ ഇതേക്കുറിച്ചു പറഞ്ഞതെന്തെന്നാൽ, രാഷ്ട്രീയ ലൈൻ ശരിയാണ് എന്നതുകൊണ്ടു മാത്രം കാര്യമില്ല, ഈ രാഷ്ട്രീയലൈൻ എല്ലാ പ്രതിസന്ധികൾക്കും പ്രതിബന്ധങ്ങൾക്കും മുന്നിലും കൃത്യമായി പ്രയോഗത്തിൽ കൊണ്ടുവരാൻ സാധിക്കുന്നുണ്ടോ എന്നതാണ് നിങ്ങൾ പരിശോധിക്കേണ്ടത്. ആഗ്രഹിച്ച അളവിൽ വിജയമോ പുരോഗതിയോ നേടാൻ നമുക്ക് സാധിക്കുന്നില്ല എന്നത് പലപ്പോഴും സംഭവിക്കാം. കാരണം, പ്രതികൂലശക്തികളേയോ പ്രതികൂല സാഹചര്യങ്ങളേയോ നേരിടാൻ ആവശ്യമായ കരുത്ത് നാം ഇനിയും നേടേണ്ടതുണ്ട്. പ്രതികൂല സാഹചര്യത്തെ ചൊല്ലി വിലപിച്ചുകൊണ്ട് നാം അലസരായി ഇരിക്കണമെന്ന് തീർച്ചയായും ഇതിന് അർത്ഥമില്ല. അതല്ല വിപ്ലവ കാഴ്ച്ചപ്പാട്. മറുവശത്ത്, ഒരു നിശ്ചിത സാഹചര്യത്തിൽ, എന്തെല്ലാം പ്രതികൂല സാഹചര്യങ്ങളുണ്ടെങ്കിലും പാർട്ടി സംഘടനക്കുമുന്നിൽ തുറന്നു കിട്ടുന്ന എല്ലാ അവസരങ്ങളും പൂർണമായും നമ്മൾ ഉപയോഗപ്പെടുത്തുന്നുണ്ടോ എന്നതാണ്, നമ്മൾ നിരന്തരം പരിശോധിക്കേണ്ടത്. നമ്മൾ എപ്പോഴും അത് ശ്രദ്ധിക്കുകയും, ഈ കാര്യത്തിലുള്ള നമ്മുടെ പ്രയത്നത്തിൽ യാതൊരുവിധ കുറവോ പിഴവോ ഉണ്ടാകാതെ കാക്കുകയും വേണം. ഇതാണ് ശരിയായ വിപ്ലവ കാഴ്ച്ചപ്പാട്. ഇതിൽ യാതൊരു വീഴ്ചയും ഉണ്ടാകരുത്. നമ്മുടെ പരാജയങ്ങൾക്ക് പ്രതികൂല സാഹചര്യമാണ് ഉത്തരവാദി എന്നാണ് നമ്മൾ വിശ്വസിക്കുന്നതെങ്കിൽ, ഈ കാഴ്ചപ്പാടാണ് നമ്മളെ നിസ്സഹായാവസ്ഥയിലാക്കുന്നതെങ്കിൽ, ഈ വഴി നാം തെരഞ്ഞെടുക്കാതിരിക്കുകയാണ് നല്ലത്. ഓരോ രാജ്യത്തെയും വിപ്ലവം വിജയത്തിലേക്ക് നയിക്കാൻ സാധിച്ചത്, നിരവധി പരാജയങ്ങളെ മറികടന്നു കൊണ്ടും, നിരവധി പ്രതിസന്ധികളെ നേരിട്ടുകൊണ്ടും അനവധി പ്രതിബന്ധങ്ങളോട് പൊരുതിക്കൊണ്ടും മാത്രമാണ് എന്നതാണ് ഓരോ രാജ്യത്തും വിജയിച്ച വിപ്ലവത്തിന്റെ ചരിത്രം നമ്മളെ പഠിപ്പിക്കുന്നത്.

**മാർക്സിസ്റ്റ് തത്വചിന്ത– ആവിർഭാവത്തിന്റെ ചരിത്രം**

മാർക്സിസ്റ്റ് പ്രത്യയശാസ്ത്രത്തെക്കുറിച്ച് ചർച്ചചെയ്യുന്ന പശ്ചാത്തലത്തിൽ, മാർക്സിന്റെ പ്രത്യയശാസ്ത്രത്തിന്റെയും ചിന്തയുടെയും ആവിർഭാവത്തിന് അടിത്തറയൊരുക്കുന്നതിൽ ഹെഗലിന്റെയും ഫോയർബാഹിന്റെയും ചിന്തകൾ നിർവഹിച്ച ചരിത്രപരമായ പങ്കിനെക്കുറിച്ച്, ഹ്രസ്വമായിട്ടെങ്കിലും ഇവിടെ പരാമർശിക്കേണ്ടതുണ്ട്. ദ്വന്ദ്വാത്മകതയുടെ നിയമം, അഥവാ വൈരുദ്ധ്യത്തിന്റെ സിദ്ധാന്തം ആദ്യമായി അവതരിപ്പിച്ചത് ഹെഗലാണെന്നുപറയാം. വിശദമായ വിശകലനത്തിലൂടെ, പ്രകൃതിയിലോ ഭൗതിക ലോകത്തോ മാത്രമല്ല ജീവിതത്തിലും സമൂഹത്തിലും പോലും, എല്ലാംതന്നെ ദ്വന്ദ്വാത്മകതയുടെ മൂന്നു തത്വങ്ങളാലാണ് നയിക്കപ്പെടുന്നതെന്ന് സൈദ്ധാന്തികലോകത്ത് ആദ്യമായി സ്ഥാപിച്ചത് അദ്ദേഹമാണ്. സാർവത്രികമായ മാറ്റത്തിന്റെ ഈ പ്രതിഭാസത്തിന് തന്റെ സ്വന്തം രീതിയിൽ ഒരു വ്യാഖ്യാനമാണ് ഹെഗൽ നൽകിയത്. ഏതൊരു വസ്തുവും, ഏതൊരു പ്രതിഭാസവും, അസ്തിത്വത്തിലേക്ക് വരികയും അവയുടെ അസ്തിത്വമില്ലാതാവുകയും ചെയ്യുന്ന ഒരു പ്രക്രിയയിൽ നിലകൊള്ളുന്ന ഒരു പ്രാപഞ്ചിക പരിണാമമായാണ്(cosmic evolution) അദ്ദേഹം ഇത് വ്യാഖ്യാനിച്ചത്. ഇതെല്ലാം ഇങ്ങനെയായിരിക്കുമ്പോളും, അദ്ദേഹം നൽകുന്ന വ്യാഖ്യാനത്തിൽ നിന്നും ആത്യന്തികമായി ഉരുത്തിരിയുന്നത്, ഈ ഭൗതികലോകവും, നാം കണ്ടുമുട്ടുന്ന എന്തും, കേവല ആശയത്തിന്റെ ദ്വന്ദാത്മകപ്രകാശനമാണ് എന്നാണ്. ഇതിനർത്ഥം, നമ്മുടെ ഇന്ദ്രിയങ്ങളിലൂടെ നാം ഗ്രഹിക്കുന്നതെല്ലാം – ഏതൊരു വസ്തുനിഷ്ഠ




യാഥാർത്ഥ്യവും, ഉദാഹരണത്തിന് പറയാം, മനുഷ്യസമൂഹം, എല്ലാം കേവല ആശയത്തിന്റെ ദ്വന്ദ്വാത്മക പ്രകാശനമായാണ് ഹെഗൽ സ്ഥാപിക്കുന്നത്. തന്റെ കാഴ്ച്ചപ്പാട് വിശദീകരിക്കുന്നതിനോടൊപ്പം ഹെഗൽ ഉറപ്പിച്ചുപറഞ്ഞു: യഥാർത്ഥമായതെല്ലാം യുക്തിസഹവുമാണ്. ഹെഗലിന്റെ ഈ വ്യാഖ്യാനം ചില ചോദ്യങ്ങൾ ഉയർത്താനിടയാക്കി. ഉദാഹരണത്തിന്, യഥാർത്ഥമായതെല്ലാം യുക്തിസഹമാണെങ്കിൽ, ഒരു മോഷണകൃത്യത്തെയും ഒരു യുക്തിസഹമായ പ്രവൃത്തിയായി അംഗീകരിക്കേണ്ടി വരും. അതുപോലെ തന്നെ, ഒരു മോഷണ പ്രവൃത്തി കേവലാശയത്തിന്റെ ദ്വന്ദാത്മക പ്രകാശനമായി അംഗീകരിക്കേണ്ടി വരും. അങ്ങനെ വന്നാൽ ഒരു മോഷ്ടാവിനെ ശിക്ഷിക്കാൻ സാധിക്കുകയില്ല. ഇതെല്ലാം തനിക്കെതിരേ ഉന്നയിക്കുന്ന ദുർവ്യാഖ്യാനങ്ങളാണെന്നാണ് ഹെഗൽ മറുപടി നൽകിയത്. പക്ഷേ, അദ്ദേഹം എതിർത്തെങ്കിൽത്തന്നെയും, അദ്ദേഹത്തിന്റെ വിശദീകരണത്തിൽ നിന്നുള്ള യുക്തിസഹമായ അനുമാനം എന്ന നിലയിൽ സ്വാഭാവികമായും ഉരുത്തിരിയുന്നതാണ് ഇതൊക്കെ.*

തന്നെയുമല്ല, കേവലാശയത്തിന്റെ പ്രയോക്താവ് എന്ന നിലയിൽ, പ്രഷ്യൻ ഏകാധിപത്യ ഭരണത്തിന്റെ പിന്തുണക്കാരനായി ഹെഗൽ മാറി. ദ്വന്ദ്വാത്മക ചിന്തകനായിട്ടും കേവലാശയത്തിന്റെ വക്താവായിത്തീർന്നു ഹെഗൽ. കേവലാശയത്തെക്കുറിച്ചുള്ള ഈ ഹെഗലിയൻ സങ്കല്പം, നമ്മുടെ രാജ്യത്തെ വേദാന്തത്തിന്റെ ആശയവുമായി ഏറെക്കുറെ സമാനമാണ്. വേദാന്തത്തിൽനിന്നും അത് വ്യത്യസ്തമാകാൻ കാരണം ഹെഗൽ ദ്വന്ദ്വാത്മകനിയമം ആവിഷ്കരിച്ചതാണ്. പദാർത്ഥലോകം എപ്പോഴും ഒരു അസ്ഥിരാവസ്ഥയിലാണ് എന്നതാണ് അദ്ദേഹത്തിന്റെ വ്യാഖ്യാനത്തിൽ നിന്നും വ്യക്തമാകുന്നത്. പക്ഷേ വേദാന്തത്തിലെ ബ്രഹ്മമാകട്ടെ, രൂപവും, ഗുണവുമില്ലാത്തതും, നിത്യശാന്തിയിൽ ലയിച്ചതും, പൊരുളറിയാൻ സാധിക്കാത്തതുമാണ്. വേദാന്തത്തിൽ നിന്നോ, സാംഖ്യത്തിൽ നിന്നോ, അതുപോലെയുള്ള മറ്റ് തത്വചിന്താപദ്ധതികളിൽ നിന്നോ, പദാർത്ഥലോകത്ത് എങ്ങനെ മാറ്റങ്ങൾ സംഭവിക്കുന്നു എന്നത് വ്യക്തമല്ല. ഈ വിടവ്, ഹെഗലിയൻ ദ്വന്ദ്വാത്മകതയിലില്ല. പക്ഷവും(thesis) എതിർപക്ഷവും(anti-thesis) തമ്മിലുള്ള സംഘർഷത്തിലൂടെയും വൈരുദ്ധ്യത്തിലൂടെയും മാറ്റം സംഭവിക്കുന്നു എന്നാണ് ഇവിടെ വിശദീകരിക്കുന്നത്. ഈ ആശയങ്ങളെല്ലാം ഹെഗലിന്റെ വ്യാഖ്യാനത്തിൽ ഉൾപ്പെട്ടിരിക്കുന്നു.

ഹെഗലിന്റെ ശിഷ്യന്മാരിൽ ഒരു വിഭാഗത്തിന് കേവലാശയവുമായി ബന്ധപ്പെട്ട ഇത്തരം വാദങ്ങളെ അംഗീകരിക്കാനായില്ല. അവരെ ഇടത് ഹെഗലിയന്മാർ എന്നാണ് വിളിച്ചിരുന്നത്. ഹെഗലിന്റെ ശിഷ്യനായിരുന്നു ഫോയർബാഹ്. ഹെഗലിന്റെ അനുമാനം സ്വീകരിക്കാനാകാതെ അദ്ദേഹം വാദിച്ചത്, എല്ലാ പ്രശ്നങ്ങളുടെയും വേരുകൾ കേവലാശയത്തിൽ ആണെന്നാണ്. എന്താണ് കേവലാശയത്തിന്റെ ആവശ്യം? അത് സ്ഥാപിക്കപ്പെട്ടിട്ടുമില്ല. പിന്നെ എന്തിന് അത് സ്വീകരിക്കണം? കേവലാശയം എന്നൊന്നില്ല. പ്രകൃതിയാണ്, ഭൗതികലോകമാണ് യഥാർത്ഥമായിട്ടുള്ളത്. ഇക്കാര്യത്തിൽ ഫോയർബാഹ് ശരിയായിരുന്നു. പക്ഷേ, ആശയം യഥാർത്ഥത്തിൽ നിലനിൽക്കുന്നെങ്കിലും എന്താണത്, എവിടെനിന്നുവരുന്നു, എങ്ങനെ വരുന്നു എന്നതിനൊന്നും ഫോയർബാഹിന് വിശദീകരണം ഉണ്ടായിരുന്നില്ല. ഹെഗലിനാകട്ടെ, ഫോയർബാഹിനാകട്ടെ, പദാർത്ഥവും ആശയവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ശരിയായ ഗ്രാഹ്യമുണ്ടായിരുന്നില്ല എന്നർത്ഥം. പദാർത്ഥലോകമാണ് യഥാർത്ഥമെന്നത് ഫോയർബാഹ് അംഗീകരിച്ചു. പക്ഷേ മനുഷ്യരാശി, ആദർശം, മൂല്യങ്ങൾ, നീതിയെയും അനീതിയെയും കുറിച്ചുള്ള ബോധം തുടങ്ങിയവയെല്ലാം യഥാർത്ഥ പ്രശ്നങ്ങൾ തന്നെയാണ്. എങ്ങനെയാണ് ഇവയെല്ലാം ഉത്ഭവിക്കുന്നതും, എങ്ങനെയാണ് മാറിക്കൊണ്ടിരിക്കുന്നതും? ഈ വിഷയത്തിൽ ഫോയർബാഹ് പറഞ്ഞത് ഒരു തരത്തിലുള്ള കേവല മനുഷ്യസത്തയെ കുറിച്ചാണ്. അചഞ്ചലമായ മാനവികത(immutable humanism) എന്ന ആശയത്തിനായാണ് അ

(ശേഷം 8-ാം പേജിൽ)

**ഒരു കൂട്ടം സഖാക്കൾക്ക് സിദ്ധാന്തപഠനം മാത്രം, മറ്റൊരുകൂട്ടം സഖാക്കൾക്ക് പ്രായോഗിക പ്രവർത്തനം മാത്രം എന്നതല്ല. പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന സഖാക്കൾ, അന്ധമായി പ്രവർത്തിക്കുകയല്ല പകരം, സിദ്ധാന്തം പ്രയോഗിക്കുമ്പോൾ അത് ശരിയായ രീതിയിലാണോ അല്ലയോ എന്ന് അവർ ഉറപ്പാക്കേണ്ടതുണ്ട്. അതുപോലെ, സിദ്ധാന്തത്തെ വികസിപ്പിക്കുന്നതിൽ തങ്ങൾ സഹായിക്കുന്നുണ്ടോ എന്നും പരിശോധിക്കണം.**

*ഹെഗൽ പറഞ്ഞു: "യഥാർത്ഥമായതെല്ലാം യുക്തിസഹമാണ്, യുക്തിസഹമായതെല്ലാം യഥാർത്ഥവുമാണ്". "യഥാർത്ഥം"എന്നത് സംബന്ധിച്ച് ഹെഗൽ വിശദീകരിച്ചു, "അത് ഒരേ സമയം തന്നെ ആവശ്യകതയുമാണ്. ഒപ്പം, വികാസ പ്രക്രിയയിൽ നേരത്തെ യഥാർത്ഥമായിരുന്നതെല്ലാം അയഥാർത്ഥമാകും, അതിന്റെ ആവശ്യകതയും, നിലനിൽക്കാനുള്ള അവകാശവും അതിന്റെ യുക്തിയും ഇല്ലാതാകും. മരണാസന്നമായ യാഥാർത്ഥ്യത്തിന്റെ സ്ഥാനത്ത് ഒരു പുതിയ, പ്രത്യക്ഷമായ യാഥാർത്ഥ്യം കടന്നുവരും." ഹെഗലിന്റെ ഈ ദ്വന്ദ്വാത്മകയുക്തിയുടെ യഥാർത്ഥ സാംഗത്യവും വിപ്ലവസ്വഭാവവും അഭിനന്ദനപൂർവം ഏംഗൽസ് പരാമർശിക്കുന്നുണ്ട്.

ഹെഗലിയൻ തത്വചിന്താപദ്ധതിയെ അതേ വീക്ഷണകോണിൽ നിന്നുകൊണ്ടുതന്നെ, സഖാവ് ശിബ്ദാസ് ഘോഷ് പരിശോധിച്ചു. എല്ലാ മാറ്റവും വൈരുദ്ധ്യത്തിലൂടെ സംഭവിക്കുന്നു എന്ന വൈരുദ്ധ്യാധിഷ്ഠിത യുക്തി വിശദീകരിച്ചതും ഊന്നിപ്പറഞ്ഞതും ഹെഗൽ തന്നെയാണെന്ന് സഖാവ് ഘോഷ് ചൂണ്ടിക്കാട്ടി. എന്നാൽ, ദ്വന്ദ്വാത്മകരീതി ഉണ്ടായിട്ടുപോലും, അദ്ദേഹത്തിന്റെ തത്വചിന്തക്ക് പിഴവുകളുണ്ടായി. ഇതിന്റെ കാരണമോ, ആശയവുമായുള്ള ദ്വന്ദ്വാത്മകബന്ധത്തിൽ പദാർത്ഥത്തിനാണ് പ്രഥമസ്ഥാനം എന്ന സത്യം തിരിച്ചറിയുന്നതിൽ ഹെഗൽ പരാജയപ്പെട്ടു എന്നതും. സ്വാഭാവികമായും ഹെഗലിയൻ ദ്വന്ദ്വാത്മകത എന്നത് ആശയത്തിന്റെ ദ്വന്ദാത്മകതയായി മാറി. അതായത്, ഹെഗലിന്റെ സങ്കല്പമനുസരിച്ച്, ആശയം പദാർത്ഥത്തേക്കാൾ പ്രധാനമാകുന്നു, പദാർത്ഥത്തിന്റെ ഉത്ഭവം ആശയത്തിലാകുന്നു, ലോകംതന്നെ കേവലാശയത്തിൽനിന്നും വന്നതാകുന്നു. ഹെഗലിന്റെ തത്വചിന്ത പറയുന്നത്, മൗലികാശയത്തിൽ നിന്നും സൃഷ്ടിക്കപ്പെട്ട ഈ ലോകത്തിൽ, എല്ലാം യാഥാർത്ഥ്യമാകുന്നതിനു കാരണം, കേവലാശയത്തിന്റെ ദ്വന്ദാത്മക പ്രകാശനത്തിന്റെ ആവശ്യമാണെല്ലാം എന്നതു കൊണ്ടത്രെ. അതു കൊണ്ടുതന്നെയാണ് അത് യുക്തിസഹമാകുന്നതും. ഇതിനർത്ഥം, അസ്തിത്വത്തിലേക്കു വരുന്ന എന്തും അതുകൊണ്ട് യഥാർത്ഥമായിരിക്കും, അത് യഥാർത്ഥമായി തന്നെ നിലകൊള്ളണം എന്നാണ്. കേവലാശയത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുമ്പോൾ, ഹെഗലിയൻ തത്വചിന്താവ്യവസ്ഥ ഹെഗലിയൻ ദ്വന്ദ്വാത്മകതയ്ക്ക് വിരുദ്ധവും അതിൽനിന്ന് വ്യത്യസ്തവുമാണെന്നാണ് ഇത് കാണിക്കുന്നത്. ഹെഗലിയൻ ദ്വന്ദ്വാത്മകയുക്തി, ഹെഗലിയൻ തത്വചിന്താവ്യവസ്ഥയുടെ അടിസ്ഥാനത്തെ നിഷേധിക്കുന്നു. ഇത് രണ്ടും വിപരീതമായിരിക്കുന്നു.

സഖാവ് ഘോഷിന് ചൂണ്ടിക്കാട്ടാനുണ്ടായിരുന്നത് ഇതാണ്. ഹെഗലിന്റെ ദ്വന്ദ്വാത്മകയുക്തിയെ ഏംഗൽസ് വിപ്ലവകരം എന്നു ശ്ലാഘിച്ചതിനെ ഇത് ഒരു രീതിയിലും ചോദ്യം ചെയ്യുന്നില്ല.

(7-ാം പേജിൽ നിന്ന്)

ദ്ദേഹം വാദിക്കുന്നത് എന്ന് ഇതിൽനിന്ന് വ്യക്തമാണ്, ഒരു ദ്വന്ദ്വാത്മക ഭൗതികവാദ തത്വചിന്തകനായല്ലാതെ, ഒരു മാനവവാദ തത്വചിന്തകനായി പിന്നീട് ഫോയർബാഹിന്റെ സ്ഥാനം ചരിത്രത്തിൽ അടയാളപ്പെടുത്താൻ ഇടയാക്കിയതിന്റെ കാരണമിതാണ്. ഫോയർബാഹിന്റെ ചിന്തകൾ ഭൗതികവാദസ്വഭാവമുള്ളതാണെന്ന്, മാർക്സും ഏംഗൽസും ആദരവോടെ അംഗീകരിച്ചിട്ടുണ്ട്. അതേസമയംതന്നെ, നൈതികത, മൂല്യബോധം തുടങ്ങിയവയുടെ കാര്യത്തിൽ ഫോയർബാഹിന് ഈ നിലപാട് നിലനിർത്താനായില്ലെന്നും അവർ വ്യക്തമായി ചൂണ്ടിക്കാട്ടിയിട്ടുണ്ട്. അതിന്, അവർ അദ്ദേഹത്തെ ന്യായമായും, വിമർശിക്കുകയും ചെയ്തിട്ടുണ്ട്. മാനവവാദ ആദർശങ്ങളുടെ പ്രചാരണത്തിൽ അദ്ദേഹത്തിന്റെ സംഭാവനകളുണ്ടെങ്കിൽ തന്നെയും, റൂസ്സോ, വോൾട്ടയർ, ഷേക്സ്പിയർ, ഗോയ്ഥെ തുടങ്ങിയവരുടെ അതേ ധാരയിലായിരുന്നില്ല ഫോയർബാഹ് എന്നതും ഈ പശ്ചാത്തലത്തിൽ ചൂണ്ടിക്കാട്ടേണ്ടതുണ്ട്.

മറ്റൊരു വിഷയം പരാമർശിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. യാന്ത്രിക ഭൗതികവാദമാണ്, നവോത്ഥാനത്തിന്റെയും മാനവവാദത്തിന്റെയും കാലഘട്ടത്തെയാകെ നയിച്ചതെന്ന് പല ആളുകളും കരുതുന്നു. ആശയത്തിന്റെ പങ്കിന്റെ പ്രാധാന്യത്തിനു വില കൽപിക്കാത്ത, ആശയത്തിന്റെ ആപേക്ഷിക സ്വാതന്ത്ര്യത്തെ അംഗീകരിക്കാത്തവരായ ഭൗതികവാദികളാണ് യാന്ത്രിക ഭൗതികവാദികളെന്ന് നമുക്കറിയാം. എനിക്ക് കൂട്ടിച്ചേർക്കുവാനുള്ളത്, യാന്ത്രിക ഭൗതികവാദം മാത്രമല്ല, അജ്ഞേയതാവാദവും(agnoticism) നവോത്ഥാനകാലഘട്ടത്തിൽ ഒരു പ്രധാന പങ്ക് വഹിച്ചിരുന്നു. അജ്ഞേയതാവാദികൾ, വസ്തുനിഷ്ഠനിയമങ്ങളിലാണ് തങ്ങളുടെ പ്രവൃത്തികളുടെ അടിസ്ഥാനം തേടിയിരുന്നത്. അതുകൊണ്ട്, അവർ ഭൗതികവാദത്തിലേക്ക് അടുത്തിരുന്നു.

അപ്പോൾ, ഹെഗലിനാകട്ടെ ഫോയർബാഹിനാകട്ടെ, ആശയവും പദാർത്ഥവും തമ്മിലുള്ള പരസ്പരബന്ധത്തെക്കുറിച്ചുള്ള ശരിയായ ധാരണ ഉണ്ടായിരുന്നില്ലെന്നതാണ് നമ്മൾ കാണുന്നത്. കാൾ മാർക്സാണ് ആദ്യമായി പദാർത്ഥവും ആശയവും തമ്മിലുള്ള പരസ്പര ബന്ധത്തെ ശരിയായി കാണിച്ചുതന്നത്. ആശയവും പദാർത്ഥവും തമ്മിലുള്ള ബന്ധം ദ്വന്ദ്വാത്മകമാണെന്ന് വെറുതേ തീർപ്പ്കൽപ്പിക്കുകയായിരുന്നില്ല അദ്ദേഹം ചെയ്തത്. ഒരു പ്രത്യേക ഘടനയിലുള്ള പദാർത്ഥത്തിന്റെ ഒരു സവിശേഷ വ്യവഹാരത്തിൽ നിന്നും ഉദയംചെയ്യുന്ന ഉൽപന്നമാണ് ആശയം എന്ന് അദ്ദേഹം കാണിച്ചുതന്നു. മനസ്സിനു ജന്മം നൽകുന്നത് പദാർത്ഥമാണ് എന്ന് പ്രഥമമായും കൃത്യമായും കാണിച്ചു തന്നതിലൂടെ, മാർക്സിസത്തെ ശക്തമായ അടിത്തറയിൽ പ്രതിഷ്ഠിച്ചതും മാർക്സ് തന്നെയാണ്. ഹെഗലാണ് ദ്വന്ദ്വവാദം വികസിപ്പിച്ചതെങ്കിലും, അദ്ദേഹം പദാർത്ഥത്തിനുമേൽ ആശയത്തിന് പ്രാമുഖ്യം നൽകി എന്നും കാണാവുന്നതാണ്.

കേവലാശയമാണ് പദാർത്ഥത്തിന് ജന്മം നൽകിയതെന്നാണ് അദ്ദേഹം പറഞ്ഞത്. പക്ഷേ, മാർക്സാകട്ടെ, പദാർത്ഥമാണ് ആശയത്തിന് ജന്മം നൽകിയതെന്ന് സമർത്ഥിച്ചു. അതുകൊണ്ട്, ഹെഗലിന്റെ ദ്വന്ദ്വവാദം ദ്വന്ദ്വാത്മക ആശയവാദത്തിന് ജന്മം നൽകിയപ്പോൾ, മാർക്സിന്റെ ദ്വന്ദ്വവാദം ദ്വന്ദ്വാത്മക ഭൗതികവാദത്തിനും ജന്മം നൽകി.

**ആശയവും പദാർത്ഥവും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ച ചില ആശയക്കുഴപ്പങ്ങൾ**

മാർക്സിസത്തിന്റെ വികാസത്തിനുശേഷവും, മാർക്സിസ്റ്റ് വൃത്തങ്ങളെയും മാർക്സിസ്റ്റുകൾ എന്നറിയപ്പെട്ടവരെയും, പദാർത്ഥവും ആശയവും തമ്മിലുള്ള പരസ്പരബന്ധത്തെപ്പറ്റിയും ബന്ധപ്പെട്ട മറ്റ് ചില പ്രശ്നങ്ങളെപ്പറ്റിയുമുള്ള ചില ആശയക്കുഴപ്പങ്ങൾ കുഴക്കിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് ചില വ്യക്തിത്വങ്ങളെ ഞാൻ പരാമർശിക്കാം. ഉദാഹരണത്തിന്, ഇന്ത്യക്കാരനായ എം.എൻ.റോയി മാർക്സിസ്റ്റായി തുടങ്ങിയെങ്കിലും അദ്ദേഹത്തിന് ആ നിലയിൽ അന്ത്യം വരെയും തുടരാനായില്ല. അദ്ദേഹം ഒരു റാഡിക്കൽ ഹ്യൂമനിസ്റ്റായി മാറി. പക്ഷേ, ആ കാലഘട്ടത്തിൽ ഈ നാട്ടിൽ മാർക്സിസത്തെപ്പറ്റി വിശദമായ സൈദ്ധാന്തിക പ്രഭാഷണങ്ങൾ നടത്തിയ ഏക വ്യക്തി എം.എൻ.റോയിയല്ലാതെ മറ്റാരുമല്ല. ഇത് ആർക്കും നിഷേധിക്കാൻ സാധ്യമല്ല. ദീർഘമായി പ്രതിപാദിക്കുന്നതിനു പകരം, പിൽക്കാലത്ത് എം.എൻ.റോയിയുടെ ചിന്തകളിൽ നിരീക്ഷിച്ച ന്യൂനതകളും അപര്യാപ്തതകളുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ ഞാൻ പറയാം. ഒന്നാമതായി, മനുഷ്യൻ യുക്തിവിചാരശേഷിയോടെയാണ് പ്രത്യക്ഷപ്പെട്ടതെന്ന അദ്ദേഹത്തിന്റെ കാഴ്ചപ്പാട്; അതായത്, മനുഷ്യന് പ്രകൃത്യാതന്നെ യുക്തിബോധമുണ്ട്. ഈ ചിന്താധാര പിന്തുടരുന്നതിലൂടെ, ആശയം പദാർത്ഥത്തിൽനിന്നും ഉദ്ഭവിക്കുന്നതാണെന്നും, പദാർത്ഥവും ആശയവും തമ്മിലുള്ള പരസ്പരബന്ധം വൈരുദ്ധ്യാധിഷ്ഠിതമായ ഒന്നാണെന്നുമുള്ള കാര്യം അദ്ദേഹം




നിസ്സന്ദേഹം തള്ളിക്കളയുകയാണ്. ഈ നിലപാടുവഴി, അദ്ദേഹം ശരിക്കും ശാസ്ത്രത്തെയാണ് നിഷേധിച്ചിരിക്കുന്നത്. തത്വചിന്തകരിൽ മറ്റനേകം പേരും ഇത്തരം കാഴ്ചപ്പാട് വച്ചുപുലർത്തുന്നവരാണ്. എനിക്ക് അവരോട് യോജിക്കാൻ സാധിക്കുകയില്ല. എങ്ങനെയാണ് ആശയം മനുഷ്യനിൽ ഉദയം ചെയ്തത്? അത് ഏത് രീതിയിലാണ് സംഭവിച്ചത്? പദാർത്ഥലോകം, ഇന്ദ്രിയങ്ങളിലൂടെ മനുഷ്യന്റെ തലച്ചോറുമായി നിരന്തരം സമ്പർക്കത്തിലാവുകയാണെന്ന് നമുക്കറിയാം. ഇതിന്റെ ഫലമായുണ്ടാകുന്ന ഇടപഴകലുകൾ, സംഘർഷങ്ങൾ, വൈരുദ്ധ്യങ്ങൾ എന്നിവയുടെ പരിണതിയായിട്ടാണ് ആശയം ഉരുത്തിരിയുന്നത്. അല്ലാതെ, മനുഷ്യൻ ആശയത്തോടെ ജനിക്കുകയല്ല. അപ്പോൾ, യുക്തിവിചാരശേഷിയോടെ മനുഷ്യൻ ജനിക്കുന്നു എന്നുപറഞ്ഞാൽ അതിനർത്ഥം മനുഷ്യൻ ആശയവുമായി ജനിക്കുന്നു എന്നതാണ്. മനുഷ്യനിൽ പ്രകൃത്യാതന്നെ യുക്തിവിചാരശക്തി കുടികൊള്ളുന്നു എന്നുപറയുകയാണെങ്കിൽ, ആശയം ആവിർഭവിക്കുന്ന പ്രക്രിയയെത്തന്നെ നിരാകരിക്കുന്നതിന് തുല്യമായിരിക്കുമത്. എം.എൻ.റോയിയെ കൂടാതെ മറ്റ് ചില മാർക്സിസ്റ്റ് ചിന്തകരും ഈ സിദ്ധാന്തത്തിൽ വിശ്വസിക്കുന്നുണ്ട്. ഈ ചിന്താധാരയിൽ, ആശയവാദത്തിന്റെ വിത്ത് അന്തർലീനമായിരിക്കുന്നു. അതിൽനിന്നും പുറത്തുകടക്കുക അസാധ്യമാണ്. രണ്ടാമതായി, യഥാർത്ഥത്തിൽ മാർക്സിസമെന്നത് സാമ്പത്തിക നിർണയവാദമല്ലാതെ(economic determinism) മറ്റൊന്നുമല്ല എന്നാണ് എം.എൻ.റോയി പറയാൻ ആഗ്രഹിക്കുന്നത്. പക്ഷേ യഥാർത്ഥത്തിൽ, ഇത് തീർത്തും തെറ്റാണ്. വിജ്ഞാനത്തിന്റെ എല്ലാ മേഖലകളെയും കൃത്യമായി ഗ്രഹിക്കുകയും ഉൾക്കൊള്ളുകയും ചെയ്തതിലൂടെ ഉരുത്തിരിഞ്ഞ ഒരു പ്രത്യയശാസ്ത്രമായി തെളിയിക്കപ്പെട്ടതാണ് മാർക്സിസം എന്ന സുപ്രധാന വസ്തുത, ഈ രീതിയിൽ ചിന്തിക്കുന്നതിലൂടെ, അദ്ദേഹം നിരാകരിക്കുകയാണ്. മൂന്നാമതായി, ആശയത്തിന് അദ്ദേഹം നൽകുന്ന ഊന്നൽ പദാർത്ഥമാണ് പ്രഥമം എന്നത് നിഷേധിക്കുന്നതാണ്. വാസ്തവത്തിൽ, ഞാനിപ്പോൾ പരാമർശിച്ച ഈ മൂന്നു വശങ്ങളും സംശയലേശമെന്യേ പത്തൊമ്പതാം നൂറ്റാണ്ടിലെ യൂറോപ്പിലെ എല്ലാ മാനവവാദ ചിന്തകരുടെയും ചിന്താഘടനയുടെ സവിശേഷതയായിരുന്നു. ഫോയർബാഹിനുപോലും ആത്യന്തികമായി അതിന്റെ പരിധി കടക്കാൻ സാധിച്ചില്ല. എം.എൻ.റോയിയുടെ ചിന്തകളിൽ നാം പ്രധാനമായും കാണുന്നത് ഫോയർബാഹിന്റെ ചിന്തകളുടെ പ്രതിഫലനമാണ്. എം.എൻ.റോയി അദ്ദേഹത്തിന്റെ രാഷ്ട്രീയജീവിതം ആരംഭിച്ചത് ഒരു കമ്മ്യൂണിസ്റ്റുകാരനായാണ്. അന്താരാഷ്ട്ര കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലും അദ്ദേഹം കുറച്ചുനാൾ ഒരു പങ്ക് വഹിച്ചിരുന്നു. എന്നിട്ടും അദ്ദേഹത്തിൽ ഈ പ്രശ്നം ഉദിച്ചതിനു കാരണം, കമ്മ്യൂണിസ്റ്റ് സ്വഭാവം ആർജ്ജിക്കുവാനുള്ള സമരത്തിൽ നിന്നും അദ്ദേഹം ഒഴിഞ്ഞുമാറിയതാണ്. ഒരു സംശയവുംവേണ്ട, ഇതുതന്നെയാണ് എം.എൻ.റോയിയുടെ പ്രശ്നത്തിന്റെ മൂലകാരണം. ഒരു നിശ്ചിത നിലപാടിൽ ഉറച്ചുനിൽക്കാൻ അദ്ദേഹത്തിന് സാധിച്ചില്ല. കമ്മ്യൂണിസ്റ്റുകാരനായി ആരംഭിച്ചുവെങ്കിലും, ഒരു ഘട്ടത്തിൽ അദ്ദേഹം പറഞ്ഞത് അദ്ദേഹത്തിന് അഭിപ്രായഭിന്നതകളുണ്ടെന്നാണ്. അതിന്മേൽ 'നമ്മുടെ ഭിന്നത' എന്ന ഒരു പുസ്തകവും അദ്ദേഹം എഴുതിയിരുന്നു. അതിനുശേഷം അദ്ദേഹം പറഞ്ഞത് മാർക്സിസമെന്നത് ഒരു വരട്ടുതത്വചിന്തയാണെന്നാണ്. താനൊരു മാർക്സിസ്റ്റല്ല, ഒരു മാർക്സിയനാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. അവസാനം ഒരു റാഡിക്കൽ ഹ്യൂമനിസ്റ്റായി അദ്ദേഹം മാറി.

മാർക്സിസ്റ്റ് പ്രസ്ഥാനത്തിന്റെ ഭാഗവും, ശാസ്ത്രത്തിൽ നല്ല ധാരണയുമുണ്ടായിരുന്ന ക്രിസ്റ്റഫർ കോഡ്വെല്ലിന്റെ ചിന്തയിലും ചില പരിമിതികൾ ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. കോഡ്വെല്ലിന്റെ കാഴ്ചപ്പാട്, പക്ഷേ എം.എൻ.റോയിയുടേതിൽനിന്നും വ്യത്യസ്തമായിരുന്നു. പക്ഷേ, ഇവർ രണ്ടു പേരോടും നാം കടപ്പെട്ടിരിക്കുന്നു. 'ഭൗതികശാസ്ത്രത്തിലെ പ്രതിസന്ധി' എന്ന ശീർഷകത്തിൽ കോഡ്വെൽ ഒരു ശാസ്ത്രപുസ്തകം രചിച്ചിരുന്നു. മാർക്സിസത്തെ പിന്തുണക്കുന്ന നിലപാട് കോഡ്വെൽ നിലനിർത്തിയെങ്കിലും, ദ്വന്ദ്വാത്മക ഭൗതികവാദത്തിന്റെ കാഴ്ചപ്പാടിൽനിന്നുകൊണ്ട്, കാരണത്വനിയമവും(causality) നിശ്ചിതത്വനിയമവും(determinism) തമ്മിലുള്ള ബന്ധത്തെക്കുറിച്ച് മനസ്സിലാക്കുന്നതിൽ പരിമിതികളുണ്ടെന്നാണ് അതിൽ നാം കാണുന്നത്. തന്റെ നിരവധി രചനകളിൽ, ശാസ്ത്രത്തെയും തത്വചിന്തയെയും കലയെയും സാഹിത്യത്തെയുമൊക്കെക്കുറിച്ച് ചില മനോഹരവിശകലനങ്ങൾ കോഡ്വെൽ നടത്തിയിട്ടുണ്ട്. പക്ഷേ, അദ്ദേഹത്തിന്റെ എല്ലാ വിശകലനങ്ങളോടും എനിക്ക് യോജിക്കാൻ കഴിയില്ല. എന്നിരുന്നാലും, കോഡ്വെല്ലിന്റെ ജീവിതസമരം അനുകരണീയമായ ചില പ്രധാന പാഠങ്ങൾ അവശേഷിപ്പിച്ചു എന്നതും ശരിയാണ്. ഫാഷിസ്റ്റുകൾക്കെതിരെയുള്ള സ്പാനിഷ് ആഭ്യന്തരയുദ്ധത്തിൽ അദ്ദേഹം തന്റെ ജീവൻതന്നെ സമർപ്പിച്ചു. ലോകമെമ്പാടുമുള്ള കമ്മ്യൂണിസ്റ്റുകളെ ഇത്തരം മഹത്തായ ഉദാഹരണങ്ങൾ പ്രചോദിപ്പിക്കുന്നുണ്ട്.

ഈ ചർച്ചയുടെ തുടക്കത്തിൽ ജീൻ പോൾ സാർത്രിനെക്കുറിച്ച് ഞാൻ ചില പരാമർശങ്ങൾ നടത്തിയിരുന്നു. അദ്ദേഹം ഒരു മാനവവാദിയായി തുടങ്ങി. തുടക്കം മുതലേ ഒരു നാസ്തികനായിരുന്നു എന്നു മാത്രമല്ല, ഒരു ഘട്ടത്തിൽ ദ്വന്ദ്വാത്മക ഭൗതികവാദമാണ് ഒരേയൊരു ശരിയായ തത്വശാസ്ത്രമെന്നും അദ്ദേഹം അംഗീകരിച്ചിരുന്നു. പക്ഷേ അതേസമയംതന്നെ കമ്മ്യൂണിസത്തെ ക്രിസ്തുമതത്തെപ്പോലെ ഒരു വരട്ടുവാദമായാണ് അദ്ദേഹം കരുതിയത്.

സാർത്ര് പറയുന്നത് ദൈവമില്ലെന്നാണ്. ഒരു കാലത്ത്, സർവശക്തനായ ഒരു ദൈവം ഉണ്ടെന്ന ആശയത്തിൽനിന്നും ഉയർന്നുവന്നതാണ് ധാർമികമൂല്യങ്ങളും, ന്യായാന്യായ ബോധവും, പാപപുണ്യ ചിന്തയുമെല്ലാം. ദൈവം ഇല്ല എന്നതുകൊണ്ട്, അലൗകിക മൂല്യങ്ങൾ നിലനിൽക്കുന്നില്ലെന്നും, സാർവത്രികമായ ധാർമികത എന്നൊന്ന് ഇല്ലെന്നും സാർത്ര് വിശ്വസിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ, എല്ലാ മനുഷ്യർക്കും ബാധകമായ ധാർമികമൂല്യങ്ങളെക്കുറിച്ചുള്ള ഏത് ചർച്ചയും വ്യക്തിസ്വാതന്ത്ര്യത്തിനുമേലുള്ള കടന്നു കയറ്റമാണെന്ന് സാർത്ര് വാദിച്ചു. അതുകൊണ്ട്

(ശേഷം 9-ാം പേജിൽ)

**നമ്മുടെ പരാജയങ്ങൾക്ക് പ്രതികൂല സാഹചര്യമാണ് ഉത്തരവാദി എന്നാണ് നമ്മൾ വിശ്വസിക്കുന്നതെങ്കിൽ, ഈ കാഴ്ചപ്പാടാണ് നമ്മളെ നിസ്സഹായാവസ്ഥയിലാക്കുന്നതെങ്കിൽ, ഈ വഴി നാം തെരഞ്ഞെടുക്കാതിരിക്കുകയാണ് നല്ലത്. ഓരോ രാജ്യത്തെയും വിപ്ലവം വിജയത്തിലേക്ക് നയിക്കാൻ സാധിച്ചത്, നിരവധി പരാജയങ്ങളെ മറികടന്നു കൊണ്ടും, നിരവധി പ്രതിസന്ധികളെ നേരിട്ടുകൊണ്ടും അനവധി പ്രതിബന്ധങ്ങളോട് പൊരുതിക്കൊണ്ടും മാത്രമാണ്.**

(8-ാം പേജിൽ നിന്ന്)

അദ്ദേഹം ഊന്നിപ്പറഞ്ഞത്, വ്യക്തി തന്നെ അവന്റെ മൂല്യങ്ങൾ തെരഞ്ഞെടുക്കണമെന്നാണ്. തീർച്ചയായും ഈ തെരഞ്ഞെടുപ്പിന്റെ ഉത്തരവാദിത്തവും വ്യക്തിയിൽതന്നെ കുടികൊള്ളുന്നു. ഈ തെരഞ്ഞെടുപ്പ് പൂർണമായും ഒരാളുടെ വ്യക്തിപരമായ കാര്യമാണ് എന്നുള്ളതുകൊണ്ട്, വ്യക്തിയുടെ സ്വാതന്ത്ര്യം പരമമാണ്. കൂടാതെ, നിലനിൽപ്പിന്റെ ആവശ്യകതയ്ക്കായി മനുഷ്യന് ചില തെരഞ്ഞെടുപ്പുകൾ നടത്തേണ്ടതുണ്ട്. ഈ വെളിച്ചത്തിൽ പരിശോധിക്കുമ്പോൾ, അവന്റെ സ്വാതന്ത്ര്യമെന്നത് ഒരു തരത്തിലുള്ള ശിക്ഷയാണ്. മനോഹരമായ ഭാഷയിൽ സാർത്ര് തന്റെ ആശയം അവതരിപ്പിച്ചു. മനുഷ്യൻ, ഓരോ വ്യക്തിയും, സ്വതന്ത്രനായിരിക്കാൻ വിധിക്കപ്പെട്ടിരിക്കുന്നു എന്നാണദ്ദേഹം പറഞ്ഞത്. എത്ര സുന്ദരമായ പ്രയോഗം!

ഒരു വ്യക്തിയുടെ വിമോചനവും വികാസവും മനുഷ്യസമൂഹത്തിന്റെയാകെ വിമോചനത്തിലും വികാസത്തിലൂടെയുമേ കൈവരുകയുള്ളൂ. പക്ഷേ, സാർത്ര് അത് അങ്ങനെയല്ല വീക്ഷിച്ചത്. വ്യക്തിയുടെ സ്വാതന്ത്ര്യം മാത്രമായിരുന്നു അദ്ദേഹത്തിന്റെ ഒരേയൊരു ഉത്കണ്ഠ, അതിനു വേണ്ടി മാത്രമായിരുന്നു അദ്ദേഹം പൊരുതിയത്. അതുകൊണ്ട്, സമൂഹത്തിൽ നിന്നും വേറിട്ടുനിന്നുകൊണ്ട് വ്യക്തിസ്വാതന്ത്ര്യം ആർജ്ജിക്കാൻ ശ്രമിച്ചാൽ ഒരു ഉട്ടോപ്യ മാത്രമായിരിക്കുമെന്ന ശരിയായ ധാരണയിൽനിന്നും അദ്ദേഹം തെന്നിമാറി. പക്ഷേ, എപ്പോഴെല്ലാം പോരാട്ടത്തിന്റെ വിഷയം ഉയർന്നുവന്നപ്പോഴൊന്നും സാർത്ര് പിന്നാക്കം മാറിനിന്നില്ല. സാമ്രാജ്യത്വത്തിനെതിരെ അദ്ദേഹം ഉറച്ച ഒരു പോരാളിയായിരുന്നു. രണ്ടാം ലോകയുദ്ധക്കാലത്ത്, ഫ്രഞ്ച് പ്രതിരോധമുന്നേറ്റത്തിൽ പൂർണമനസ്സോടെ അദ്ദേഹം പങ്കെടുത്തു. അതേസമയംതന്നെ, മതപുരോഹിതരും മാനവവാദികളും കമ്മ്യൂണിസ്റ്റുകളും വ്യക്തിസ്വാതന്ത്ര്യത്തിനുമേൽ നിയന്ത്രണങ്ങൾ കൊണ്ടുവരുന്നു എന്നായിരുന്നു സാർത്രിന്റെ വാദം. എന്നാൽ തന്റെ ഈ ആശയങ്ങളൊക്കെ സാമൂഹ്യചിന്തയും തന്റെതന്നെ വ്യക്തിസത്തയും തമ്മിലുള്ള സംഘർഷത്തിന്റെ ഫലമാണ് – ഒരു തരത്തിൽ ഉപോത്പന്നമാണ്, എന്നത് തിരിച്ചറിയുന്നതിൽ അദ്ദേഹം പൂർണമായും പരാജയപ്പെട്ടു. ഈ വസ്തുത മനസ്സിലാക്കുന്നില്ലെങ്കിൽ, അദ്ദേഹം ഉയർത്തിപ്പിടിക്കുന്ന വ്യക്തിസ്വാതന്ത്ര്യത്തിനായുള്ള പോരാട്ടത്തെ തന്നെയാണ് ബാധിക്കുക. വാസ്തവത്തിൽ, പദാർത്ഥവും ആശയവും തമ്മിലുള്ള ദ്വന്ദ്വാത്മകബന്ധത്തെ ഗ്രഹിക്കുന്നതിൽ പരാജയപ്പെട്ട, ബൂർഷ്വാസിയും തൊഴിലാളിവർഗവും തമ്മിൽ നിലനിൽക്കുന്ന വൈരുദ്ധ്യത്തിന്റെ പശ്ചാത്തലത്തിൽ തന്റെതന്നെ വർഗനിലപാട് നിശ്ചയിക്കുന്നതിൽ പരാജയപ്പെട്ട സാർത്ര്, ഇവ രണ്ടിന്റെയും മധ്യത്തിൽ നിലകൊള്ളുകയാണ്. അദ്ദേഹം മാനവവാദിയുമല്ല, കമ്മ്യൂണിസ്റ്റുമല്ല – അദ്ദേഹം ഒരു അസ്തിത്വവാദിയാണ്.

നേരത്തെ ഞാൻ സാർത്രിനൊപ്പം ബെർട്രാന്റ് റസ്സലിനെ കുറിച്ചും പരാമർശിച്ചിരുന്നു. റസ്സലിനെക്കുറിച്ച് അൽപ്പം കൂടി വിശദീകരിക്കേണ്ടതുണ്ട്. തന്റെ അവസാനവർഷങ്ങളിൽ, ആഗോള സാമ്രാജ്യത്വവിരുദ്ധ പോരാട്ടത്തിൽ നേതൃത്വപരമായ പങ്ക് റസ്സൽ നിർവഹിച്ചിരുന്നു. സാമ്രാജ്യത്വത്തിന്റെ യുദ്ധഗൂഢാലോചനകൾക്കെതിരെ ധീരമായ നിലപാടാണ് അദ്ദേഹം കൈക്കൊണ്ടത്. തന്റെ അവസാനകാലത്ത്, സാമ്രാജ്യത്വത്തിനെതിരായ പോരാട്ടത്തിലും ആണവയുദ്ധവിരുദ്ധ പ്രസ്ഥാനത്തിലുമൊക്കെ പ്രധാന പങ്ക് വഹിച്ചുകൊണ്ട്, ഒരുകാലത്ത് കടുത്ത മാർക്സിസ്റ്റ് വിരുദ്ധനായിരുന്ന അദ്ദേഹം സോഷ്യലിസ്റ്റ് ചേരിക്കും, ലോകത്തെ ജനങ്ങളുടെ വിമോചന പോരാട്ടങ്ങൾക്കും ഒപ്പമെത്തി. എന്നിട്ടും, തന്റെ തത്വചിന്തയിൽ അദ്ദേഹത്തിന് ഒരു ദ്വന്ദ്വാത്മക ഭൗതികവാദിയാകാൻ സാധിച്ചില്ല, അദ്ദേഹം സ്വയം സമ്മതിച്ചതുപോലെ, ഒരു വിശകലനാത്മക അനുഭവമാത്രവാദിയായി (analytic empiricist) മാത്രം നിലകൊണ്ടു.

### മാർക്സിസം ശാസ്ത്രം തന്നെയാണ്

കാലങ്ങളോളം തത്വചിന്തയുടെ മണ്ഡലത്തിൽ തർക്കവിഷയമായിരുന്ന, പദാർത്ഥവും ആശയവും തമ്മിൽ ഏതാണ് പ്രഥമം എന്ന വിഷയത്തിൽ, വളരെ മുമ്പേതന്നെ തീർപ്പുകൽപ്പിക്കപ്പെട്ടിരുന്നു. ഒപ്പം, മനസ്സെന്നത് പദാർത്ഥത്തിന്റെ തന്നെ ഉത്പന്നമാണെന്നും, ഈ ലോകത്ത് പദാർത്ഥാതീതമായ വസ്തുക്കളോ, പദാർത്ഥത്തിൽനിന്നും സ്വതന്ത്രമായ വസ്തുക്കളോ ഇല്ലെന്നും, ഏറെക്കുറെ വിശദമായിത്തന്നെ ഞാൻ ചർച്ച ചെയ്തിരുന്നു. പക്ഷേ, മാർക്സിസത്തെയും ദ്വന്ദ്വാത്മക ഭൗതികവാദത്തെയുംകുറിച്ച് ഉറച്ച ഗ്രാഹ്യം നമുക്കുണ്ടാകുന്നതിനായി, മറ്റുചില വശങ്ങൾകൂടി വ്യക്തമാകേണ്ടതുണ്ട്. ഓർക്കുക, മാർക്സിസമാണ് ശാസ്ത്രത്തിന്റെ പദവി അവകാശപ്പെടാവുന്ന ഒരേയൊരു തത്വചിന്ത. അത്, ശാസ്ത്രത്തിന്റെ വിവിധ വിഭാഗങ്ങളുടെ വെറുമൊരു ഏകോപനം മാത്രമല്ല; സ്വന്തം നിലയിൽ തന്നെ ശാസ്ത്രമാണ്. എന്തു തരം ശാസ്ത്രമാണിത്? പൊതുവായി പറയുകയാണെങ്കിൽ ശാസ്ത്രമെന്നതുകൊണ്ട് നമ്മൾ എന്താണ് ഉദ്ദേശിക്കുന്നത്? രസതന്ത്രം, ഭൗതികശാസ്ത്രം, ഗണിതം, ജീവശാസ്ത്രം – ഈ വിഭാഗങ്ങളൊക്കെയാണ് നാം പൊതുവിൽ ശാസ്ത്രമായി പരിഗണിക്കുന്നത്. പദാർത്ഥത്തിന്റെ വിവിധ ഗുണവിശേഷങ്ങളെല്ലാം വ്യത്യസ്ത അളവിൽ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. പക്ഷേ, പദാർത്ഥലോകത്തിന്റെ വിവിധവശങ്ങളും ഗുണവിശേഷങ്ങളും മേഖലകളും ആഴത്തിൽ പഠിക്കുന്നതിനായി, ശാസ്ത്രജ്ഞർ ശാസ്ത്രത്തെയാകെ വിവിധ ശാഖകളായി വി

**കാൾ മാർക്സാണ് ആദ്യമായി പദാർത്ഥവും ആശയവും തമ്മിലുള്ള പരസ്പര ബന്ധത്തെ ശരിയായി കാണിച്ചു തന്നത്. ആശയവും പദാർത്ഥവും തമ്മിലുള്ള ബന്ധം ദ്വന്ദ്വാത്മകമാണെന്ന് വെറുതേ തീർപ്പ് കൽപ്പിക്കുകയായിരുന്നില്ല അദ്ദേഹം ചെയ്തത്. ഒരു പ്രത്യേക ഘടനയിലുള്ള പദാർത്ഥത്തിന്റെ ഒരു സവിശേഷ വ്യവഹാരത്തിൽനിന്നും ഉദയംചെയ്യുന്ന ഉൽപന്നമാണ് ആശയം എന്ന് അദ്ദേഹം സമർത്ഥിച്ചു. മനസ്സിനു ജന്മം നൽകുന്നത് പദാർത്ഥമാണ് എന്നും അദ്ദേഹം വ്യക്തമാക്കി.**

ഭജിക്കുന്നതിനെ അംഗീകരിക്കുന്നു. നിരൂപണപരമായ നിരീക്ഷണത്തിനും പരിശോധനക്കും മനസ്സിലാക്കലിനും, പ്രായോഗിക പ്രവൃത്തികൾ നടത്തുന്നതിനും വേണ്ടി മാത്രമാണ് ഈ വിഭജനം. ഉദാഹരണത്തിന്, എന്താണ് രസതന്ത്രത്തിന്റെ ധർമ്മവും വ്യാപ്തിയും? പദാർത്ഥത്തിന്റെയോ വസ്തുവിന്റെയോ രാസഗുണവിശേഷങ്ങളെക്കുറിച്ച് വിശദമായി പഠിക്കുക, മൂലകങ്ങളും അവയുടെ സംയുക്ത




ങ്ങളും തമ്മിലുള്ള രാസപ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന നിയമങ്ങൾ പ്രത്യേകമായി പഠിക്കുക എന്നിവയൊക്കെ രസതന്ത്രം എന്ന ശാസ്ത്രശാഖക്കു കീഴിലാണ് വരുന്നത്. അതുപോലെ, പദാർത്ഥത്തിന്റെ വിവിധരൂപങ്ങളുടെ ഭൗതികഗുണവിശേഷങ്ങൾ, അവയുടെ പരസ്പരപ്രവർത്തനം, ഈ മണ്ഡലത്തിലെ അതിന്റെ മാറ്റങ്ങളെ നിയന്ത്രിക്കുന്ന നിയമങ്ങൾ ഇവയൊക്കെയാണ് ഭൗതികശാസ്ത്രം എന്ന ശാഖയിൽ പഠിക്കുന്നത്. സമാനമാണ് ഗണിതശാസ്ത്രത്തിന്റെ കാര്യവും. എന്തുതരത്തിലുള്ള ശാസ്ത്രമാണ് ഗണിതം എന്നു മനസ്സിലാക്കുന്നതിൽ പലരും പരാജയപ്പെടാറുണ്ട്. ഒരു ഉദാഹരണത്തിന്റെ സഹായത്തോടെ ഇത് വിശദീകരിക്കാൻ ഞാൻ ശ്രമിക്കാം. രസതന്ത്രത്തിൽ 92 (നിലവിൽ 118) മൂലകങ്ങൾ ഉള്ളതായാണ് നമ്മൾ കണക്കാക്കുന്നത്. എല്ലാ വസ്തുക്കളും ഈ രാസമൂലകങ്ങളാലാണ് നിർമിക്കപ്പെട്ടിരിക്കുന്നതും. രാസഘടന ഈ മൂലകങ്ങളെ അവലംബമാക്കിയിരിക്കുന്നു. സമാനമായി, ഗണിതത്തിൽ എല്ലാ സംഖ്യകളും പൊതുവിൽ പത്ത് അക്കങ്ങൾ കൊണ്ടാണ് എഴുതുന്നത് – 1, 2, 3, 4, 5, 6, 7, 8, 9, 0. ഈ പത്ത് അക്കങ്ങൾകൊണ്ടാണ് ഗണിതത്തിലെ എല്ലാ സംഖ്യകളെയും നിർമിക്കുന്നത്. ഈ അക്കങ്ങളെ വിവിധ സ്ഥാനങ്ങളിൽ പ്രത്യേക ചിട്ടയോടെ നിരത്തുമ്പോൾ, നമുക്ക് എല്ലാ സംഖ്യകളും ആവിഷ്കരിക്കാനാകും. കൂടാതെ, വിവിധ സംഖ്യകളെ നാല് അടിസ്ഥാന ഗണിതക്രിയകൾ – കൂട്ടൽ, കുറയ്ക്കൽ, ഗുണനം, ഹരണം എന്നിവക്കായി ഉപയോഗിക്കുമ്പോൾ, നാം വിവിധ ഉത്തരങ്ങളിൽ എത്തുന്നു. യഥാർത്ഥത്തിൽ, ഗണിതത്തിലെ വിവിധ ക്രിയകൾ നിർവഹിക്കാനുള്ള വഴികളാണ് കൂട്ടലും കുറയ്ക്കലും ഗുണനവും ഹരണവുമൊക്കെ. വിവിധങ്ങളായ ഭൗതിക ഉല്പന്നങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്നതിനും, അവ അളക്കേണ്ടതിന്റെ ആവശ്യകതകൊണ്ടുമാണ് സംഖ്യാസങ്കല്പം ഉരുത്തിരിഞ്ഞത്. ഈ അടിസ്ഥാനത്തിലാണ് എല്ലാവിധ ഗണിതക്രിയകളും രീതികളും ആശയങ്ങളും വളർന്നു വികസിച്ചത്. അതായത്, ഗണിതത്തിനും ഒരു ഭൗതിക അടിത്തറയാണുള്ളത്. അങ്കഗണിതം കൂടാതെ, ജ്യാമിതി, ബീജഗണിതം, ത്രികോണമിതി, കാൽക്കുലസ് തുടങ്ങി വിവിധങ്ങളായ ശാഖകൾ ഗണിതത്തിലുണ്ട്. ഗണിതത്തിലെ ഈ ക്രിയകളും പ്രയോഗങ്ങളുമെല്ലാം, ഒന്നുകിൽ സവിശേഷ വിശകലനമോ, അല്ലെങ്കിൽ സാമാന്യവൽക്കരണമോ ആണ്. ഇവ യുക്തിയുടെ ഇൻഡക്ടീവ്, ഡിഡക്ടീവ് രീതികളിൽ, അതായത് – പ്രത്യേകത്തിൽ നിന്ന് സാമാന്യത്തിലേക്കും, സാമാന്യ നിയമത്തിൽ നിന്നും പ്രത്യേകത്തിലേക്കും പ്രയോഗിക്കുന്ന യുക്തികളിൽ അടിസ്ഥാനമായിരിക്കുന്നു. മറ്റ് ശാസ്ത്രശാഖകളിൽ, പ്രത്യേക കണ്ടെത്തലുകളും നിരീക്ഷണങ്ങളും സാമാന്യവൽക്കരിച്ച് നിയമങ്ങൾ വേർതിരിച്ചെടുക്കുന്നതു പോലെ, ഗണിതത്തിലും പ്രത്യേകങ്ങളുടെ സാമാന്യവൽക്കരണത്തിന്റെ പ്രക്രിയയിലൂടെയാണ് എല്ലാ സിദ്ധാന്തങ്ങളിലും സമവാക്യങ്ങളിലും എത്തിച്ചേരുന്നത്. ഓരോ ശാസ്ത്രശാഖയിലും, അതിന്റെ ഓരോ മണ്ഡലങ്ങളിലും, പദാർത്ഥത്തിന്റെ പ്രത്യേകരൂപത്തിലുള്ള സവിശേഷതകളും ഗുണവിശേഷങ്ങളും അന്വേഷിക്കുകയും വിശകലനം ചെയ്യുകയും ചെയ്ത്, അവ തമ്മിലുള്ള പൊതുവായ ബന്ധങ്ങൾ നിർണയിക്കുന്നു. ഇതിൽനിന്നും പദാർത്ഥത്തെ സംബന്ധിച്ച ആശയങ്ങളിലും ധാരണകളിലും നാം എത്തിച്ചേരുന്നു. പദാർത്ഥത്തെ സംബന്ധിച്ച ഇത്തരം സാമാന്യനിഗമനങ്ങളിലും സത്യങ്ങളിലും എത്തിച്ചേരുന്നതിനായി ഗണിതത്തിന്റെ രീതികളും സിദ്ധാന്തങ്ങളും ധാരണകളുമാണ് പ്രയോഗിക്കുന്നത്. വിവിധ ശാസ്ത്രശാഖകളിൽ ഗണിതക്രിയകളുടെയും സിദ്ധാന്തങ്ങളുടെയും ധാരണകളുടെയും പ്രയോഗവും പ്രയോഗസാദ്ധ്യതകളും ഭൗതികലോകത്തിന്റെ വസ്തുനിഷ്ഠക്രമത്തെയാണ് വ്യക്തമായും പുറത്തുകൊണ്ടുവരുന്നത്. അങ്ങനെ പദാർത്ഥത്തിന്റെ ഗണിതശാസ്ത്രപരമായ പ്രത്യേകതകൾ, അഥവാ പൊതുവായ ക്രമം വെളിപ്പെടുത്തുന്നു. ഗണിതശാസ്ത്രത്തിന്റെ ധർമം, പദാർത്ഥത്തിന്റെ പ്രത്യേകതകളെയും അതിന്റെ നിയമങ്ങളെയും മൂർത്തമായ സവിശേഷതകൾ ഒഴിവാക്കി പഠിക്കുക എന്നതാണ്. അതിനാൽ, ഗണിതശാസ്ത്രവും ഒരു ശാസ്ത്രം തന്നെയാണ്.

(ശേഷം അടുത്ത ലക്കത്തിൽ)




**അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന ആലപ്പുഴ ജില്ലാ സമ്മേളനം സംസ്ഥാന സെക്രട്ടറി സഖാവ് കെ.എം.ബീവി ഉദ്ഘാടനം ചെയ്യുന്നു**

# ക്യാമ്പസുകളെ ജനാധിപത്യവൽക്കരിക്കാനുള്ള പോരാട്ടവുമായി കോളേജ് യൂണിയൻ ഇലക്ഷനിൽ എഐഡിഎസ്ഒ

**ഈ** അക്കാദമിക വർഷാരംഭംമുതൽ കേരളത്തിലെ കലാലയങ്ങളിൽ നിലനിൽക്കുന്ന ഏകാധിപത്യ പ്രവണതകളും അക്രമരാഷ്ട്രീയവും വീണ്ടും സജീവമായ ചർച്ചയായിരുന്നു. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ ഡിഗ്രി വിദ്യാർത്ഥിനിയുടെ ആത്മഹത്യാശ്രമമാണ് ഈ ചർച്ചയ്ക്ക് തുടക്കം കുറിച്ചത്. എസ്എഫ്ഐ സൃഷ്ടിക്കുന്ന ഭീകാരന്തരീക്ഷവും മാനസിക പിരിമുറുക്കവും മൂലം പഠിക്കാൻ സാധിക്കുന്നില്ലെന്നും ഭാവിയില്ലാതാകുകയാണെന്നുമെഴുതി വെച്ചാണ് ആ വിദ്യാർത്ഥിനി കാമ്പസിനകത്തുവെച്ചുതന്നെ ജീവനൊടുക്കാൻ ശ്രമിച്ചത്. എസ്എഫ്ഐയും സിപിഐ(എം)ഉം ഒറ്റപ്പെട്ട സംഭവമെന്ന് വിളിച്ച് വിദ്യാർത്ഥിനിയുയർത്തിയ ആരോപണങ്ങളും അതേത്തുടർന്നുണ്ടായ പ്രതിഷേധവും അവഗണിക്കുവാൻ ശ്രമിച്ചുവെങ്കിലും ഏറെ താമസിയാതെ അടുത്ത പൊട്ടിത്തെറി യൂണിവേഴ്സിറ്റി കോളെജിൽനിന്നുതന്നെയുണ്ടായി.

സ്വന്തം പ്രവർത്തകന്റെതന്നെ നെഞ്ചത്തു കുത്തി, കാമ്പസിലെ വിമതശബ്ദം ഒതുക്കാൻ തുടങ്ങിയ എസ്എഫ്ഐ യൂണിവേഴ്സിറ്റി കോളേജ് നേതൃത്വത്തിനെതിരെ കലാലയമൊന്നാകെ പൊട്ടിത്തെറിച്ചു. പിന്നീടങ്ങോട്ട് പുറത്തുവന്നത് വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ മുഖംമൂടിയണിഞ്ഞ ക്രിമിനൽ സംഘത്തിന്റെ ഞെട്ടിപ്പിക്കുന്ന കഥകളായിരുന്നു. യൂണിവേഴ്സിറ്റി കോളേജ് യൂണിറ്റിന്റെമാത്രം പ്രശ്നമെന്ന് ആരോപിച്ച് എസ്എഫ്ഐ നേതൃത്വവും സിപിഐ(എം) രാഷ്ട്രീയ നേതൃത്വവും കൈകഴുകാൻ നോക്കിയെങ്കിലും കലാലയത്തിന്റെ പരിധിയും കടന്ന് യൂണിവേഴ്സിറ്റിയും കേരള പിഎസ്സിയുംവരെ എത്തിനിൽക്കുന്ന ക്രിമിനൽ പ്രവർത്തനങ്ങൾ പുറത്തുവന്നു.

ഇതേ സമയത്തുതന്നെ, തങ്ങൾ നിശ്ചയിച്ച പരിപാടികളിൽ പങ്കെടുക്കാത്ത വിദ്യാർത്ഥിനികളെ ഭീഷണിപ്പെടുത്തുന്ന എസ്എഫ്ഐ തിരുവനന്തപുരം ആർട്സ് കോളേജ് നേതാക്കന്മാരുടെ ശബ്ദരേഖയും പുറത്തുവന്നു. യൂണിവേഴ്സിറ്റി കോളേജ് സംഭവങ്ങളുടെ പശ്ചാത്തലത്തിൽ രൂപംകൊണ്ട, ജസ്റ്റിസ് ഷംസുദ്ദീൻ നേതൃത്വം കൊടുത്ത ജനകീയ ജുഡീഷ്യൽ കമ്മീഷൻ റിപ്പോർട്ടും ഇക്കാലയളവിൽ പുറത്തുവന്നു. കേരളത്തിലെ നിരവധി കലാലയങ്ങൾ എസ്എഫ്ഐപോലെയുള്ള പ്രസ്ഥാനങ്ങൾ കൈയ്യൂക്കിന്റെ ബലത്തിൽ നിശബ്ദമാക്കിയിരിക്കയാണെന്ന വസ്തുത ഈ കമ്മീഷൻ പുറത്തുകൊണ്ടുവന്നു. അവശേഷിക്കുന്ന ജനാധിപത്യ-മതേതര മൂല്യങ്ങളെയെല്ലാം ഇല്ലാതാക്കുവാൻ ദേശീയ വിദ്യാഭ്യാസ നയവും ഖാദർ കമ്മീഷൻ റിപ്പോർട്ടും വർഗ്ഗീയവൽക്കരണവുമെല്ലാം വിദ്യാഭ്യാസമേഖലയെ അടിമുടി പ്രതിസന്ധിഗ്രസ്തമാക്കിക്കൊണ്ടിരിക്കുന്ന ഇക്കാലയളവിൽ കലാലയങ്ങളിൽ ജനാധിപത്യം പുനഃസ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ടത് ഇടതുപക്ഷ വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ ഉത്തരവാദിത്വമാണ്.

വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ മഹത്വം ഉയർത്തിപ്പിടിച്ചുകൊണ്ട് ആരോഗ്യകരമായ രാഷ്ട്രീയാന്തരീക്ഷം എങ്ങനെ സ്ഥാപിക്കാമെന്ന മാതൃക കാണിച്ചുകൊണ്ട് ചരിത്രപരമായ ഒരു കാമ്പസ് യൂണിയൻ തെരഞ്ഞെടുപ്പിൽ ഇക്കാലയളവിൽ എഐഡിഎസ്ഒ പങ്കെടുത്തു. തിരുവനന്തപുരം ആർട്സ് കോളേജിൽ നീണ്ട ഇരുപത്തിമൂന്നു വർഷങ്ങൾക്കു ശേഷം ജനാധിപത്യ പ്രക്രിയകൾക്ക് തുടക്കം കുറിച്ചുകൊണ്ട് എഐഡിഎസ്ഒ പ്രവർത്തനമാരംഭിച്ചു. ഇവിടെ എസ്എഫ്ഐ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെടുകയാണ് പതിവ്. ഇതര സംഘടനാപ്രവർത്തകർ ഇവിടെയില്ലാത്തതല്ല കാരണം. മറിച്ച് മറ്റാർക്കും ശബ്ദിക്കാനാകാത്തവിധം ഈ കാമ്പസ് എസ്എഫ്ഐ അടക്കിവാഴുകയായിരുന്നു. എന്തിനെന്ന്പോലുമറിയാത്ത പരിപാടികളിൽ വിദ്യാർത്ഥികളെയൊന്നടങ്കം പങ്കെടുപ്പിക്കുന്നതിൽ തുടങ്ങി, എന്ത് വസ്ത്രം ധരിക്കണം, എത്ര മണിക്ക് കാമ്പസിൽ വരണം, എപ്പോൾ മടങ്ങിപ്പോകണം തുടങ്ങി വിദ്യാർത്ഥികളുടെ എല്ലാ കാര്യങ്ങളും എസ്എഫ്ഐയായിരുന്നു തീരുമാനിച്ചിരുന്നത്.

ലീവെടുക്കണമെങ്കിൽപോലും എസ്എഫ്ഐ നേതാക്കന്മാരുടെ സമക്ഷം അവധി അപേക്ഷ സമർപ്പിക്കണമായിരുന്നു. ഈ കാമ്പസിലാണ് എഐഡിഎസ്ഒ സംസ്ഥാന കൗൺസിലംഗവും രണ്ടാം വർഷ ബിഎസ്സി വിദ്യാർത്ഥിയുമായ ജെ.മീര ചെയർമാൻ സ്ഥാനത്തേക്ക് മത്സരിച്ചത്. പ്രവേശനം നേടിയ നാൾമുതൽ മീര തന്റെ രാഷ്ട്രീയനിലപാട് വ്യക്തമാക്കിക്കൊണ്ട് എസ്എഫ്ഐയുടെ ആധിപത്യത്തിനെതിരെ നിലകൊണ്ടിരുന്നു. എന്നാൽ മീരയെ കാമ്പസിൽ ഒറ്റപ്പെടുത്തിക്കൊണ്ടും സഹകരിക്കുന്നവരെ ഭീഷണിപ്പെടുത്തിക്കൊണ്ടും നിശബ്ദമാക്കാനുള്ള ശ്രമമാണ് എസ്എഫ്ഐ ആദ്യം നടത്തിയത്. പിന്നീട് എഐഡിഎസ്ഒയെ പരിചയപ്പെടുത്തിക്കൊണ്ട് നോട്ടീസ് വിതരണം നടത്തിയപ്പോൾ അവ പരസ്യമായി കത്തിക്കാനും എസ്എഫ്ഐ മടിച്ചില്ല. എന്നാൽ മീര പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയത്തിന്റെ വ്യതിരിക്തതയും മഹത്വവും തിരിച്ചറിഞ്ഞ ഒരു കൂട്ടം വിദ്യാർത്ഥികൾ ക്രമേണ മീരയ്ക്കൊപ്പം ചേർന്നു. ഇവ്വിധത്തിൽ ആർട്സ് കോളെജിൽ ജനാധിപത്യ അന്തരീക്ഷം പുനഃസ്ഥാപിക്കുന്ന സമരത്തിന്റെ ഭാഗമായി തെരഞ്ഞെടുപ്പിൽ എഐഡിഎസ്ഒ മത്സരിച്ചു. എസ്എഫ്ഐയ്ക്കെതിരായ ഏക സ്ഥാനാർത്ഥിയായിരുന്നു മീര. മീരയ്ക്ക് പിന്തുണ നൽകാനെത്തിയവരെ ഭീഷണിപ്പെടുത്തി പിന്തിരിപ്പിച്ചു എതിരില്ലാത്ത വിജയം നേടാനുള്ള എസ്എഫ്ഐയുടെ കുത്സിത ശ്രമത്തെ തകർത്തുകൊണ്ട് ഒരു ചെറിയ വിഭാഗം വിദ്യാർത്ഥിനികൾ എഐഡിഎസ്ഒയ്ക്കൊപ്പം അടിയുറച്ചു നിലകൊണ്ടു. ഒടുവിൽ, വിദ്യാർത്ഥിരാഷ്ട്രീയത്തിന്റെ മുനയൊടിക്കുവാൻ രൂപംകൊണ്ട 'ലിങ്ദോ കമ്മീഷ'ന്റെ പിന്തിരിപ്പൻ ശുപാർശകൾ പ്രകാരം നോട്ടീസ് വിതരണം നടത്താൻ പാടില്ലെന്നും എഐഡിഎസ്ഒ നോട്ടീസ് വിതരണം നടത്തിയെന്നുമാരോപിച്ച് മീരയുടെ സ്ഥാനാർത്ഥിത്വം അസാധുവാക്കാൻ എസ്എഫ്ഐ റിട്ടേണിംഗ് ഓഫീസർക്ക് പരാതി നൽകി. തങ്ങളുടെ സങ്കുചിത താത്പര്യങ്ങൾക്കായി, വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ കടയ്ക്കൽ കത്തിവെയ്ക്കുന്ന വില കുറഞ്ഞ തന്ത്രങ്ങളിറക്കാനും എസ്എഫ്ഐ മടിക്കില്ലെന്ന് ഒരിക്കൽകൂടി തെളിയിക്കുന്നതായിരുന്നു ഈ നടപടി. ഇതിനെല്ലാം മറുപടി നൽകിക്കൊണ്ട്, കാമ്പസ് ജനാധിപത്യത്തിന്റെ പുനഃസ്ഥാപനത്തിനായി എഐഡിഎസ്ഒ ഉയർത്തുന്ന മഹത്തായ രാഷ്ട്രീയസംസ്കാരത്തിന് പിന്തുണയേകി 170 വിദ്യാർത്ഥികൾ സഖാവ് മീരയ്ക്ക് വോട്ട് ചെയ്തു. 380 വോട്ടുകൾ നേടി സാങ്കേതികമായി തെരഞ്ഞെടുപ്പിൽ എസ്എഫ്ഐ ജയിച്ചെങ്കിലും കാൽ നൂറ്റാണ്ടായി ഗുണ്ടാരാജ് നിലനിന്നിരുന്ന കാമ്പസിന്റെ നിശബ്ദത തകർത്തെറിയുന്ന കരുത്തുറ്റ പ്രതിരോധനിരയ്ക്ക് രൂപംകൊടുക്കുക എന്ന ചരിത്രദൗത്യം എഐഡിഎസ്ഒ നിർവഹിച്ചു.

ഇതേ കാലയളവിൽതന്നെയാണ് ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ തുറവൂർ പ്രാദേശിക കേന്ദ്രത്തിൽ സമാനമായ ഒരു സമരം എഐഡിഎസ്ഒ ആലപ്പുഴ ജില്ലാ സെക്രട്ടറി വി.പി.വിദ്യ നടത്തിയത്. പ്രസ്തുത കാമ്പസിലെ ഒന്നാം വർഷ ചരിത്ര വിദ്യാർത്ഥിയായ വിദ്യ ഒക്ടോബർ 11ന് നടക്കാനിരിക്കുന്ന കാമ്പസ് യൂണിയൻ തെരഞ്ഞെടുപ്പിൽ ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് നോമിനേഷൻ നൽകി. മുൻകാലങ്ങളിൽ എസ്എഫ്ഐ എതിരില്ലാതെ വിജയിക്കുന്ന കാമ്പസാണിതും. ഇവിടെയും നോമിനേഷനിൽ പിന്തുണ നൽകാനെത്തിയവർ ഭീഷണികൾ നേരിടേണ്ടിവന്നു. എന്നാൽ ഭയത്തെ ജയിച്ച സഹപാഠികളുടെ പിന്തുണയോടെ വിദ്യ നോമിനേഷൻ നൽകിയെങ്കിലും എസ്എഫ്ഐയുടെ ഏകപക്ഷീയമായ വിജയം ഉറപ്പാക്കുവാൻ, വിദ്യയുടെ നോമിനേഷൻ തള്ളിയതായി സൂക്ഷ്മപരിശോധനയിൽ റിട്ടേണിംഗ് ഓഫീസർ അറിയിച്ചു. എന്നാൽ എസ്എഫ്ഐയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന ഉപജാപകസംഘമാണ് എഐഡിഎസ്ഒയുടെ നോമിനേഷൻ തള്ളിയതെന്ന് സ്ഥാപിക്കുന്ന തെളിവുകൾ ശേഖരിച്ചുകൊണ്ട് സർവ്വകലാശാല അധികൃതർക്ക് പരാതി സമർപ്പിക്കുകയും വിദ്യാർത്ഥികളുടെയും പൊതുസമൂഹത്തിന്റെയുമിടയിൽ പ്രചരണം നടത്തുകയും ചെയ്തു. കാമ്പസിൽ പുതുമുഖമായിരുന്നിട്ടും കൈയൂക്കിന്റെ ബലത്തിൽ ഇക്കാലമത്രയും കാമ്പസ് അടക്കിഭരിച്ചിരുന്നവർക്കെതിരെ സഖാവ് വിദ്യ സധൈര്യം നടത്തിയ പോരാട്ടം വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും അഭിനന്ദനങ്ങൾ നേടി. ഒടുവിൽ സഖാവ് വിദ്യയുടെ നോമിനേഷൻ സ്വീകരിക്കാനും തെരഞ്ഞെടുപ്പ് നടത്താനും സർവ്വകലാശാല തീരുമാനിച്ചു.

വർഷങ്ങളായി തെരഞ്ഞെടുപ്പ് പ്രക്രിയകളും മറ്റ് മനുഷ്യാവകാശങ്ങളും തടഞ്ഞിരുന്ന ക്യാമ്പസുകളിൽപോലും വിദ്യാർത്ഥികളുടെ ന്യായമായ അവകാശങ്ങൾ സ്ഥാപിച്ചുകൊണ്ടുള്ള ജനാധിപത്യ സമരങ്ങൾക്ക് മാതൃകയായാണ് മുഴുവൻ ക്യാമ്പസുകളിലും എഐഡിഎസ്ഒ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ നടത്തിയത്. ആൾക്കൂട്ടമല്ല, ആശയാടിത്തറയുള്ള ബോധപൂർവമായ ഇടപെടലുകളാണ് ആരോഗ്യകരമായ രാഷ്ട്രീയാന്തരീക്ഷം സൃഷ്ടിക്കുന്നത്. ഇരുൾമൂടിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സാമൂഹിക സാഹചര്യത്തിൽ, ഭയം ഊട്ടിയുറപ്പിക്കുകയല്ല, മറിച്ച് നിർഭയരായി അനീതിയെ ചോദ്യം ചെയ്യുവാൻ വിദ്യാർത്ഥികളെ സജ്ജമാക്കുന്നതാണ് ഇടതുപക്ഷ വിദ്യാർത്ഥിരാഷ്ട്രീയത്തിന്റെ ഉത്തരവാദിത്വം എന്നുകൂടി സ്ഥാപിക്കുന്നതായിരുന്നു എഐഡിഎസ്ഒ നടത്തിയ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ. ■



# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി വർക്കേഴ്സ് യൂണിയൻ കാസർഗോഡ് ജില്ലാകമ്മിറ്റി രൂപീകരിച്ചു

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി വർക്കേഴ്സ് യൂണിയന്റെയും (കെഎസ്ഇഡബ്ല്യുയു) കെഎസ്ഇബി-പെറ്റികോൺട്രാക്റ്റേഴ്സ് ആൻറ് കോൺട്രാക്റ്റ് ലൈൻ വർക്കേഴ്സ് യൂണിയന്റെയും(കെഎസ്ഇബി-പിസിസിഎൽഡബ്ല്യുയു) സംയുക്ത യോഗം സെപ്തംബർ 29ന് കാസർഗോഡ് സ്പീഡ് വേ ആഡിറ്റോറിയത്തിൽ നടന്നു.



സഖാവ് എസ്.സീതിലാൽ യോഗം ഉദ്ഘാടനം ചെയ്യുന്നു. സഖാക്കൾ മുഹമ്മദ് റഫീഖ്, വി.കെ സദാനന്ദൻ, അനൂപ് ജോൺ എന്നിവർ വേദിയൽ

യോഗത്തിൽ കെഎസ്ഇബി-പിസിസി ലൈൻ വർക്കേഴ്സ് യൂണിയൻ പുനഃസംഘടിപ്പിച്ചു. മുഹമ്മദ് റഫീഖ്(ജില്ലാ പ്രസിഡന്റ്), എസ്.ഹാരിഷ്, കെ.ജഗന്നാഥ(വൈസ് പ്രസിഡന്റുമാർ), അനൂപ് ജോൺ (സെക്രട്ടറി), എം.മൊഹമ്മദ് അലി, കെ.വിദ്യ(ജോയിന്റ് സെക്രട്ടറിമാർ), ബി.ജയന്ത് നായ്ക്, വൈ.രാമ, എ. ലക്ഷ്മണ, ഡി. അശോക, വൈ.ആനന്ദ(എക്സിക്യൂട്ടീവ് കമ്മിറ്റിയംഗങ്ങൾ) എന്നിവരുൾപ്പെട്ട 11അംഗ കമ്മിറ്റി തിരഞ്ഞെടുക്കപ്പെട്ടു.

കെഎസ്ഇ വർക്കേഴ്സ് യൂണിയന്റെ ഭാരവാഹികളായി, എം.രാജു(പ്രസിഡന്റ്), സി.എച്ച്.ഉദയാ, പി.കമലാക്ഷ നായ്ക് (വൈസ് പ്രസിഡന്റുമാർ), അനൂപ് ജോൺ (സെക്രട്ടറി), കെ.ജഗദീഷ, എം.അബ്ദുല്ല (ജോയിന്റ് സെക്രട്ടറിമാർ), കെ.ജഗദീഷ കൃഷ്ണ (ട്രഷറർ), അബ്ദുൾ അസീസ്, പി.നാഗേഷ്(എക്സിക്യൂട്ടീവ് കമ്മിറ്റിയംഗങ്ങൾ) എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

സംസ്ഥാന ജനറൽ സെക്രട്ടറി എസ്.സീതിലാൽ യോഗം ഉദ്ഘാടനം ചെയ്തു. സഖാക്കൾ മുഹമ്മദ് റഫീഖ്, വി.കെ സദാനന്ദൻ (കെഎസ്ഇബി-പിസിസി ലൈൻ വർക്കേഴ്സ് യൂണിയൻ സംസ്ഥാന പ്രസിഡന്റ്), അനൂപ് ജോൺ (ജില്ലാ സെക്രട്ടറി) എന്നിവർ പ്രസംഗിച്ചു. ■

# കെഎസ്ഇബി തൊഴിലാളികളുടെ ആലപ്പുഴ ജില്ലാകൺവൻഷൻ

കെഎസ്ഇബിയിൽ വർഷങ്ങളായി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന കരാർ തൊഴിലാളികളെ 2004-ലെ ഇൻഡസ്ട്രീയൽ ട്രിബ്യൂണലിന്റെ വിധി പ്രകാരം സ്ഥിരപ്പെടുത്തിയ നടപടി ചരിത്രവിജയമാണെന്ന് കെഎസ്ഇബി വർക്കേഴ്സ് യൂണിയൻ സംസ്ഥാന ജനറൽ സെക്രട്ടറി എസ്. സീതിലാൽ അഭിപ്രായപ്പെട്ടു. സ്ഥിരം ജീവനക്കാരുടെ സംഘടനയായ ഇലക്ട്രിസിറ്റി വർക്കേഴ്സ് യൂണിയന്റെയും കരാർ തൊഴിലാളി സംഘടനയായ കെഎസ്ഇബി-പിസിസി ലൈൻ വർക്കേഴ്സ് യൂണിയന്റെയും സംയുക്ത ജില്ലാതല കൺവൻഷൻ ആലപ്പുഴ നരസിംഹപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. 2004ലെ ട്രിബ്യൂണൽ വിധിയെ തുടർന്ന് തൊഴിലാളികൾ നടത്തിയ ശക്തമായ സമരത്തിന്റെയും സുപ്രീംകോടതി വരെയുള്ള നിയമപോരാട്ടത്തിന്റെയും ഫലമായിട്ടാണ് ഈ നിയമനം നടന്നതെന്നും അദ്ദേഹം പറഞ്ഞു. കെഎസ്ഇബി-പിസിസി ലൈൻ വർക്കേഴ്സ് യൂണിയന്റെ ജില്ലാ പ്രസിഡന്റ് പി.ആർ. സതീശൻ അദ്ധ്യക്ഷത വഹിച്ചു.

കെഎസ്ഇബി വർക്കേഴ്സ് യൂണിയന്റെ ജില്ലാ ഭാരവാഹികളായി ആർ.വിജയകുമാർ(പ്രസിഡന്റ്), ആർ.വേണുഗോപാൽ(സെക്രട്ടറി), സി.ജെ.വർഗ്ഗീസ്, ടി.രാജു(വൈസ് പ്രസിഡന്റുമാർ) എന്നിവർ അടങ്ങുന്ന 35 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയെയും തെരഞ്ഞെടുത്തു.

കരാർ തൊഴിലാളികളുടെ സംഘടന കെഎസ്ഇബി-പിസിസി ലൈൻ വർക്കേഴ്സ് യൂണിയൻ പുനഃസംഘടിപ്പിച്ചു. പി.ആർ.സതീശൻ പ്രസിഡന്റും, അനിൽ പ്രസാദ് സെക്രട്ടറിയും, വി.ലാലൻ, ജി.സുദർശനൻ, രാജീവ് കുമാർ എന്നിവർ വൈസ് പ്രസിഡന്റുമാരുമായി കമ്മിറ്റി നിലവിൽവന്നു. ■

# കരട് ദേശീയ വിദ്യാഭ്യാസ നയത്തിനെതിരെ പ്രതിഷേധ യോഗം

എഐഡിഎസ്ഒ നവംബർ 26 മുതൽ 29 വരെ ഹൈദരാബാദിൽ സംഘടിപ്പിക്കുന്ന ഒമ്പതാമത് അഖിലേന്ത്യാ വിദ്യാർത്ഥി സമ്മേളനത്തിനോട് അനുബന്ധിച്ച്, കരട് ദേശീയ വിദ്യാഭ്യാസനയത്തിനെതിരെ(2019) ദേശീയ തലത്തിൽ നടക്കുന്ന പ്രതിഷേധ പരിപാടികളുടെ ഭാഗമായി, എറണാകുളം മേനക ജംഗ്ഷനിൽ പ്രതിഷേധ യോഗം സംഘടിപ്പിച്ചു. എഐഡിഎസ്ഒ സംസ്ഥാന ട്രഷറർ അഡ്വ. ആർ.അപർണ്ണ യോഗം ഉദ്ഘാടനം ചെയ്തു.

ജില്ലാ പ്രസിഡന്റ് നിഖിൽ സജി തോമസ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ എഐഡിവൈഒ ജില്ലാ സെക്രട്ടറി കെ.പി.സാൽവിൻ, എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം അകിൽ മുരളി, ജില്ലാ വൈസ് പ്രസിഡന്റ് ആഷ്ന തമ്പി, ജില്ലാ ജോയിന്റ് സെക്രട്ടറി നിള മോഹൻകുമാർ, ജില്ലാ ട്രഷറർ നിക്സിൻ സജി തുടങ്ങിയവർ പ്രസംഗിച്ചു.

ജില്ലാ സെക്രട്ടറി നിലീന മോഹൻകുമാർ സ്വാഗതവും, ജില്ലാ ജോയിന്റ് സെക്രട്ടറി ശരത് ഷാൻ നന്ദിയും പറഞ്ഞു. ■




എറണാകുളം മേനക ജംഗ്ഷനിൽ നടന്ന പ്രതിഷേധ യോഗം എഐഡിഎസ്ഒ സംസ്ഥാന ട്രഷറർ അഡ്വ.ആർ. അപർണ്ണ ഉദ്ഘാടനം ചെയ്യുന്നു. നിഖിൽ സജി തോമസ്, കെ.പി.സാൽവിൻ, അകിൽ മുരളി, നിലീന മോഹൻകുമാർ, ആഷ്ന തമ്പി തുടങ്ങിയവർ വേദിയിൽ

# മത്സ്യബന്ധന തൊഴിലാളി യൂണിയൻ അരൂർ മേഖലാ സമ്മേളനം

കേരള മത്സ്യബന്ധന തൊഴിലാളി യൂണിയന്റെ അരൂർ മേഖലാ സമ്മേളനം എഴുപുന്ന ചീക്കുട്ടി മാസ്റ്റർ ഓഡിറ്റോറിയത്തിൽ നടന്നു. പ്രമുഖ കൃഷി ശാസ്ത്രജ്ഞനും തോട്ടപ്പള്ളി നെൽകൃഷി ഗവേഷണ കേന്ദ്രത്തിന്റെ ഡയറക്ടറുമായ ഡോ.കെജി.പത്മകുമാർ മുഖ്യ പ്രഭാഷണം നടത്തി. ഉൾനാടൻ ജലാശയങ്ങളിലും പൊക്കാളി നിലങ്ങളിലും മത്സ്യബന്ധനം നടത്തുന്ന തൊഴിലാളികൾ തൊഴിലിടങ്ങൾ സംരക്ഷിക്കുവാൻ ജാഗ്രതയോടെ നിലകൊള്ളണമെന്ന് അദ്ദേഹം പറഞ്ഞു.

ആഗോളതാപനത്തിന്റെ ആക്കം വർദ്ധിച്ചുവരുകയാണ്. ഇതിന്റെ പ്രത്യാഘാതങ്ങൾ അനുഭവിക്കേണ്ടിവരുന്നത് താഴേക്കിടയിൽ അധ്വാനിച്ച് ജീവിക്കുന്ന തൊഴിലാളികളാണ്. ആയതിനാൽ 'ക്ലൈമറ്റ് സ്ട്രൈക്കി'ൽ പൊതുസമൂഹത്തോടൊപ്പം മത്സ്യതൊഴിലാളികളും അണിനിരക്കണമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

പട്ടണക്കാട് ബ്ലോക്കിന് കീഴിലുള്ള പാടശേഖരങ്ങളിൽ പരിസ്ഥിതി സൗഹൃദമായ പൊക്കാളി കൃഷി ഇല്ലാതാകുകയും വർഷംമുഴുവനും ചെമ്മീൻകൃഷി വ്യാപകമാകുകയും ചെയ്യുന്ന പ്രവണതയാണ് ഇന്ന് കണ്ടുവരുന്നത്. ഇത് പരമ്പരാഗത ഉൾനാടൻ മത്സ്യബന്ധന തൊഴിലാളികളുടെ തൊഴിൽ ഇല്ലാതാക്കുന്നതോടൊപ്പം ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങളിലേയ്ക്ക് നാടിനെ കൊണ്ടെത്തിക്കുമെന്നും സമ്മേളനം ഉദ്ഘാടനം ചെയ്ത പൊക്കാളി സംരക്ഷണ സമിതി ജനറൽ കൺവീനർ പ്രൊഫ.ഫ്രാൻസിസ് കളത്തുങ്കൽ അഭിപ്രായപ്പെട്ടു.




പ്രൊഫ.ഫ്രാൻസിസ് കളത്തുങ്കൽ സമ്മേളനം ഉദ്ഘാടനം ചെയ്യുന്നു

കെ.പ്രതാപന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ എഐയുടിയുസി ജില്ലാ പ്രസിഡന്റ് കെ.ആർ.ശശി, ജില്ലാ സെക്രട്ടറി പി.ആർ.സതീശൻ, എൻ.കെ.ശശികുമാർ, പി.എ.മാനുവൽ, സി.എം.മുരളി, പി.എൻ.രമണൻ, സി.കെ.തിലകൻ, കെ.പി.സുബൈദ തുടങ്ങിയവർ പ്രസംഗിച്ചു.

കെ.പ്രതാപൻ പ്രസിഡന്റും സി.എം.മുരളി വർക്കിംഗ് പ്രസിഡന്റും സി.വി.അനിൽകുമാർ സെക്രട്ടറിയുമായി പത്തംഗ എക്സിക്യൂട്ടീവ് കമ്മിറ്റി ഉൾപ്പെടുന്ന അരൂർ മേഖലാ കമ്മിറ്റിയെ സമ്മേളനം തെരഞ്ഞെടുത്തു. ■



ജനാധിപത്യ അവകാശ ധ്വംസനത്തിനെതിരെ യുണൈറ്റഡ് നഴ്സസ് അസോസിയേഷൻ(യുഎൻഎ) തൃശൂരിൽ സംഘടിപ്പിച്ച പ്രതിഷേധ യോഗം എഐഡിവൈഒ സംസ്ഥാന സെക്രട്ടറി സഖാവ് ഇ.വി.പ്രകാശ് ഉദ്ഘാടനം ചെയ്യുന്നു

Date of publishing 01/10/2019
REGISTERED. R.N. 24773/1992
P.R.No. KL/TV(N)/452/2018-20

UNITY MALAYALAM MONTHLY

October 2019
Vol.46 No.7
Price : Rs 5.00




എഐഡിവൈഒ ആലപ്പുഴ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന കളക്ട്രേറ്റ് മാർച്ച് എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് എസ്.സീതിലാൽ ഉദ്ഘാടനം ചെയ്യുന്നു

## തൊഴിൽവാഗ്ദാന ലംഘനങ്ങൾക്കെതിരെ യുവജനങ്ങളുടെ കളക്ട്രേറ്റ് മാർച്ച്

**കേ**ന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തൊഴിൽ വാഗ്ദാന ലംഘനങ്ങൾക്കും സ്ഥിരം തൊഴിൽ ഇല്ലാതാക്കുന്നതിനുമെതിരെ എഐഡിവൈഒ ആലപ്പുഴ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കളക്ട്രേറ്റ് മാർച്ച് നടത്തി.

എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി സഖാവ് എസ്.സീതിലാൽ ഉദ്ഘാടനം ചെയ്തു. എഐഡിവൈഒ സംസ്ഥാന സെക്രട്ടറി ഇ.വി.പ്രകാശ് മുഖ്യപ്രസംഗം നടത്തി.

ടി.ആർ.രാജിമോൾ, ജില്ലാ പ്രസിഡന്റ് കെ.ബിമൽജി എന്നിവർ പ്രസംഗിച്ചു. ജില്ലാ സെക്രട്ടറി മൈനാ ഗോപിനാഥ് അദ്ധ്യക്ഷത വഹിച്ചു. ■

# എഐഡിഎസ്ഒ ജില്ലാ സമ്മേളനങ്ങൾ

### എറണാകുളം

**അ**ഖിലേന്ത്യാ ഡെമോക്രാറ്റിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ (എഐഡിഎസ്ഒ) പത്താമത് എറണാകുളം ജില്ലാ സമ്മേളനം സെപ്റ്റംബർ 28, 29 തീയതികളിൽ എറണാകുളത്ത് അയ്യപ്പൻകാവ് സെന്ററിൽ നടന്നു. സംസ്ഥാന ട്രഷറർ അഡ്വ.ആർ.അപർണ്ണ പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്തു. ആധുനിക മനുഷ്യനെ സൃഷ്ടിക്കുക എന്ന വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ലക്ഷ്യത്തിൽനിന്ന് മാറി, മുതലാളിമാർക്കുവേണ്ടി പണിശാലകളിൽ പണിയെടുക്കുന്ന യന്ത്രങ്ങളെ സൃഷ്ടിക്കാനാണ് കരട് ദേശീയ വിദ്യാഭാസനയത്തിലൂടെ കേന്ദ്ര സർക്കാർ ലക്ഷ്യം വയ്ക്കുന്നതെന്ന് അപർണ്ണ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.

ജില്ലാ പ്രസിഡന്റ് നിഖിൽ സജി തോമസ് അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി ടി.കെ.സുധീർകുമാർ മുഖ്യപ്രസംഗം നടത്തി, എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം അകിൽ മുരളി, അഖിലേന്ത്യാ സേവ് എഡ്യൂക്കേഷൻ കമ്മിറ്റി ജില്ലാ കമ്മിറ്റിയംഗം എ.റജീന തുടങ്ങിയവർ പ്രസംഗിച്ചു. തുടർന്ന് നടന്ന സെഷനുകളിൽ വിവിധ വിഷയങ്ങളെ അധികരിച്ചുള്ള 9 പ്രമേയങ്ങൾ സമ്മേളനം ചർച്ച ചെയ്ത് പാസാക്കി.

നിഖിൽ സജി തോമസ് (ജില്ലാ പ്രസിഡന്റ്), ആനന്ദ് എസ്.ലാൽ, ആഷ്ന തമ്പി, ശരത് ഷാൻ (വൈസ് പ്രസിഡന്റുമാർ), നിലീന മോഹൻകുമാർ (സെക്രട്ടറി), നിള മോഹൻകുമാർ, നിക്സിൻ സജി, വിവേക് അഗസ്തി(ജോയിന്റ് സെക്രട്ടറിമാർ), അനുപമ കൃഷ്ണൻകുട്ടി, എം.ആദർശ്, അമൽ ഗോവിന്ദ് (എക്സിക്യൂട്ടിവ് കമ്മിറ്റി അംഗങ്ങൾ) എന്നിവരടങ്ങിയ 16 അംഗ ജില്ലാ കൗൺസിലിനെയും സമ്മേളനം തിരഞ്ഞെടുത്തു. നവംബർ 26 മുതൽ 29 വരെ ഹൈദരാബാദിൽവച്ച് നടക്കുന്ന ഒമ്പതാമത് അഖിലേന്ത്യാ വിദ്യാർത്ഥി സമ്മേളനത്തിൽ ജില്ലയിൽനിന്ന് 50 പ്രതിനിധികളെ പങ്കെടുപ്പിക്കാൻ സമ്മേളനം തീരുമാനിച്ചു. ■




എറണാകുളം ജില്ലാ സമ്മേളനത്തിൽ അകിൽ മുരളി പ്രസംഗിക്കുന്നു. നിലീന മോഹൻകുമാർ, എ.റജീന, ടി.കെ.സുധീർകുമാർ, ആർ.അപർണ, നിഖിൽ സജി തോമസ് എന്നിവർ വേദിയിൽ



പി.കെ.പ്രഭാഷ് കോട്ടയം ജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്യുന്നു. മിനി കെ.ഫിലിപ്പ്, എം.കെ.ഷഹസാദ്, ആർ.മീനാക്ഷി എന്നിവർ വേദിയിൽ

### കോട്ടയം

**5**-ാമത് കോട്ടയം ജില്ലാ വിദ്യാർത്ഥി സമ്മേളനം സെപ്തംബർ 22ന് കോട്ടയം വയസ്കരയിലെ ജി.എസ്.പത്മകുമാർ ഭവനിൽ നടന്നു. എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി സഖാവ് പി.കെ.പ്രഭാഷ് പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്തു. കലാലയങ്ങളിലെ അക്രമരാഷ്ട്രീയത്തിനും വർഗ്ഗീയവൽക്കരണത്തിനും വിദ്യാഭ്യാസ കച്ചവടത്തിനുമെതിരെ വിദ്യാർത്ഥികളുടെ ഐക്യം വളർത്തിയെടുക്കുവാൻ സമ്മേളനം വിദ്യാർത്ഥികളോട് ആഹ്വാനം ചെയ്തു. കപടശാസ്ത്ര പ്രചാരണങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരെയും, കലാലയങ്ങളിലെ അക്രമരാഷ്ട്രീയത്തിനെതിരെയുമുള്ള പ്രമേയങ്ങൾ സമ്മേളനം പാസ്സാക്കി.

ആർ.മീനാക്ഷി(പ്രസിഡന്റ്), ജി.എസ്.ശാലിനി (സെക്രട്ടറി), റലേഷ് ചന്ദ്രൻ(വൈസ് പ്രസിഡന്റ്), എസ്.അനന്തഗോപാൽ, പ്രതീഷ് ജയിംസ്(ജോ.സെക്രട്ടറി), എസ്.ആമി(ട്രഷറർ) എന്നിവരടങ്ങുന്ന 18 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയും 20 അംഗ ജില്ലാ കൗൺസിലും സമ്മേളനം തിരഞ്ഞെടുത്തു. ■

## സേവ് കേരളാ കാമ്പയിൻ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കണ്ണൂർ കളക്ട്രേറ്റിലേക്ക് മാർച്ചും ധർണയും

**സേ**വ് കേരള ക്യാമ്പയിൻ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 18ന് കണ്ണൂർ കളക്ട്രേറ്റിലേക്ക് ബഹുജന മാർച്ചും ധർണയും നടന്നു.

പ്രളയ ദുരന്തം നടന്നതും ദുരന്ത സാധ്യതയുള്ളതുമായ പ്രദേശങ്ങളിലെ മുഴുവൻ ഖനന പ്രവർത്തനങ്ങളും നിർത്തി വയ്ക്കുക, കരിങ്കൽ-ചെങ്കൽ- മണൽ തടങ്ങിയ ഖനന മേഖലകളുടെ പൂർണമായ നിയന്ത്രണം സർക്കാർ ഏറ്റെടുക്കുകയും വ്യക്തമായ മാനദണ്ഡം പാലിച്ചുകൊണ്ടുള്ള ഫലപ്രദമായ വിതരണ സംവിധാനം ആവിഷ്കരിക്കുകയും ചെയ്യുക, കേരളത്തിന്റെ ഭൂവിനിയോഗം സംബന്ധിച്ച് ശാസ്ത്രീയമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തുകയും അതിനനുസരിച്ച് കാർഷിക-വ്യവസായ നയങ്ങളിലും കെട്ടിട നിർമാണ ചട്ടങ്ങളിലും ഭേദഗതി വരുത്തുക, ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് ചർച്ച ചെയ്തു നടപ്പിലാക്കുക തുടങ്ങിയ പ്രധാന ഡിമാന്റുകൾ ഉന്നയിച്ചുകൊണ്ടാണ് നൂറുകണക്കിന് ആളുകൾ പങ്കെടുത്ത കളക്ടറേറ്റ് മാർച്ചും ധർണയും നടന്നത്.

സാമൂഹിക പ്രവർത്തക ദയാബായി മാർച്ച് ഉദ്ഘാടനം ചെയ്തു. കവിയും സാമൂഹിക പ്രവർത്തകനുമായ ഉമേഷ് ബാബു, ക്യാമ്പയിൻ കമ്മിറ്റി വർക്കിങ് ചെയർമാനും പരിസ്ഥിതി-സാമൂഹിക പ്രവർത്തകനുമായ നോബിൾ എം.പൈകട, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി കെ.കെ.സുരേന്ദ്രൻ, സിപിഐ (എംഎൽ-റെഡ് സ്റ്റാർ) ജില്ലാ സെക്രട്ടറി വിനോദ് രാമന്തളി, റ്റി.പി.പദ്മനാഭൻ, കെ.സുനിൽകുമാർ എന്നിവർ മാർച്ചിനെ അഭിവാദ്യം ചെയ്തു സംസാരിച്ചു. ക്യാമ്പയിൻ കമ്മിറ്റി ചെയർമാൻ ഡോ.ഡി.സുരേന്ദ്രനാഥ് അദ്ധ്യക്ഷത വഹിച്ചു.

നിരവധി പരിസ്ഥിതി-സാമൂഹിക സംഘടനകളുടെയും ക്വാറി-വിരുദ്ധ സമര സമിതികളുടെയും നേതാക്കളും മാർച്ചിനെ അഭിവാദ്യം ചെയ്തു സംസാരിച്ചു. മാർച്ചിനെ തുടന്ന് ജില്ലാ കളക്ടർക്ക് നിവേദനവും സമർപ്പിച്ചു. ■



പ്രശസ്ത സാമൂഹിക പ്രവർത്തക ദയാബായി മാർച്ച് ഉദ്ഘാടനം ചെയ്യുന്നു. ഡോ.ഡി.സുരേന്ദ്രനാഥ് സമീപം

Edited, Printed & Published by V.Venugopal, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C). Printed at Cochin Printech Pvt Ltd, Kochi.